ജനകീയ ആസൂത്രണം

പള്ളിക്കൽ ഗ്രാമ പഞ്ചായത്ത്



സമഗ്ര വികസന രേഖ


പത്തനംതിട്ട ജില്ല
പള്ളിക്കൽ

33-1

ജനകീയ ആസൂത്രണം

പള്ളിക്കൽ ഗ്രാമ പഞ്ചായത്ത്



സമഗ്ര വികസന രേഖ

വികസന സെമിനാർ

1997 ജനുവരി 12 ഞായർ

പി.യു.എസ്.പി.എം. എച്ച്.എസ്സ്

പള്ളിക്കൽ

സ്വയം ശുദ്ധീകരിച്ച് ശക്തിനേടുക

ക്രോഡീകരണ കമ്മിറ്റി

പഴകുളം ആർ. കലേശൻ (കൺവീനർ)
ജി.പി. മധുസൂദനൻ നായർ
എം.ആർ. നാരായണനുണ്ണിത്താൻ
എസ്. ഭാസ്കരൻപിള്ള
പി. ചന്ദ്രനാഥൻ
വി. ആർ. അരവിന്ദാക്ഷനുണ്ണിത്താൻ
രാമകൃഷ്ണൻ നായർ
ജഗദീശൻ
രാജശേഖരൻ പിള്ള
കെ. പ്രസാദ്കുമാർ
ജി. ജോഗീന്ദർ
പി. താമരാക്ഷൻ
കെ. മോഹനൻ
വൈ. ജോർജ്ജ്
സന്തോഷ് ജോൺ
പഴകുളം രാധാകൃഷ്ണൻ

ജനകീയ ആസൂത്രണം

പള്ളിക്കൽ ഗ്രാമ പഞ്ചായത്ത്

വികസന സെമിനാർ

1997 ജനുവരി 12 ഞായർ

പി.യു.എസ്.പി.എം. എച്ച്.എസ്സ്.പള്ളിക്കൽ

അദ്ധ്യക്ഷൻ



ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ എം.എൽ.എ.

ഉത്ഘാടകൻ

ശ്രീ. പാലൊളി മുഹമ്മദുകുട്ടി
ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി

ജില്ലാ റിസോഴ്സ് പേഴ്സൺസ്

പഴകുളം. ആർ. കലേശൻ	പി. നരേന്ദ്രൻപിള്ള
വി.ആർ. അരവിന്ദാക്ഷനുണ്ണിത്താൻ	ആർ. അശോകൻ
എം. അബ്ദുൾ സലാം	രാജീവ്. ജെ. ആർ
ജി. ജോഗിന്ദർ	ബോസ്. ഇ.കെ.
ബാലചന്ദ്രൻ. എൻ	ശ്രീലത

പഞ്ചായത്ത് റിസോഴ്സ് പേഴ്സൺമാർ

മാത്യു	കെ.എൻ. ഭാർഗ്ഗവൻപിള്ള
ചന്ദ്രനാഥനാചാരി	ജി. രാഘവൻനായർ
തുളസീധരക്കുറുപ്പ്	വി. ഭാർഗവൻപിള്ള
ചെല്ലപ്പൻപിള്ള	രവീന്ദ്രനാഥക്കുറുപ്പ്
കെ. ചെല്ലപ്പൻപിള്ള	സി. പൊടിയൻ
ആർ. രാഘവൻപിള്ള	കൃഷ്ണൻകുട്ടി നായർ
ഇ.എൻ. വാസുദേവൻ	മാത്യു
രാമചന്ദ്രൻ ഉണ്ണിത്താൻ	ആദിച്ചൻ
രാമചന്ദ്രൻ നായർ	പ്രസന്നൻ
മുരളി. പി.	അനിരുദ്ധൻ
ശശിധരൻ നായർ	പഴകുളം രാധാകൃഷ്ണൻ
കെ.പി. വാസുദേവൻ നായർ	ബാലകൃഷ്ണക്കുറുപ്പ്
ഹരിദാസൻ. സി.	ലീലാമണി
വിജയകുമാരൻ നായർ	പി. താമരാക്ഷൻ
കെ.ജി. ജഗദീശൻ	പുഷ്പരാജൻ
ശിവരാജൻ	കെ. മോഹനൻ
പ്രസാദ് കുമാർ	മധു
ശിവൻകുട്ടി നായർ. കെ.	നാരായണൻ
വി. രാജേന്ദ്രക്കുറുപ്പ്	സുധീർ
കെ. ഹരികുമാർ	സി.എം. ജോൺ
കമറുദ്ദീൻ	എം. കൃഷ്ണകുമാർ
പ്രസാദ്	പി.സി. പിള്ള
ബൈജുദ്ദീൻ	ശിവൻകുട്ടി
റെജി	കരുണാകരൻപിള്ള
എം.എം. സാഹിബ്	രതീഷ്
പി.എസ്. റഹീം	ജി.പി. മധുസൂദനൻ നായർ
എൻ. ഭാസ്ക്കരൻപിള്ള	ദിവാകരൻ
വൈ. ജോർജ്ജ്	ഗോപിനാഥൻപിള്ള
റ്റി.എസ്സ്. സഹദേവൻ	ഗോപാലൻനായർ
കെ.യു. രാഘവൻനായർ	ശ്രീകുമാർ
രാധാകൃഷ്ണപിള്ള	രാമകൃഷ്ണൻനായർ

പള്ളിക്കൽ ഗ്രാമ പഞ്ചായത്ത്
ഭരണസമിതി

കുമാരി കെ.ബി. സുശീല
(പ്രസിഡന്റ്)



ശ്രീ. പള്ളിക്കൽ പ്രസന്നകുമാർ
(വൈസ് പ്രസിഡന്റ്)

ശ്രീ. പി. രാജൻപിള്ള
(സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ)

ശ്രീമതി. കുഞ്ഞുമോൾ കൊച്ചുപാപ്പി

ശ്രീ. പഴകുളം ശിവദാസൻ

കുമാരി. ബിന്ദു

ശ്രീ. എസ്. ഗംഗാധരക്കുറുപ്പ്



ശ്രീ. കെ. കൊച്ചുനാണു

ശ്രീമതി. റ്റി.കെ. ശ്യാമള

ശ്രീമതി. മേഴ്സി ജോർജ്ജ്

ശ്രീ. എം.എം. വർഗ്ഗീസ്

ശ്രീ. എ. അയ്യപ്പൻ

ശ്രീ. തോമസ് തരകൻ

ശ്രീ. കെ.എൻ ഹരിബാലൻ
(സെക്രട്ടറി)



എഡിറ്റോറിയൽ സ്റ്റാഫ്

കുമാരി. കെ.ബി. സുശീല ചീഫ് എഡിറ്റർ

ശ്രീ. പള്ളിക്കൽ പ്രസന്നകുമാർ

ശ്രീ. പഴകുളം സതീഷ്

ശ്രീ. പഴകുളം സുഭാഷ്

ശ്രീ. പഴകുളം ശിവദാസൻ

ശ്രീ. പി. രാജൻപിള്ള

ശ്രീ. പഴകുളം രാധാകൃഷ്ണൻ

കുഞ്ഞുമോൾ കൊച്ചുപാഷി

റ്റി.കെ. ശ്യാമള

കുമാരി ബിന്ദു

കെ. കൊച്ചുനാണു

കെ.എൻ. ഹരിബാലൻ

കീ റിസോഴ്സ് പേഴ്സൺ : പഴകുളം സതീശ്



പണി പുരോഗമിച്ചുകൊണ്ടിരിക്കുന്ന പള്ളിക്കൽ ഗ്രാമപഞ്ചായത്ത് മന്ദിരം

ഡി. ടി. പി. : ചിലങ്ക, പന്തളം. ഫോൺ : 0473-452781

ലേഔട്ട് : പഴകുളം ആർ കലേഷ്


പണിക്കൻ പഞ്ചായത്ത്
അതിരുകൾ
N
W
E
S
പാലമേൽ പഞ്ചായത്ത്
താമരക്കുളം പഞ്ചായത്ത്
പടനിലം തെക്കേക്കര പഞ്ചായത്ത്
അച്ചൻകോവിൽ
പണ്ട-പ്പെരു
പണിക്കൻ ഗ്രാമ പഞ്ചായത്ത്
കുറത്ത് പഞ്ചായത്ത്
പോത്തുവഴി പഞ്ചായത്ത്
കടുവനാട് പഞ്ചായത്ത്

ഉള്ളടക്കം

		പേജ്
1.	ആമുഖം	1
2.	പൊതുവിവരണം	3
3.	സാമൂഹിക സാംസ്കാരിക ചരിത്രം	5
4.	ഭൂപ്രകൃതി, ജനപ്രകൃതി, ജലപ്രകൃതി	8
5.	വികസനമേഖലകളുടെ അവലോകനം	14
5.1	പ്രാധമിക മേഖല	
	(A) കൃഷി	15
	(B) ജലസേചനം	26
	(C) മൃഗസംരക്ഷണം	37
	(D) മത്സ്യബന്ധനം	41
5.2	ദ്വതീയ മേഖല	
	(A) വ്യവസായം	42
	(B) ഗതാഗതം	47
	(C) ഊർജ്ജം	65
	(D) മാർക്കറ്റ്	72
	(E) പാർഷിടം	74
5.3	ത്രിതീയ മേഖല	68
	(A) വിദ്യാഭ്യാസം	77
	(B) കുടിവെള്ളം,	85
	(C) പൊതുജനാരോഗ്യം	89
	(D) സാമൂഹ്യക്ഷേമം	92
	(E) പട്ടികജാതി/പട്ടികവർഗ്ഗം	96
	(F) സഹകരണമേഖല	100
	(G) വനിതാരംഗം	107
	(H) സംസ്കാരം	112
	(I) വിഭവസമാഹരണം	117
6.	പഠനപര്യടനം	122
7.	ഉപസംഹാരം	124

പള്ളിക്കൽ ഗ്രാമപഞ്ചായത്ത്

സ്കൂൾ, ഓഫീസ്, മാർക്കറ്റ്, അംഗൻവാടി, ഫാക്ടറി



ആമുഖം

പത്തനംതിട്ട ജില്ലയിലെ വളരെ വിസ്തൃതമായ ഗ്രാമപഞ്ചായത്താണ് പള്ളിക്കൽ. പള്ളിക്കൽ, പെരിങ്ങിനാട് വില്ലേജുകളിലായി വ്യാപിച്ചു കിടക്കുന്ന താരതമ്യേന അവികസിതമായ പഞ്ചായത്താണിത്. എന്നാൽ മറ്റു പല പഞ്ചായത്തുകൾക്കുമില്ലാത്ത സാംസ്കാരിക പാരമ്പര്യം നമുക്ക് അവകാശപ്പെടാനുണ്ട്. ധന്യമായ ഈ സാമൂഹിക സാംസ്കാരിക ഭൂമിയിൽ നിന്നുകൊണ്ട് പരിമിതമായ വിഭവങ്ങൾ സമാഹരിച്ച് വികസനരംഗത്ത് ജനകീയ പങ്കാളിത്തത്തോടെയുള്ള ഒരു മുന്നേറ്റത്തിനാണ് നാം ശ്രമിക്കുന്നത്.

ഏറെ വിസ്തൃതിയും അതിനനുസരിച്ച ജനസംഖ്യയുമുള്ള പള്ളിക്കൽ പഞ്ചായത്ത് സാമ്പത്തികമായി വളരെ പിന്നോക്കമാണ്. സാധാരണക്കാർ തിങ്ങിവസിക്കുന്ന ഈ പഞ്ചായത്തിന് അതുകൊണ്ടു തന്നെ പ്രശ്നങ്ങൾ ഏറെയാണ്. അത് കണ്ടെത്തുന്നതിനും പരിഹരിക്കുന്നതിനുമുള്ള മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ രൂപരേഖയാണിത്.

പഞ്ചായത്തിന്റെ സമഗ്രമായ വികസനം സുസാദ്ധ്യമാകണമെങ്കിൽ വില്ലേജ് അടിസ്ഥാനത്തിൽ പഞ്ചായത്ത് വിഭജിക്കേണ്ടിയിരിക്കുന്നു. പെരിങ്ങനാട് വില്ലേജ് കേന്ദ്രമാക്കി ഒരു പുതിയ പഞ്ചായത്തുണ്ടാവുക, പെരിങ്ങനാട് നിവാസികളുടെ ചിരകാല സ്വപ്നമാണ്. ഈ പഞ്ചായത്തുകമ്മിറ്റിയുടെ പ്രഥമ യോഗത്തിൽ തന്നെ ഇത് സംബന്ധിച്ച് പ്രമേയം പാസ്സാക്കുകയും അതിനു വേണ്ടി ശ്രമങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. വൈകാതെ ഈ സ്വപ്നം സാക്ഷാൽക്കൃതമാകുമെന്ന് നമുക്കു പ്രതീക്ഷിക്കാം.

ഒൻപതാം പഞ്ചവത്സരപദ്ധതിയുടെ ഭാഗമായി ജനകീയ പങ്കാളിത്തത്തോടെ വികസനത്തിന്റെ പുതിയ പാത വെട്ടിത്തുറക്കുന്ന ഈ അവസരത്തിൽ, അഭിമാനത്തോടെ, ചാരിതാർത്ഥ്യത്തോടെ ഒരു കാര്യം അനുസ്മരിക്കട്ടെ.

സ്വന്തമായി ഓഫീസ് മന്ദിരമില്ലാതിരുന്ന പള്ളിക്കൽ പഞ്ചായത്തിന് മനോഹരമായ ഓഫീസ് മന്ദിരം നിർമ്മിച്ചുകൊണ്ടിരിക്കുന്നു. ഇപ്പോഴുള്ള വാടകക്കെട്ടിടത്തിനു സമീപം ഓഫീ

സിനു വേണ്ടി 12സെന്റ് സ്ഥലം, പരേതനായ പുത്തൻപുരയിൽ ബാലകൃഷ്ണനുണ്ണിത്താന്റെ സ്മരണക്കായി സൗജന്യമായി നൽകിയ അദ്ദേഹത്തിന്റെ മകൻ അനിലിനെ നന്ദിപൂർവ്വം സ്മരിക്കുന്നു. പഞ്ചായത്ത് നിവാസികൾക്ക് മുഴുവൻ ആഹ്ളാദമുണ്ടാക്കുന്ന ധീരമായ ചുവടുവെയ്പാണ് ഇക്കാര്യത്തിലുണ്ടായത്. ചെറുതും വലുതുമായ പല വികസനപദ്ധതികൾക്കും തുടക്കം കുറിക്കാനും ഈ പഞ്ചായത്ത് കമ്മിറ്റിക്ക് കഴിഞ്ഞിട്ടുണ്ട്.

അടുത്ത പഞ്ചവത്സരപദ്ധതിയിൽ ഉൾപ്പെടുത്തി പള്ളിക്കൽ ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കേണ്ട വികസനപ്രവർത്തനങ്ങളുടെ രൂപരേഖയാണ്, സജീവമായ ചർച്ചയ്ക്കും പരിഗണനയ്ക്കും വേണ്ടി ഇവിടെ സമർപ്പിക്കുന്നത്. ഈ വികസനരേഖ തയ്യാറാക്കുന്നതിൽ പഞ്ചായത്തിലെ രാഷ്ട്രീയസാംസ്കാരിക രംഗങ്ങളിൽ പ്രവർത്തിക്കുന്നവർ വഹിച്ച പങ്ക് ചില്ലറയല്ല. ജനകീയ ആസൂത്രണപദ്ധതിയുടെ വിജയത്തിന് കക്ഷിരാഷ്ട്രീയത്തിനതീതമായ സഹകരണം നൽകിയ ഓരോരുത്തരോടുമുള്ള നന്ദിയും കടപ്പാടും വാക്കുകളിൽ ഒതുക്കാവുന്നതല്ല. ഈ വികസനരേഖയുടെ അടിസ്ഥാനത്തിൽ പള്ളിക്കൽ പഞ്ചായത്തിന്റെ സമഗ്രവികസനത്തിന് നമുക്ക് ഒന്നിച്ചു നീങ്ങാം.

വിശ്വസ്തതയോടെ

കുമാരി. കെ.ബി. സുശീല
(പ്രസിഡന്റ്)

പള്ളിക്കൽ
26.12.1996

2

പഞ്ചായത്ത് പൊതുവിവരണം



OFFICE OF THE PALLICKAL GRAMAPANCHAYAT
PATHANAMTHITTA DIST.
KERALA STATE
PAZHAKULAM.P.O.



2

പഞ്ചായത്ത് പൊതുവിവരണം

പഞ്ചായത്തിന്റെ പേര്	:	പള്ളിക്കൽ ഗ്രാമപഞ്ചായത്ത്
ഉൾപ്പെടുന്ന വില്ലേജുകൾ	:	പള്ളിക്കൽ, പെരിങ്ങനാട്
ബ്ലോക്ക് പഞ്ചായത്ത്	:	പറക്കോട്
താലൂക്ക്	:	അടൂർ
അസംബ്ലിമണ്ഡലം	:	അടൂർ
വിസ്തീർണ്ണം	:	45.43 ചതുരശ്ര. കി.മീ
അതിരുകൾ	:	വടക്ക്: പാലമേൽ പഞ്ചായത്ത് പന്തളം തെക്കേക്കര പഞ്ചായത്ത് കിഴക്ക്: അടൂർ മുനിസിപ്പാലിറ്റി ഏറത്ത് പഞ്ചായത്ത് തെക്ക്: കടമ്പനാട്, പോരുവഴി പഞ്ചായത്തുകൾ പടിഞ്ഞാറ് : ശൂരനാട് വടക്ക്, താമരക്കുളം പഞ്ചായത്തുകൾ
ജനസംഖ്യ	:	38027
പുരുഷൻ	:	18348
സ്ത്രീ	:	19679
ജനസാന്ദ്രത	:	837
അക്ഷരാഭ്യാസമുള്ളവർ	:	30926
വാർഡുകൾ	:	14
പ്രസിഡന്റിന്റെ പേര്	:	കുമാരി കെ.ബി. സുശീല
വൈസ്പ്രസിഡന്റിന്റെ പേര്	:	പള്ളിക്കൽ പ്രസന്നകുമാർ
സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ	:	പി. രാജൻപിള്ള

3

സാമൂഹിക സാംസ്കാരിക ചരിത്രം



OFFICE OF THE PALLICKAL GRAMAPANCHAYAT
PATHANAMTHITTA DIST.
KERALA STATE
PAZHAKULAM.P.O.



3

സാമൂഹിക സാംസ്കാരിക ചരിത്രം

ഐതിഹ്യങ്ങളും ചരിത്രവസ്തുതകളും കെട്ടുപിണഞ്ഞുനു കിടക്കുന്ന ഒരു സാമൂഹിക-സാംസ്കാരിക പശ്ചാത്തലമാണ് പള്ളിക്കലിനുള്ളത്. പ്രസിദ്ധങ്ങളായ നിരവധി ക്ഷേത്രങ്ങളും അവയെ ചുറ്റിപ്പറ്റിയുള്ള അനേകം ഐതിഹ്യങ്ങളും ഈ പ്രദേശത്തിന്റെ സാംസ്കാരസമ്പന്നമായ ഇന്നലകളിലേക്ക് വെളിച്ചം വീശുന്നു. കാലത്തിന്റെ കുത്തൊഴിക്കിൽ മണമറഞ്ഞുപോയ ചരിത്ര സംഭവങ്ങളുടെ അവശിഷ്ടങ്ങൾ നാടിന്റെ നാനാഭാഗത്തും ഇന്നലകളുടെ ബാക്കി പത്രങ്ങളായി അവശേഷിക്കുന്നു-വിദ്യാർത്ഥികളുടെ അന്വേഷണവും കാത്ത്.

മേജർ പള്ളിക്കൽ ശ്രീകണ്ഠാളസ്വാമി ക്ഷേത്രം, പള്ളിക്കൽ ശ്രീസ്വയംഭൂഗണപതി ക്ഷേത്രം, ഹിരണ്യനല്ലൂർ മഹാദേവർക്ഷേത്രം, പയ്യനല്ലൂർ മായയക്ഷിക്കാവ്, പെരിങ്ങനാട് തൃക്കേരുമംഗലം മഹാദേവർ ക്ഷേത്രം, കുറ്റിവിള മഹാദേവർ മൂലക്ഷേത്രം, കുട്ടുങ്ങൽ ദേവി ക്ഷേത്രം, ചേന്നമ്പള്ളിൽ ശ്രീധർമ്മശാസ്താ ക്ഷേത്രം, പഴകുളം പുന്തലവീട്ടിൽ ദേവീക്ഷേത്രം, തോട്ടുവാ ഭരണിക്കാവ് ദേവിക്ഷേത്രം എന്നിവ ഈ പഞ്ചായത്തിലെ പ്രധാന പ്രാചീന ക്ഷേത്രങ്ങളാണ്.

ബുദ്ധമതത്തിന് പ്രചുരപ്രചാരം സിദ്ധിച്ചിരുന്ന ഒരു കാലഘട്ടം ഇവിടെയുണ്ടായിരുന്നുവെന്ന് ചരിത്രരേഖകൾ പറയുന്നു. ഒരുകാലത്ത് 'പള്ളി' എന്നറിയപ്പെട്ടിരുന്നത് ബുദ്ധിവിഹാരകേന്ദ്രങ്ങളെയാണ്. പഴയ കുന്നത്തൂർ താലൂക്കിലെ പള്ളിക്കൽ പ്രദേശത്തുനിന്ന് ഒരു ബുദ്ധവിഗ്രഹം കണ്ടെടുത്ത് പുരാവസ്തുഗവേഷണവകുപ്പിന്റെ അധീനതയിൽ സൂക്ഷിച്ചിട്ടുണ്ട്. ശ്രീ. കെ. ദാമോദരന്റെ 'കേരള ചരിത്രം' എന്ന ഗ്രന്ഥത്തിലും, ഈ വിഗ്രഹത്തിന്റെ സൂചനയുണ്ട്. 'പള്ളി' എന്നറിയപ്പെട്ടിരുന്ന ഈ ബുദ്ധവിഹാരങ്ങളുടെ സാന്നിദ്ധ്യത്തിൽ നിന്നാണ് ''പള്ളിക്കൽ'' എന്ന ഈ സ്ഥലനാമം ഉണ്ടായത്. കാലക്രമേണ ശ്രീ ശങ്കരന്റെ അദ്വൈത മതപ്രചാരത്തോടു കൂടി ബുദ്ധമതം ക്ഷയിക്കുകയും തൽസ്ഥാനത്ത് ഹിന്ദുമതം ശക്തിപ്രാപിക്കുകയും ചെയ്തു. ബുദ്ധമത സംസ്കാരത്തെ ഓർമ്മിപ്പിക്കുന്ന പുത്രക്കാട്, പുത്രൻതയ്യം തുടങ്ങിയ സ്ഥല - ഗൃഹനാമങ്ങൾ ഇപ്പോഴും ഈ പ്രദേശത്തുണ്ട്.

ബുദ്ധവിഹാരങ്ങൾക്ക് ശേഷം രൂപം കൊണ്ട ഹൈന്ദവക്ഷേത്രങ്ങൾ ഈ പ്രദേശത്തെ കലാ-സാസ്കാരിക രംഗത്തെ ചൈതന്യവ

ത്താക്കി; പ്രത്യേകിച്ച് ക്ഷേത്രകലകൾ ആയ കഥകളി, ഓട്ടൻതുള്ളൽ, വേലകളി, കൂത്ത് തുടങ്ങി നിരവധി കലാരൂപങ്ങൾ ഇന്നും ഈ പ്രദേശത്തെ കലാ- സാംസ്കാരിക പൈതൃകത്തിന് പ്രോത്സാഹനമായി നിലകൊള്ളുന്നു.

100 വർഷം പഴക്കമുള്ള പഴകുളം മുസ്ലീം ദേവാലയം ഈ പ്രദേശത്തെ പ്രമുഖമുസ്ലീം ആരാധനാലയമാണ്. ഈ പഞ്ചായത്തിലെ പ്രമുഖ ക്രിസ്തീയ ദേവാലയങ്ങൾ പഴകുളം റോമൻ കത്തോലിക്കാപള്ളി, സെന്റ് ഗ്രിഗോറിയോസ് ഓർത്തഡോക്സ്പള്ളി, സെന്റ് ജോർജ്ജ് കത്തോലിക്കാ പള്ളി, സെന്റ് ജോസഫ് കത്തോലിക്കാ പള്ളി, പാറക്കൂട്ടം, സെന്റ്മേരീസ് ഓർത്തഡോക്സ് പള്ളി, സെന്റ് ബെസേലിയേസ് പള്ളി, വെള്ളച്ചിറ ആരോഗ്യമാതാ ദേവാലയം എന്നിവയാണ്.

ഈ ക്ഷേത്രങ്ങളിലും, ക്രൈസ്തവ മുസ്ലീം ദേവാലയങ്ങളിലും നടത്തപ്പെടുന്ന എല്ലാവിധ ഉത്സവങ്ങൾക്കും നിരവധി സമാനതകൾ ഉണ്ട്. എല്ലാ മതവിഭാഗങ്ങളുടെയും ഉത്സവവേളകളിൽ വിഭാഗീയ ചിന്തകൾ കൂടാതെ എല്ലാവരും സഹകരിക്കുന്നുവെന്നത് മത സൗഹാർദ്ദത്തിന്റെ ഒരു നിദർശനമാണ്.

ആത്മീയ നവോത്ഥാനത്തിന്റെ പ്രയോക്താവായിരുന്ന ശ്രീനാരായണഗുരുവിന്റെ സ്മരണാർത്ഥം പടുത്തുയർത്തിയിട്ടുള്ള നിരവധി ഗുരുദേവമന്ദിരങ്ങളും ഈ പഞ്ചായത്തിന്റെ നിരവധി ഭാഗങ്ങളിലുണ്ട്.

സ്വാതന്ത്ര്യസമരത്തിൽ പങ്കെടുത്ത് ത്യാഗ ചരിത്രത്തിന് ഉടമകളായ വ്യക്തികളിൽ പ്ലാവിള പുത്തൻവീട്ടിൽ പി.ആർ. ഗോപാലപിള്ള, നെല്ലിക്കുന്നിൽ രാമൻ, ഇപ്പോൾ ജീവിച്ചിരിക്കുന്ന ജോസഫ് കാട്ടിൽ എന്നിവർ ഉൾപ്പെടുന്നു. ഇവർ പ്രത്യേകം സ്മരണ അർഹിക്കുന്നു.

ഈ പഞ്ചായത്തിന്റെ ആദ്യ പ്രസിഡന്റ് അഡ്വ. എൻ. ഭാസ്ക്കരൻ നായരും വൈസ് പ്രസിഡന്റ് ശ്രീമാൻ തൈവിളയിൽ സുകുമാരനുമാണ്. തുടർന്ന് ദീർഘകാലം പഞ്ചായത്തിന്റെ പ്രസിഡന്റു സ്ഥാനം വഹിച്ചിരുന്നത് യശ്ശ:ശരീരനായ ശ്രീ. കെ.ജി. ദാമോദരൻ ഉണ്ണിത്താൻ ആണ്. ഇതിനുശേഷം ശ്രീ. എൻ. ദാമോദരൻ പ്രസിഡന്റും, ശ്രീ. പ്രകാശ്മാത്യു വൈസ്പ്രസിഡന്റും ആയിരുന്നു. 1995 ഒക്ടോബർ രണ്ടാം തീയതി അധികാരമേറ്റ പുതിയ പഞ്ചായത്ത് ഭരണസമിതിയുടെ പ്രസിഡന്റ് കുമാരി കെ.ബി. സുശീലയും, വൈസ് പ്രസിഡന്റ് ശ്രീ.പള്ളിക്കൽ പ്രസന്നകുമാറുമാണ്. ഈ സമിതിയിലെ മറ്റ് അംഗങ്ങൾ സർവ്വശ്രീ തോമസ് തരകൻ, കുമാരി. ആർ. ബിന്ദു, എസ്. ഗംഗാധരക്കുറുപ്പ്, കെ. കൊച്ചുനാണു, കെ. ശ്യാമള, മേഴ്സിജോർജ്ജ്, എം.എം. വർഗീസ്, എസ്. അയ്യപ്പൻ, പഴകുളം ശിവദാസൻ, കുഞ്ഞുമോൾ കൊച്ചുപാപ്പി, പി. രാജൻപിള്ള എന്നിവരാണ്. ഏഴാം വാർഡ് അംഗമായ ശ്രീ. എമ്പ്രയിൽ ഷംസുദ്ദീൻ രാജിവെച്ചതു കാരണം ഈ സ്ഥാനം ഒഴിഞ്ഞു കിടക്കുകയാണ്. 2, 7, 8, 13 ജനറൽ വനിതാ വാർഡുകളും,12-ാം വാർഡ് പട്ടികജാതി വനിതാ സംവരണവും5,10വാർഡുകൾ പട്ടികജാതി സംവരണവും ആണ്.

പഴക്കം കൊണ്ടും പ്രൗഢികൊണ്ടും പ്രശസ്തമായ അടൂർ ശ്രീമൂലം തിരുനാൾ ഷഷ്ട്യബ്ദപൂർത്തി സ്മാരക ഇംഗ്ലീഷ് ഹൈസ്കൂൾ പ്രശസ്തരായ ധാരാളം മഹത് വ്യക്തികളെ പ്രദാനം ചെയ്തിട്ടുള്ള വിദ്യാകേന്ദ്രമാണ്. പ്രശസ്ത ഹാസ്യസാഹിത്യ സാമ്രാട്ട് ശ്രീ. ഇ.വി. കൃഷ്ണപിള്ള, ചലച്ചിത്ര ഹാസ്യനടനായിരുന്ന അടൂർഭാസി, ലോകപ്രശസ്ത ചലച്ചിത്ര സംവിധായകൻ അടൂർ ഗോപാലകൃഷ്ണൻ, നിത്യചൈതന്യയതി, പത്രപ്രവർത്തകനും, നിയമസഭാംഗവുമായിരുന്ന ശ്രീ തെങ്ങമം ബാലകൃഷ്ണൻ മുൻ എം.എൽ.എ യും കേരാഫെഡ് ചെയർമാനുമായ ശ്രീ. ഇ.കെ. പിള്ള തുടങ്ങിയ പ്രമുഖർ ഈ സരസ്വതീക്ഷേത്രത്തിന്റെ സന്തതികളാണ്. പ്രശസ്ത ഹാസ്യനാടകകൃത്തും അദ്ധ്യാപകനും മുൻ വിദേശകാര്യ പ്രിൻസിപ്പൽ സെക്രട്ടറി ജെ.എൻ. ദീക്ഷിതിന്റെ പിതാവ് ശ്രീ. മുൻഷി പരമുപിള്ളയ്ക്ക് ജന്മം നൽകിയ പഞ്ചായത്തുമാണിത്.

ഈ പഞ്ചായത്തിന്റെ പടിഞ്ഞാറൻ മേഖലയിലെ വിദ്യാഭ്യാസരംഗത്തുള്ള പിന്നോക്കാവസ്ഥ മാറ്റിയെടുക്കുവാനായി ഒരു വിദ്യാലയം സ്ഥാപിച്ച ഭാരതിവിലാസം ബംഗ്ലാവിൽ പരേതനായ ശ്രീ. പങ്കജാക്ഷനുണ്ണിത്താൻ ഇത്തരുണത്തിൽ സ്മരണീയനാണ്. ❑

4

ഭൂപ്രകൃതി ജനപ്രകൃതി ജല പ്രകൃതി



OFFICE OF THE PALLICKAL GRAMAPANCHAYAT
PATHANAMTHITTA DIST.
KERALA STATE
PAZHAKULAM. P.O.

4

ഭൂപ്രകൃതി ജനപ്രകൃതി ജലപ്രകൃതി

ഭൂപ്രകൃതി

പത്തനംതിട്ട ജില്ലയിൽ അടൂർ താലൂക്കിൽ പള്ളിക്കൽ പഞ്ചായത്ത് സ്ഥിതി ചെയ്യുന്നു. ഇതിന്റെ വിസ്തീർണ്ണം 41.72 ച.കി.മീ. ആണ്. 1982 വരെ ഇത് കൊല്ലം ജില്ലയിലായിരുന്നു. 1953 ലാണ് പള്ളിക്കൽ പഞ്ചായത്ത് നിലവിൽ വരുന്നത്. സാമൂഹ്യ സാമ്പത്തിക മേഖലയിൽ വലിയ സ്വാധീനം ചെലുത്താൻ കഴിഞ്ഞിട്ടില്ല എങ്കിലും കൃഷിയും അനുബന്ധപ്രവർത്തനങ്ങൾക്കും മുൻതൂക്കം നൽകുന്ന ഒരു ഉൾനാടൻ ഗ്രാമമത്രെ. ഈ പഞ്ചായത്തിന്റെ കിഴക്കേ അതിർത്തി അടൂർ മുനിസിപ്പാലിറ്റിയും, വടക്ക് പാലമേലും, പന്തളംതെക്കേക്കരയും, പടിഞ്ഞാറ് ശൂരനാട് വടക്കും, ചക്കുവള്ളിയും തെക്ക് ഏറത്തും കടമ്പനാടു പഞ്ചായത്തുകളുമാണുള്ളത്. പള്ളിക്കലാറിന്റെ ഏകദേശം 20 കി.മീ. തീരം പള്ളിക്കൽ പഞ്ചായത്തിലുണ്ട്.

ഭൂപ്രകൃതിയിൽ കുന്നുകൾ, കുന്നിൻ പുറത്തുള്ള സമതലം, വലിയ ചരവു പ്രദേശങ്ങൾ, ചെറിയ ചരുവു പ്രദേശങ്ങൾ, ആറ്റു തീര സമതലം, പാടങ്ങൾ, വെള്ളക്കെട്ടുകൾ, തോടുകൾ എന്നിങ്ങനെ തരംതിരിച്ചിരിക്കുന്നു.

ഈ പഞ്ചായത്തിലെ ഏറ്റവും ഉയരമുള്ള കുന്നുകൾ ആകെ നാലാണ്. 7-ാം വാർഡിൽ സ്ഥിതിചെയ്യുന്ന വലിയമുകൾ, സമുദ്ര നിരപ്പിൽ നിന്നും 225 മീറ്റർ ഉയരത്തിലും, ടി വാർഡിലെ സ്ഥിതി ചെയ്യുന്ന തട്ടത്തു മുകൾ 200 മീറ്ററും, 12-ാം വാർഡിൽ സ്ഥിതിചെയ്യുന്ന ഉണ്ടിരുന്ന മലയും (200 മീറ്റർ)5-ാം വാർഡിൽ സ്ഥിതിചെയ്യുന്ന ഗോത്രമോളുമലയും (180 മീറ്റർ) ആണ്. ഏറ്റവും ചെറിയ കുന്ന് കല്ലേലിൽ വടക്കേ മലയുമാണ്. ആകെ 14 വാർഡുകളുള്ള ഈ പഞ്ചായത്തിൽ എല്ലാ വാർഡുകളിലും കുന്നുകളുണ്ട്.

ഈ പഞ്ചായത്തിൽ മണൽമണ്ണ്, ചരൽമണ്ണ്, എക്കൽമണ്ണ്, പശിമതരി, ചെമ്മണ്ണ്, ചേറ് എന്ന തരത്തിലുള്ള മണ്ണുകളും, കളി



മണ്ണും, അഭ്രം എന്നു പറയുന്ന ധാതുപദാർത്ഥവും ഈ പഞ്ചായത്തിൽ കണ്ടുവരുന്നു.

ബാക്കിയുള്ള പ്രദേശങ്ങൾ റോഡുകൾ, തോടുകൾ എന്നിവയുമാണ്. മഴക്കാലത്ത് പള്ളിക്കൽ തെങ്ങമം ഏലാപ്രദേശങ്ങൾ വെള്ളപ്പൊക്ക കെടുതിക്ക് ഇരയാകാറുണ്ട്.

ജനപ്രകൃതി

പള്ളിക്കൽ പഞ്ചായത്തിൽ ജനസംഖ്യ ആകെ 38027 ഓളം വരും. ഇതിൽ 18348 പുരുഷന്മാരും 19679 സ്ത്രീകളും ആണ്. 7307 പട്ടികജാതിക്കാരും6 പട്ടികവർഗ്ഗക്കാരും ഉണ്ട്. പട്ടികജാതിയിൽ പുരുഷൻ 3596ഉം, സ്ത്രീകൾ3711ഉം പട്ടികവർഗ്ഗം4 പുരുഷനും 2 സ്ത്രീകളുമാണുള്ളത്. ആകെ വീടുകൾ 8471. 75% ഹിന്ദുക്കളാണ്. ആകെയുള്ള ജനസംഖ്യയുടെ 10% ക്രിസ്ത്യാനികളും 15% മുസ്ലീംങ്ങളുമുണ്ട്.

ജല പ്രകൃതി

ഒരു വർഷത്തിൽ 4205 മില്ലീമീറ്റർ മഴ ഈ പഞ്ചായത്തിൽ ലഭിക്കുന്നു. ജൂൺ, ജൂലൈ മാസങ്ങളിലാണ് ഏറ്റവും കൂടുതൽ മഴ ലഭ്യമാകുന്നത്. ഇടവപ്പാതി, തുലാവർഷം, ഈ സമയങ്ങളിൽ ധാരാളം മഴ ലഭിക്കുന്നു. കൃഷി കൂടുതലും മഴയെ ആശ്രയിച്ചായതു കൊണ്ട് കൃത്യമായ മഴ ലഭിക്കാത്തത് കൃഷിയെ സാരമായി ബാധിക്കുന്നു. ഒറ്റപ്പെട്ട മഴകൾ കാർഷികരംഗത്തെ സാരമായി ബാധിക്കുന്നു.

കിണറിനെ ആശ്രയിച്ചാണ് പഞ്ചായത്തിലുള്ള ഭൂരിഭാഗം ആളുകളും ജലത്തിന്റെ ആവശ്യങ്ങൾ നടത്തുന്നത്. ഉയർന്ന പ്രദേശങ്ങളിലും മണൽ പ്രദേശങ്ങളിലും ആണ്ടിൽ രണ്ടു പ്രാവശ്യം ജലക്ഷാമം അനുഭവപ്പെടുന്നു. കുഴൽ കിണറുകളുടെ പ്രവർത്തനം ഭാഗികം മാത്രമാണ്. പഞ്ചായത്തിലുള്ള തോടുകൾ കൃഷിയുടെ സംരക്ഷണത്തിന് വളരെ ഏറെ സഹായിക്കുന്നുണ്ട്. പല തോടുകളും ഇന്ന നഷ്ടപ്പെട്ടിരിക്കുകയാണ്. ഇത് പരിസ്ഥിതിയെ സാരമായി ബാധിച്ചിട്ടുണ്ട്.

പഞ്ചായത്തിലെ ചെറുകിട ജലസേചന തോടുകൾ

നമ്പർ	പേര്	ആകെ നീളം കി.മീ	വീതി മീറ്റർ
1	പഴകുളം, മേക്കുന്ന് മുകൾ തോട്	5	4
2	ചൂരൽവയൽ രാജകണ്ണിക്കൽ തോട്	5	8
3	കോടാലിവയൽ via ചെറുപുഞ്ച നിരപ്പു കടവ് തോട്	7	4
4	കരിമ്പടംതുണ്ട് - മേക്കുന്ന് മുകൾ	2	3
5	തെങ്ങുംതാര പന്നിവേലിക്കൽ	5	4
6	മിത്രപുരം പറന്തൽ തോട്	3	3
7	ആറാട്ടുചിറ മുതൽ മേക്കുന്ന് മുകൾ	2	3
8	ഓലിക്കൽ കുളം മുതൽ താഴോട്ട്	3	3
9	പതോട്ടുകുളം മുതൽ ആനയടി വരെ	1.5	2
10	കുളമുള്ളതിൽ മുക്ക് മുതൽ അന്തിക്കാവ് ക്ഷേത്രത്തിന് മുൻവശം വരെ	2	2
	ആകെ	35.5	11.3


(ഗ്രാമപഞ്ചായത്തുകൾ, നഗരസഭകൾ)
(ബ്ലോക്ക് പഞ്ചായത്തുകൾ)
(ജില്ലാപഞ്ചായത്ത്)

മൺതരങ്ങൾ



കുളങ്ങളും കിണറുകളും

നമ്പർ	കുളം	വിസ്തീർണ്ണം
1	മാറോട്ട് കുളം	10 സെന്റ്
2	പതോട്ട് കുളം	11 സെന്റ്
3	തലപ്പള കുളം	11 സെന്റ്
4	വല്യവീട്ടിൽ കുളം	11 സെന്റ്
5	ഒയ്തോട്ടു കുളം	11 സെന്റ്
6	എമ്പ്രയിൽ കുളം	11 സെന്റ്
7	കുളത്തതാടി കുളം	11 സെന്റ്
8	കോടാലിവയൽ കുളം	11 സെന്റ്
9	നെല്ലിക്കുന്നിൽ കുളം	11 സെന്റ്
10	മാമൂട്ടിൽ കുളം	11 സെന്റ്
11	ഉദിക്കൽ കുളം	40 സെന്റ്
12	വല്യകുളം	40 സെന്റ്
13	കുമരം കുളം	50 സെന്റ്
14	ചിറക്കോണിൽ ചിറ	50 സെന്റിനു മേൽ
15	കുറിച്ചിമലച്ചിറ	50 സെന്റിനു മേൽ
16	ആറാട്ടുചിറ	50 സെന്റിനു മേൽ



വികസനമേഖലകളുടെ അവലോകനം



OFFICE OF THE PALLICKAL GRAMAPANCHAYAT
PATHANAMTHITTA DIST.
KERALA STATE
PAZHAKULAM. P.O.

5.1A

കൃഷി



OFFICE OF THE PALLICKAL GRAMAPANCHAYAT
PATHANAMTHITTA DIST.
KERALA STATE
PAZHAKULAM.P.O.



5.1a

കൃഷി

കേരളംപോലെ ജനസാന്ദ്രതയുള്ള ഒരു സംസ്ഥാനത്തിന് കൃഷിയെ അവഗണിച്ചുകൊണ്ട് മുന്നേറാൻ കഴിയില്ലല്ലോ. എട്ടാം പദ്ധതി കഴിയാൻ പോകുന്ന ഈ അവസരത്തിലും പദ്ധതികൊണ്ട് ഉദ്ദേശിച്ച ലക്ഷ്യപ്രാപ്തിയിലെത്താൻ കഴിഞ്ഞിട്ടില്ല. ഭൂപ്രകൃതി കാലാവസ്ഥ മൺതരങ്ങൾ ഇവകൊണ്ട് അനുഗ്രഹീതമാണ് കേരളം. ഈ അനുഗ്രഹീതമായ ചുറ്റുപാടുകൾ ഉണ്ടായിട്ടും നമുക്ക് ആവശ്യമായ ഭക്ഷ്യവസ്തുക്കളുടെ 60% അന്യസംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിയിരിക്കുന്നു. ഈ ദു:സ്ഥിതിമൂലം വികസന സേവനത്തുറകളിലേക്ക് വേണ്ടത്ര പണം നിക്ഷേപിക്കാൻ ഒരു സർക്കാരിനെ കൊണ്ടും കഴിഞ്ഞിട്ടില്ല. ഒരു ഉപഭോക്ത്യ സംസ്ഥാനമായ കേരളത്തെ ഉത്പാദക സംസ്ഥാനമാക്കി മാറ്റേണ്ടിയിരിക്കുന്നു. അതുകൊണ്ട് നാടിനെ സ്നേഹിക്കുന്ന ഓരോ പൗരനും കാർഷിക രംഗത്തെ പുരോഗതിക്കായി പ്രവർത്തിക്കേണ്ടതാണ്.

പള്ളിക്കൽ പഞ്ചായത്തിലെ ഏകദേശം എൺപതു ശതമാനം ജനങ്ങളും കൃഷിയെ ആശ്രയിച്ചു കഴിയുന്നു. ഇതിൽ മഹാഭൂരിപക്ഷവും നാമമാത്ര കർഷകരാണ്. ഭൂപരിഷ്കരണനിയമം പ്രാബല്യത്തിൽ വരുന്നതിനു മുമ്പ് കൂട്ടു കുടുംബ ജന്മി കുടിയാൻ ബന്ധം നിലനിന്നിരുന്നു. ഓരോ ജന്മിയുടേയും അധീനതയിൽ അവരുടെ പുരയിടങ്ങളിൽ താമസ സൗകര്യം നല്കി അടിയാന്മാരെ താമസിപ്പിച്ച് കൃഷിപ്പണികൾ ചെയ്യിച്ചിരുന്നു. കാലം മാറിയതോടുകൂടി അടിയാന്മാർ സമൂഹത്തിന്റെ മുഖ്യ ധാരകളിലേക്ക് വരികയും സാമൂഹ്യ വിദ്യാഭ്യാസമേഖലകളിൽ പുരോഗതി നേടുകയു ചെയ്തു. കൂട്ടുകുടംബ വ്യവസ്ഥിതി അവസാനിച്ച് മരുമക്കത്തായത്തിൽ നിന്നും മക്കത്തായത്തിലേക്ക് വരികയും ഭൂഉടമ ബന്ധത്തിലൂടെ മാറ്റം നിമിത്തം ഉടമസ്ഥാ

വകാശം ലഭിച്ചവർ തന്നെ കൃഷിപ്പണികളിൽ ഏർപ്പെടുകയും ചെയ്തപ്പോൾ കർഷകത്തൊഴിലാളികൾക്ക് സ്ഥിരജോലിയും വരുമാനവും നഷ്ടപ്പെടുകയുണ്ടായി. ഈ സാഹചര്യത്തിൽ മെച്ചപ്പെട്ട വേതനത്തിനും ജോലി സ്ഥിരതക്കുമായി മറ്റു മേഖലകളിലേക്കു തിരിഞ്ഞുകൊണ്ടിരിക്കുന്നു.

ഭക്ഷ്യവിളകൾക്ക് മുൻതൂക്കമുണ്ടായിരുന്ന ഒരു പ്രദേശമായിരുന്നു നമ്മുടെ പഞ്ചായത്ത്. എന്നാൽ കഴിഞ്ഞ ഒരു ദശകമായി കാർഷികരംഗത്തെ പുത്തൻ പ്രവണതയുടെ ഫലമായി ഭക്ഷ്യവിളകളുടെ കാർഷികമേഖലയിൽ ലഭ്യമായ ഭൂവിസ്തൃതിയുടെ അറുപത് ശതമാനത്തോളം റബ്ബർ കയ്യടക്കിയിരിക്കുന്നു.

കൃഷിഭവനുകളുടെ പ്രവർത്തനം

നമ്മുടെ പഞ്ചായത്തിൽ 2 വില്ലേജുകളിലായി 2 കൃഷിഭവനുകളുണ്ട്. കാർഷിക രംഗത്തെ പുരോഗതിക്കായി ഈ കൃഷിഭവനുകൾ പ്രവർത്തിക്കുന്നു. ഏകദേശം9 വർഷങ്ങളായിട്ടും പള്ളിക്കൽ കൃഷിഭവനിൽ. ഒരു കൃഷിയാഫീസറെയോ ആവശ്യത്തിനു ജീവനക്കാരേയോ നിയമിച്ചിട്ടില്ല. പെരിങ്ങനാട്ടെ കൃഷിയാഫീസറുടെ നിയന്ത്രണത്തിലാണ് പള്ളിക്കലെ ആഫീസ് പ്രവർത്തനം നടക്കുന്നത്. പള്ളിക്കൽ കൃഷി ഭവൻ നിലനിറുത്തുന്നതിന് കർഷകസമരങ്ങൾ വേണ്ടിവന്നിട്ടുണ്ട്.

പള്ളിക്കൽ പഞ്ചായത്തിൽ ഒരു കാർഷിക വികസന സമിതിയും ഒരു കേരവികസനസമിതിയും14 പാടശേഖരസമിതികളും പ്രവർത്തിക്കുന്നുണ്ട്. ഈ പഞ്ചായത്തിൽ 4 സർവ്വീസ് സഹകരണസംഘങ്ങൾ ഉണ്ട്. സംഘങ്ങൾ നടത്തുന്നതുൾപ്പെടെ 17 വളം ഡിപ്പോകൾ പ്രവർത്തിക്കുന്നു. ലഭ്യമായ കണക്കനുസരിച്ച് ഒരു ട്രാക്ടർ 4 ട്രില്ലറുകൾ 52 റോക്കർ സ്പ്രയറുകൾ 69 കുറ്റി പമ്പുകൾ 284 നാടൻ കലപ്പകൾ ഒരു മെതിയെന്ത്രം എന്നീ കാർഷികോപകരണങ്ങളുണ്ട്.

വിപണി

നമ്മുടെ പഞ്ചായത്തിൽ വിപണി സൗകര്യമില്ല. കർഷകർ തങ്ങളുടെ കാർഷികോല്പന്നങ്ങൾ വിറ്റഴിക്കുന്നതിന് അന്യ പഞ്ചായത്തിലെ വിപണികളെ ആശ്രയിക്കുന്നു.

പഞ്ചായത്തിന്റെ കിഴക്കുഭാഗത്തുള്ളവർ പറക്കോട്ട് അടൂർ മാർക്കറ്റുകളേയും തെക്കുഭാഗത്തുള്ളവർ കടമ്പനാട് നെല്ലിമുകൾ മാർക്കറ്റുകളേയും പടിഞ്ഞാറുഭാഗത്തുള്ളവർ താമരക്കുളം മാർക്കറ്റിനേയും വടക്കുഭാഗത്തുള്ളവർ പാലമേൽ, പന്തളം മാർക്കറ്റുകളേയും ആശ്രയിച്ചാണ് ഉല്പന്നങ്ങൾ വിറ്റഴിക്കുന്നത്. ഇതിൽ ഏതു മാർക്കറ്റുകളിൽ പോകുന്നതിനും കർഷകർ 5 മുതൽ 15 കിലോമീറ്റർ വരെ സഞ്ചരിക്കേണ്ടി വരുന്നു.

കർഷകത്തൊഴിലാളികളുടെ കൂലിനിരക്ക്

നമ്മുടെ പഞ്ചായത്തിൽ പുരുഷകർഷകത്തൊഴിലാളിക്ക് 70 രൂപ മുതൽ 100 രൂപ വരെയും സ്ത്രീ കർഷകത്തൊഴിലാളിക്ക് 40 രൂപ മുതൽ 60 രൂപവരെയുമാണ് കൂലിനിരക്ക്.



വില്ലേജിന്റെ പേര്	ഭൂമിയുടെ വിസ്തീർണ്ണം ഹെക്ടർ					ഉടമസ്ഥരുടെ എണ്ണം						
	പുരയിടം	നിലം	പുറമ്പോക്ക്	തരിശ്	ആകെ	1-10 സെന്റ്	10-25 സെന്റ്	25-50 സെന്റ്	50-100 സെന്റ്	1-2 ഏക്കർ	2-5 ഏക്കർ	5ന് മേൽ
1	2	3	4	5	6	7	8	9	10	11	12	13
പള്ളിക്കൽ	1828.21	1328.58	56.26	22.83	2236	8162	4817	846	5038	128	84	17
പെരിങ്ങനാട്	1883.25	224.30	227.85	Nil	2335	4226	3180	4310	3857	73	33	08
ആകെ	3711.46	552.88	284.11	22.83	4571	12388	7997	5156	8895	201	117	25

പ്രധാനകൃഷികൾ

നമ്മുടെ പഞ്ചായത്തിലെ പ്രധാന കൃഷികൾ (1) നെല്ല് (2) തെങ്ങ് (3) മരച്ചീനി (4) ചേന (5) കാച്ചിൽ (6) വാഴ (7) പയറുവർഗ്ഗങ്ങൾ (8) ചേമ്പ് (9) ഇഞ്ചി, മഞ്ഞൾ (10) എള്ള് (11) വെറ്റില (12) കുരുമുളക് (13) ജാതി, ഗ്രാമ്പു (14) മാവ്, പ്ലാവ് (15) കശുമാവ് (16) കമുക് (17) തീറ്റപ്പുല്ല് (18) കൈതച്ചക്ക (19) പപ്പയ, പേര (20) റബ്ബർ.

വിളകളും വിസ്തീർണ്ണവും

ക്രമനമ്പർ	ഇനം	വിസ്തീർണ്ണം (ഹെക്ടർ)
1	നെല്ല്	540
2	തെങ്ങ്	475
3	മരച്ചീനി	178
4	ചേന, കാച്ചിൽ	197
5	വാഴ	60
6	പച്ചക്കറികൾ	67
7	പയറുവർഗ്ഗങ്ങൾ	55
8	ചേമ്പ്	13
9	ഇഞ്ചി, മഞ്ഞൾ	15
10	എള്ള്	11
11	വെറ്റില	13
12	കുരുമുളക്	120
13	ജാതി, ഗ്രാമ്പു	2
14	മാവ്, പ്ലാവ്	65
15	കശുമാവ്	83
16	കമുക്	6
17	തീറ്റപ്പുല്ല്	15
18	കൈതച്ചക്ക	5
19	പപ്പയ, പേര	3
20	റബ്ബർ	2475

നെൽകൃഷി

നമ്മുടെ പഞ്ചായത്തിൽ റിക്കാർഡ് അനുസരിച്ചു 540 ഹെക്ടർ നിലം കൃഷിയുണ്ട്. ഇത് ഇരുപ്പുനിലങ്ങളാണ്. ഇതിൽ 60% നിലങ്ങൾ ഫാമിംഗ് സമിതികളുടെ പ്രവർത്തനപരിധിയിൽ വരുന്നതാണ്. നെൽകൃഷിസ്ഥലം കഴിഞ്ഞ 10 വർഷക്കാലമായി പൊതുവേ കുറഞ്ഞുകൊണ്ടിരിക്കുന്നു. ഒരുഭാഗത്ത് റബ്ബർകൃഷി തെങ്ങുകൃഷിയേയും മറ്റു കരകൃഷികളേയും പുറം തള്ളുമ്പോൾ നിലം തോണ്ടി തെങ്ങും വാഴയും പച്ചക്കറികളും വെറ്റിലയും മറ്റും കൃഷി ചെയ്യുന്നതു മൂലം നെൽകൃഷികുറഞ്ഞുകൊണ്ടിരിക്കുന്നു. കരഭൂമിയുടെ വിലവർദ്ധനവു നിമിത്തം വിലക്കുറവുള്ള നിലംവാങ്ങി നികത്തി വീടും പറമ്പുമാക്കുന്ന പ്രവണത പെരുകിക്കൊണ്ടിരിക്കുന്നു. നെൽകൃഷി ചെലവിനനുസൃതമായി ആദായമില്ലാത്തതിനാൽ ചിലഭാഗങ്ങളിൽ നിലം തരിശിടുന്നു. രണ്ടാംവിള മാത്രം ചെയ്യുന്നു. നിലം കുഴിച്ച് മണ്ണ് എടുത്ത് കട്ടച്ചൂള നടത്തുന്നതിനാൽ ആ ഭാഗം പിന്നീട് കൃഷിക്കുപയുക്തമല്ലാതായിത്തീരുന്നു. കൊയ്ത്തുമെതി ജോലികൾക്ക് തൊഴിലാളികളെ കിട്ടാതിരിക്കുന്ന അവസ്ഥ കൃഷിക്കാരെ നെൽകൃഷിയിൽ നിന്നും പിന്തിരിപ്പിക്കുന്നു. ഇവയൊക്കെയാണ് ഈ രംഗത്തെ പ്രധാന പ്രശ്നങ്ങൾ

പ്രധാന വിത്തിനങ്ങൾ

അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങളായ ശബരി, ജ്യോതി, അന്നപൂർണ്ണ, സന്തോഷ്, ഭാരതി, സ്വർണ്ണപ്രഭ, ആയിരത്തൊന്ന്, ആയിരത്തേഴ്, ചുവന്നത്രിവേണി, എട്ട് എട്ട് അമ്പത്താറ്, ഭാഗ്യ എച്ച്ഫോർ, കായംകുളം വൺ, ചെറുവള്ളി, എന്നിവയും നാടൻ ഇനങ്ങളായ പട്ടാമ്പി 20, അതിക്കിരാഴി മുണ്ടകൻ, ചേറാടി, ഞവര, കൊച്ചുവിത്ത്, തവളക്കണ്ണൻ, വസുമതി, പഠനവെള്ള, പാലക്കാടൻ, കരവാള എന്നീ ഇനങ്ങളും കൃഷി ചെയ്തുവരുന്നു.

ഉത്പാദനക്ഷമത

നമ്മുടെ പ്രദേശത്തെ ഇന്നത്തെ ശരാശരി ഉത്പാദനം ഹെക്ടറിന് 2.7 ടണ്ണാണ്. താഴെപ്പറയുന്ന നിർദ്ദേശങ്ങൾ വരുന്നതോടെ ശരാശരി ഉത്പാദനം ഹെക്ടറിന് 3.25 ടണ്ണായി ഉയർത്താൻ കഴിയും.

നിർദ്ദേശങ്ങൾ

1. നിലങ്ങൾ നികത്തുന്നതിനെതിരെ ശരിയായ ബോധവൽക്കരണം നടത്തുകയും നിലവിലുള്ള നിയമം കർശനമാക്കുകയും ചെയ്യുക.

2. നെൽകൃഷിരംഗത്തെ തൊഴിലാളികളെ ചേർത്ത് പ്രാദേശികാടിസ്ഥാനത്തിൽ തൊഴിൽ സേന രൂപീകരിക്കുകയും ഇവർക്ക് ക്ഷേമനിധി ഏർപ്പെടുത്തുകയും നിലവിലുള്ള കർഷകത്തൊഴിലാളി പെൻഷന്റെ തുക വർദ്ധിപ്പിക്കുകയും ചെയ്യുക.

3. വിത്ത്, വളം, കുമ്മായം, കീടനാശിനി ഇവ സബ്സിഡി നിരക്കിൽ ലഭ്യമാക്കുക.

4. കാർഷിക യന്ത്രോപകരണങ്ങൾ നെൽ ഉത്പാദനസമിതികൾക്ക് സൗജന്യമായി നല്കുക.

5. എല്ലാ പാടശേഖരങ്ങളേയും ഗ്രൂപ്പ് ഫാമിംഗ് സമിതിയിൽ കൊണ്ടുവരിക.

6. ജലസേചന ജലനിർഗമനസൗകര്യങ്ങൾ ലഭ്യമാക്കുക.

കാഴ്ചയിനങ്ങൾ

7. ഉത്പാദനച്ചെലവുമായി ബന്ധപ്പെടുത്തി നെല്ലിന് ന്യായമായ വിലകിട്ടുന്ന സംവിധാനം ഉണ്ടാക്കണം.

8. ഇപ്പോൾ അല്പമാത്രമായി നിലവിലുള്ള കര നെല്ലുകൃഷിക്ക് ആവശ്യമായ പ്രോത്സാഹനം നല്കി വ്യാപിപ്പിക്കുക.

9. കാർഷിക വായ്പാ വ്യവസ്ഥകൾ ലഘൂകരിച്ച് സമയാസമയങ്ങളിൽ ലഭ്യമാക്കുകയും പലിശക്ക് സബ്സിഡി ഏർപ്പെടുത്തുകയും ചെയ്യുക.

10. നെൽകൃഷിക്ക് വിള ഇൻഷ്വറൻസ് ഏർപ്പെടുത്തുകയും നിലവിലുള്ള സബ്സിഡിത്തുക വർദ്ധിപ്പിക്കുകയും ചെയ്യുക.

11. കാർഷികോപകരണങ്ങളുടെ അറ്റകുറ്റപ്പണികൾക്ക് ആഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷന്റെ മൊബൈയിൽ യൂണിറ്റിന്റെ സേവനം ആവശ്യാനുസരണം ലഭ്യമാക്കുക.

12. നെൽകൃഷിക്ക് ദോഷം ചെയ്യുന്ന വൃക്ഷങ്ങൾ പാടത്തും പാടത്തിന്റെ കരകളിലും വച്ചുപിടിപ്പിക്കുന്നത് ഒഴിവാക്കുക.

തെങ്ങ്

പള്ളിക്കൽ പഞ്ചായത്തിൽ ഏകദേശം 475 ഹെക്ടർ സ്ഥലത്ത് തെങ്ങുകൃഷി ഉള്ളതായി കണക്കാക്കപ്പെടുന്നു. സമതലങ്ങളിലും പാടത്തിന്റെ കരയ്ക്കും വരമ്പുകാലുകളിലും ആണ് ഈ കൃഷി നിലനിൽക്കുന്നത്. പത്തു വർഷം മുമ്പ് വരെ നമ്മുടെ പഞ്ചായത്തിന്റെ സാമ്പത്തിക ഘടനയെ നിയന്ത്രിച്ചിരുന്ന മുഖ്യ വിള തെങ്ങുകൃഷി ആയിരുന്നു. എന്നാൽ ഇന്ന് അതിന്റെ സ്ഥിതി ദയനീയമാണ്. തെങ്ങിന്റെ നിയന്ത്രാണാതീത രോഗങ്ങളും നാളീകേരത്തിന്റെ വിലയിടിവും കർഷകർക്ക് റബ്ബർകൃഷിയോട് തോന്നിയ ആഭിമുഖ്യവും മൂലം തെങ്ങുകൃഷിയുടെ വിസ്തൃതി കുറഞ്ഞുകൊണ്ടിരിക്കുകയാണ്. സംസ്ഥാനത്തിന്റെ പേരിനുപോലും ആധാരമായ ഈ കൃഷിയെ അതിന്റെ ഗതകാലസ്ഥിതിയിലേക്ക് കൊണ്ടു പോകുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ താഴെ കൊടുക്കുന്നു.

നിർദ്ദേശങ്ങൾ

1. രോഗപ്രതിരോധശേഷിയുള്ളതും അത്യുല്പാദനശേഷിയുള്ളതുമായ തെങ്ങിൻ തൈകൾക്ക് ഗുണനിലവാരം ഉറപ്പുവരുത്തുക, കൃഷിവകുപ്പു വഴി തന്നെ വിതരണം ചെയ്യുക. പഞ്ചായത്തടിസ്ഥാനത്തിൽ കേരവികസനസമിതിയുടെ നേതൃത്വത്തിൽ നേഴ്സറി ആരംഭിക്കുക.

2. രോഗങ്ങൾക്കെതിരെ ശരിയായ പ്രതിവിധികൾ കണ്ടുപിടിക്കുന്നതിന് ഊർജ്ജിത പ്രവർത്തനം ഉണ്ടാക്കണം. അതോടൊപ്പം ആണ്ടിൽ രണ്ടു പ്രാവശ്യം മരുന്നു തളിക്കുന്നതിന് മരുന്ന് ലഭ്യമാക്കുകയും ധനസഹായം അനുവദിക്കുകയും ചെയ്യുക.

3. തെങ്ങുകൃഷിക്ക് ഇന്നു നല്കുന്ന സബ്സിഡി നിരക്കിലുള്ള രാസവളം വിതരണം എല്ലാ തെങ്ങുകൾക്കും വർഷംതോറും ലഭിക്കത്തക്കവിധത്തിൽ വിപുലമാക്കുക.

4. തെങ്ങുകൃഷിക്ക് നിലവിലുള്ള ഇൻഷ്വറൻസ് പദ്ധതി പ്രകൃതിക്ഷോഭത്തിനു മാത്രം പരിമിതപ്പെടുത്തിയിരിക്കുന്നു. ഇതിനു പകരം തെങ്ങുകൃഷി ആരംഭിച്ച് ഒന്നാം വർഷം മുതൽ തന്നെ സമഗ്ര



ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കണം.

5. രോഗം ബാധിച്ച തൈകൾ വെട്ടിമാറ്റി പകരം രോഗപ്രതിരോധശേഷിയുള്ള തൈകൾ വച്ചുപിടിപ്പിക്കുന്ന പദ്ധതിക്ക് സഹായത്തുക വർദ്ധിപ്പിക്കുകയും വിപുലമായി നടപ്പാക്കുകയും ചെയ്യുക.

6. ജലസേചനത്തിന് പമ്പുസെറ്റ് സ്ഥാപിക്കുന്നതിനും കുളം കുഴിക്കുന്നതിനുമുള്ള ഭൂവിസ്തൃതി കണക്കാക്കാതെ എല്ലാവർക്കും വായ്പയും ധനസഹായവും നല്കുകയും വൈദ്യുതി ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കുകയും ചെയ്യുക.

7. നാളീകേരത്തിന്റെ വിളവെടുപ്പുകാലത്തെ വിലയിടിവ് തടയുന്നതിന് ഉത്പാദനചെലവുമായി ബന്ധപ്പെട്ട താങ്ങുവില ഏർപ്പെടുത്തുകയും ഇടനിലക്കാരെ ഒഴിവാക്കുകയും ചെയ്യുക.

8. പഞ്ചായത്തിന്റെ പൊതുകുളങ്ങളുടെ ബണ്ടുകളിൽ അത്യുല്പാദന ശേഷിയുള്ള തെങ്ങിനങ്ങളുടെ കൃഷി ആരംഭിക്കുക.

9. തെങ്ങുകൃഷിക്ക് റബ്ബർബോർഡിന്റെ മാതൃകയിൽ ഒരു നാളീകേര ബോർഡ് രൂപീകരിച്ച് പ്രവർത്തിക്കുക.

10. തെങ്ങുകൃഷിക്ക് മാത്രമായി പ്രത്യേകം പലിശരഹിത വായ്പാപദ്ധതി ആരംഭിക്കുക.

11. കേരവികസന സമിതിയുടെ പ്രവർത്തനം വാർഡുതലത്തിലാക്കുകയും പഞ്ചായത്തു തലത്തിലുള്ള കേരവികസന സമിതിയുടെ നിയന്ത്രണത്തിലാക്കുകയും ചെയ്യുക.

12. കേരകൃഷി ആസ്പദമാക്കിയുള്ള ബോധവൽക്കരണ ക്ലാസ്സുകൾ വിപുലമാക്കുക.

കിഴങ്ങുവർഗ്ഗങ്ങൾ

നമ്മുടെ പഞ്ചായത്തിൽ പ്രധാനമായി കൃഷിചെയ്യുന്ന കിഴങ്ങുവർഗ്ഗങ്ങൾ, മരച്ചീനി, ചേന, ചേമ്പ്, കാച്ചിൽ, ചെറുകിഴങ്ങ്, കൂവ, ചീവക്കിഴങ്ങ്, മധുരക്കിഴങ്ങ് എന്നിവയാണ്. നെൽകൃഷിയെപ്പോലെ തന്നെ പ്രധാന്യമുള്ള ഒന്നാണ് മരച്ചീനികൃഷി. നാടൻ ഇനങ്ങളായ നെടുമങ്ങാടൻ, കുരീക്കണ്ണൻ, അരിയൻ, പ്ലാവിള, ചുവന്നകുളമ്പി, കല്യാണിവെള്ള, ഏത്തക്കച്ചീനി, കാന്താരിപടപ്പൻ എന്നിവയും എംഫോർ, എച്ച് 97, എച്ച് 165, എച്ച് 226, ശ്രീസഹ്യ, ശ്രീവിശാഖ്, ശ്രീപ്രകാശ് എന്നിവയാണ് മുഖ്യമായി ഇവിടെ കൃഷി ചെയ്യുന്നത്. ഏതുതരം മണ്ണിലും വലിയ അദ്ധ്വാനം കൂടാതെ ചെയ്യാവുന്ന ഒരു കൃഷിയാണ് മരച്ചീനി. ഒരു ഹെക്ടറിൽ ശരാശരി ഉത്പാദനം പത്തൊൻപത് ടണ്ണാണെന്ന് കണക്കാക്കപ്പെടുന്നു. കുംഭം, കർക്കിടകം, കന്നി മാസങ്ങളിലാണ് സാധാരണ ഗതിയിൽ മരച്ചീനി കൃഷിയിറക്കുന്നത്. കൂടാതെ കരിനിലങ്ങളിൽ മൂന്നാം പൂവായി ധനുമാസത്തിൽ മരച്ചീനി കൃഷിയിറക്കാറുണ്ട്. ധനു, മകരം, കുംഭം, മീനം മാസങ്ങളിലായി ചേന, ചേമ്പ്, ചെറുക്കിഴങ്ങ്, കാച്ചിൽ മുതലായ കിഴങ്ങുവർഗ്ഗങ്ങൾ കൃഷിചെയ്തുവരുന്നു. കൂടാതെ ചീവക്കിഴങ്ങ്, കൂവ ഇവ ഇടവപ്പാതിയുടെ ആരംഭത്തിൽ കൃഷിചെയ്യുന്നു.

റബ്ബർകൃഷി വ്യാപിച്ചതോടെ മരച്ചീനിക്കും മറ്റുകിഴങ്ങുവർഗ്ഗങ്ങൾക്കും കൃഷിസ്ഥലം കുറഞ്ഞു വരുന്നു. ഉല്പന്നങ്ങൾക്കുണ്ടായ വിലയിടിവുമൂലം കർഷകർ മരച്ചീനിയും കിഴങ്ങുവർഗ്ഗങ്ങളും കൃഷിചെയ്യുന്നതിൽ നിന്നും പുറകോട്ടുപോയി. എലിയുടെ

ആക്രമണവും ഇത്തരം കൃഷികളെ നല്ലരീതിയിൽ ബാധിക്കുന്നു. വരൾച്ച, വെള്ളപ്പൊക്കം എന്നിവയും ഇത്തരം കൃഷികളെ ദോഷകരമായി ബാധിക്കുന്നു.

നിർദ്ദേശങ്ങൾ

1. തെങ്ങിൻതോട്ടങ്ങളിൽ ഇടവിളയായി കിഴങ്ങുവർഗ്ഗങ്ങൾ കൃഷി ചെയ്യുക.
2. എലി നശീകരണത്തിന് വിപുലമായ ക്യാമ്പെയിൻ സംഘടിപ്പിക്കുക.
3. പ്രകൃതിക്ഷോഭം മൂലം കിഴങ്ങുവർഗ്ഗ ക്യഷി നശിക്കുമ്പോൾ ന്യായമായ നഷ്ടപരിഹാരത്തുക നല്കുക.
4. മരച്ചീനിയിലധിഷ്ഠിതമായ വ്യവസായ യൂണിറ്റു പഞ്ചായത്തിൽ ആരംഭിക്കുക.

വാഴ

വാഴകൃഷി ഈ പഞ്ചായത്തിൽ സർവ്വ വ്യാപിയാണ്. പറമ്പിലും പാടത്തും കൃഷി നടത്തുന്നതോടൊപ്പം എല്ലാ വീട്ടുപരിസരങ്ങളിലും വിവിധയിനം വാഴ കൃഷിചെയ്യുന്നു. പഴത്തിനും പച്ചക്കറിക്കുമായിട്ടാണ് വാഴകൃഷി പ്രധാനമായും ചെയ്യുന്നത്. വാഴയിലയും ഉപയോഗപ്രദമാണ്. വാഴപ്പിണ്ടി ഉദരമൂത്രാശയ സംബന്ധമായ രോഗങ്ങൾക്ക് സിദ്ധൗഷധമാണ്. പിണ്ടിനീര് പ്രകൃതി ചികിത്സയിലെ പ്രധാന ഔഷധപാനീയമാണ്. വാഴമാണവും വാഴക്കന്നും കാലീത്തീറ്റയായും ഉപയോഗിക്കാം. വാഴനാര് കൊണ്ട് കരകൗശലവസ്തുക്കൾ ഉണ്ടാക്കാം.

പാളയൻകോടൻ; പൂവൻ, ഞാലിപ്പൂവൻ, കണ്ണൻ, തോടൻ, പടറ്റി, കദളി, മൊന്തൻ, കരികുലതി എന്നീ നാടനിനങ്ങളും, കാളിയേത്തൻ, കല്ലേത്തൻ എന്നീ ഏത്തവാഴയിനങ്ങളും റോബസ്റ്റ, പച്ചചിങ്കൻ, മൈസൂർ പൂവൻ തുടങ്ങിയ പുതിയ ഇനങ്ങളും ഇവിടെ കൃഷിചെയ്യുന്നു. കുറുനാമ്പ് രോഗവും, കരിക്കൻ, ഇലകരിയൽ എന്നിവ പ്രധാനമായും വാഴകൃഷി അഭിമുഖീകരിക്കുന്ന കീടരോഗങ്ങൾ പ്രകൃതിക്ഷോഭം ഈ കൃഷിയെ ദോഷകരമായി ബാധിക്കുന്നു.

നിർദ്ദേശങ്ങൾ

1. രോഗകീടബാധയില്ലാത്ത നല്ലയിനം വാഴക്കന്നുകൾ ലഭ്യമാക്കുക.
2. വാഴകൃഷിക്കാവശ്യമായ കീടനാശിനി സബ്സിഡി നിരക്കിൽ ലഭ്യമാക്കുക.
3. ജലസേചന സൗകര്യത്തിന് പമ്പു സെറ്റും സ്ഥാപിക്കുന്നതിനും വാഴകൃഷിക്കും കാർഷിക വായ്പ ലഭ്യമാക്കുക.
4. പ്രകൃതിക്ഷോഭത്തിനും രോഗത്തിനും ഇൻഷ്വറൻസ് ഏർപ്പെടുത്തുകയും ആനുകൂല്യം വർദ്ധിപ്പിക്കുകയും ചെയ്യുക.

വാഴക്കായ് ഉപയോഗിച്ചുള്ള പൊടികൊണ്ടുള്ള 'ഭക്ഷ്യോല്പന്നങ്ങളും വാഴമാണം ഉപയോഗിച്ചുള്ള കാലിത്തീറ്റ ഉല്പാദനം വാഴനാരുകൊണ്ടുള്ള കരകൗശലവസ്തുക്കൾ എന്നിവക്കുള്ള സംരഭങ്ങൾ ആരംഭിക്കുക.

പച്ചക്കറികളും പയറുവർഗ്ഗങ്ങളും

നമ്മുടെ പഞ്ചായത്തിലെ ദരിദ്രകർഷകരുടെ പ്രധാന വരുമാനമാർഗ്ഗമാണ് പച്ചക്കറികൃഷി. കാലാവസ്ഥയെ ആശ്രയിച്ചുമാത്രം കൃഷിചെയ്യുന്ന രീതിയാണ് ഇവിടെ നിലവിലുള്ളത്. പയർ, പാവൽ, ചീര എന്നിവ മുഖ്യ



മായും പ്രത്യേക കാലങ്ങളിൽ പടവലം, പച്ച മുളക്, വെള്ളരി, മത്ത, വഴുതന, മുതലായവ കൃഷിചെയ്യുന്നു. ആമുഖത്തിൽ പറഞ്ഞിരിക്കുന്ന വിപണനസൗകര്യക്കുറവ് ഇതിനും ബാധകമാണ്.

ജലസേചനസൗകര്യക്കുറവ്, കീടരോഗബാധ, കീടനാശിനികളുടെ വിലവർദ്ധനവ് അവ പ്രയോഗിക്കാനുള്ള ഉപകരണങ്ങളുടെ ലഭ്യതക്കുറവ് ഇടനിലക്കാരുടെ ചൂഷണം അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങളുടെ ലഭ്യതക്കുറവ് എന്നിവയാണ് പച്ചക്കറികൃഷിക്കാർ നേരിടുന്ന പ്രധാന പ്രശ്നങ്ങൾ.

1. യഥാർത്ഥ പച്ചക്കറികൃഷിക്കാർക്ക് പോർട്ടബിൾ പമ്പുസെറ്റുകൾ വാങ്ങുന്നതിനും വാൽക്കുളം കുഴിക്കുന്നതിനും വായ്പയും ധനസഹായവും ലഭ്യമാക്കുക.

2. അത്യുല്പാദനശേഷിയുള്ള വിത്തിനങ്ങൾ കൃഷിഭവനുകളിൽ കൂടി വിതരണം ചെയ്യുക.

3. വളം, കീടനാശിനി, സ്പ്രെയറുകൾ എന്നിവ സൗജന്യനിരക്കിൽ വിതരണം ചെയ്യുക.

4. നമ്മുടെ പഞ്ചായത്തിൽ കുറഞ്ഞത് 5 പച്ചക്കറി സംഭരണ വിതരണകേന്ദ്രങ്ങൾ സ്ഥാപിക്കുക.

ഇഞ്ചി

ഈ പഞ്ചായത്തിലെ ഒരു പരമ്പരാഗത കൃഷിയാണ് ഇഞ്ചികൃഷി. മൂന്നിനം ഇഞ്ചികൾ കൃഷിചെയ്തു വരുന്നു. നാരൻ ഇഞ്ചി, കറി ഇഞ്ചി, മാങ്ങയിഞ്ചി എന്നിവ. ഇഞ്ചികൃഷിക്ക് മൂലധന ചെലവ് കൂടുതൽ ആവശ്യമാണ്. മൂടുചീയൽ, തണ്ടുതുരപ്പൻ എന്നീ രോഗകീടങ്ങൾ ഈ കൃഷിയിലെ പ്രധാന പ്രശ്നങ്ങളാണ്. കീടരോഗവിമുക്തമായ നടീൽ വസ്തു ലഭിക്കുകയും ഇടത്തട്ടുകാരന്റെ ചൂഷണം ഒഴിവാക്കി കർഷകന് ന്യായമായ വില ലഭിക്കുകയും മൂലധന ചെലവിന്റെ അടിസ്ഥാനത്തിൽ വായ്പയും ഇൻഷ്വറൻസ് പരിരക്ഷയും ലഭിച്ചാൽ ഈ കൃഷി അഭിവൃദ്ധിപ്പെടുത്താം.

കുരുമുളക്

നമ്മുടെ പഞ്ചായത്തിലെ ബഹുഭൂരുപക്ഷം വീടുകളിലും കുരുമുളക് ഇടവിളയായും തനിവിളയായും കൃഷിചെയ്തുവരുന്നു. വെളുത്ത കുതിരവാലി, കറുത്ത കുതിരവാലൻ, അരിമുളക്, കൊന്നമങ്കര, കരീലാഞ്ചി, എന്നീ നാടൻ ഇനങ്ങളും പന്നയൂർ ഒന്ന്, കരിമൂങ്ങ, കൊറ്റിനാട് എന്നീ അത്യുല്പാദനശേഷിയുള്ള ഇനങ്ങളും കൃഷിചെയ്യുന്നു. വരൾച്ച കാലാവസ്ഥയിലെ വ്യതിയാനങ്ങൾ കോടിക്കുണ്ടാകുന്ന ദ്രുതവാട്ടം എന്നിവ ഈ കൃഷിയെ സാരമായി ബാധിക്കുന്ന പ്രശ്നങ്ങളാണ്.

നിർദ്ദേശങ്ങൾ

1. ദ്രുതവാട്ട രോഗത്തിനെതിരെ ഫലപ്രദമായ ചികിത്സ ഏർപ്പെടുത്തുക.

2. ജലസേചന സൗകര്യങ്ങൾ, കിണർ, പമ്പ് എന്നിവ സ്ഥാപിക്കുന്നതിന് ഉദാരമായ വ്യവസ്ഥയിൽ ലോണും സബ്സിഡിയും നല്കുക.

3. തെങ്ങുകൃഷിക്ക് ഇടവിളയായി കുരുമുളക് കൃഷി വ്യാപിപ്പിക്കുക.

4. കുരുമുളക് കൃഷിക്ക് ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുക.

വെറ്റില

ചെറുകിട കർഷകരും ദരിദ്രകർഷകരും ഈ കൃഷിയിലേർപ്പെട്ടിരിക്കുന്നു. ആദായകരമായ ഒരു സ്വയം തൊഴിൽ കൃഷിയാണ് വെറ്റിലക്കൊടി കൃഷി. ഈ പഞ്ചായത്തിലെ എല്ലാ വാർഡുകളിലും വിപുലമായി ഈ കൃഷി ചെയ്തുവരുന്നു. വളരെയേറെ ക്ഷമയും ശാരീരികാദ്ധ്വാനവും പണച്ചെലവും ഉള്ള ഒരു കൃഷികൂടിയാണ് ഇത്. നടീൽ വസ്തുവിന്റെ വില, വെച്ചുകെട്ട് സാമഗ്രികളുടെ വില തുടങ്ങി വലിയ ചെലവ് വേണ്ടി വരുന്നുണ്ട്. പാണ്ഡം എന്നറിയപ്പെടുന്ന രോഗവും പ്രകൃതിക്ഷോഭവും ഈ രംഗത്തെ കൃഷിക്കാരെ വലയ്ക്കുന്നു. ചിലപ്പോൾ ഒരു പ്രാവശ്യം പോലും ആദായംഎടുക്കുന്നതിനു മുമ്പു തന്നെ കൃഷി മുൻപറഞ്ഞ കാരണങ്ങളാൽ നശിക്കുന്നു. അതുപോലെ ചിലകാലങ്ങളിൽ അകാരണമായി വെറ്റിലവ്യാപാരികൾ വില ഇടിക്കുന്നതുമൂലമുള്ള നഷ്ടങ്ങൾ ഈ രംഗത്തെ വലിയ പ്രശ്നം തന്നെയാണ്.

നിർദ്ദേശങ്ങൾ

1. പാണ്ഡത്തിനെതിരെ ഫലപ്രദമായ ചികിത്സ കണ്ടുപിടിച്ചു പ്രചരിപ്പിക്കുക.
2. വെറ്റില കൃഷി ഇറക്കുന്നതിന് കാർഷികവായ്പയുടെ തോത് വർദ്ധിപ്പിക്കുക.
3. വെറ്റിലക്കൊടിക്ക് ചെലവിനനുസൃതമായി നഷ്ടപരിഹാരം കിട്ടത്തക്കവിധത്തിൽ വിള ഇൻഷ്വറൻസ് ഏർപ്പെടുത്തുക.
4. വെറ്റില വ്യാപാരികളുടെ ബോധപൂർവ്വമായ മാർക്കറ്റ് മടുപ്പിക്കൽ നേരിടുന്നതിന് ഈ രംഗത്തെ കർഷകരെ പങ്കെടുപ്പിച്ച് ബദൽ സംവിധാനം ഉണ്ടാക്കുക.

❑



5.1B

ജലസേചനം

OFFICE OF THE PALLICKAL GRAMAPANCHAYAT
PATHANAMTHITTA DIST.
KERALA STATE
PAZHAKULAM.P.O.

5.1b

ജലസേചനം

പള്ളിക്കൽ പഞ്ചായത്തിലെ കൃഷി മഴയെ ആശ്രയിച്ചാണ്. ഈ പഞ്ചായത്തിലെ 13, 10, 7, 11 ഈ വാർഡുകളിൽ കല്ലട ജലസേചനപദ്ധതിയുടെ മെയിൻ കനാൽ കടന്നു പോകുന്നു, പെരിങ്ങനാട്, ചെറുകുന്നം ഡിസ്ട്രിബ്യൂട്ടറി പണി പൂർത്തിയായിട്ടില്ല. 7, 5, 6 വാർഡുകളിൽ കൂടി കടന്നു പോകുന്നത് പയ്യനല്ലൂർ ഡിസ്ട്രിബ്യൂട്ടറിയാണ്. പള്ളിക്കൽ നാലാം വാർഡിൽ കൂടി പള്ളിക്കൽ ഡിസ്ട്രിബ്യൂട്ടറിയും 03, 14 വാർഡുകളിൽകൂടി തോട്ടുവ മൈനർ ഡിസ്ട്രിബ്യൂട്ടറിയും കടന്നുപോകുന്നു. കനാലുകൾ കൊണ്ട് ഈ പ്രദേശത്തെ കർഷകർക്ക് വേണ്ടത്ര പ്രയോജനം ലഭിക്കുന്നില്ല. പഞ്ചായത്തിലെ കുളങ്ങൾ, തോടുകൾ ജലസേചനത്തിനു വേണ്ടി ഉപയോഗപ്പെടുത്തുന്നു. നിലവിലുള്ള ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്തിയെങ്കിൽ മാത്രമേ ഈ പഞ്ചായത്തിലെ കാർഷികരംഗത്തെ അഭിവൃദ്ധിപ്പെടുത്തുവാൻ കഴിയുകയുള്ളു.

പ്രധാന തോടുകൾ

1. **പള്ളിക്കൽ ആറ് (20 K.M.):-** പഞ്ചായത്തിലെ 10, 9, 8, 1, 2, 3, 14 എന്നീ വാർഡുകളുടെ തെക്കേ അതിർത്തിയിൽ കൂടി കടന്നുപോകുന്നു. നിലവിൽ ഈ ആറിലെ ജലം ഈ പ്രദേശങ്ങളിലെ കൃഷിക്ക് ഉപയോഗിക്കുവാൻ കഴിയുന്നില്ല. ഇതിൽ ആവശ്യമായ സ്ഥലങ്ങളിൽ ലിഫ്റ്റ് ഇറിഗേഷൻ സ്ഥാപിച്ച് കൃഷിക്ക് ഉപയോഗപ്പെടുത്തുക.

2. **വലിയ തോട് (7 K.M.)** - പള്ളിക്കൽ പഞ്ചായത്തിന്റെ ഏഴാം വാർഡിൽ നിന്നും പാലമേൽ പഞ്ചായത്തിലെ ആശാൻ കലുങ്കിൽ നിന്നും രണ്ട് തോടുകൾ നാലാം വാർഡിലെ ചൂരൽ വയലിൽ സന്ധിച്ച് വലിയ തോടായി 4, 5, 3, 14 എന്നീ വാർഡുകളിൽ കൂടി പള്ളിക്കൽ ആറിൽ ചെരുന്നു. ഇതിൽ ഉപയോഗപ്രദമല്ലാത്ത രണ്ട് ക്രോസ്ബാറുകൾ മാത്രമാണുള്ളത്. ഫലപ്രദമായി



നിന്നു തുടങ്ങി കല്ലേലിൽ ഏലയിലൂടെ 12-ാം വാർഡിൽ പറന്തലിൽ അവസാനിക്കുന്നു. ആവശ്യമായ ഭാഗങ്ങൾ കുഴിച്ചും സൈഡുകൾ കെട്ടിയും ഇത് കൃഷിക്ക് ഉപയുക്തമാക്കണം.

കുളങ്ങളും ചെറുതോടുകളും

പള്ളിക്കൽ പഞ്ചായത്ത് ധാരാളം കുളങ്ങളും ചെറുതോടുകളും കൊണ്ട് സമ്പന്നമാണ്. എന്നാൽ ഇവയിൽ പലതും കാർഷിക രംഗത്ത് ഉപയോഗിക്കത്തക്ക രീതിയിലല്ല. ഇവയ്ക്ക് ആവശ്യമായ മെയിന്റൻസ് നടത്തി ഉപയോഗപ്രദമാക്കിയെങ്കിൽ മാത്രമേ പഞ്ചായത്തിലെ കാർഷിക മേഖലയിലെ ജലസേചനപ്രശ്നങ്ങൾ പരിഹരിക്കപ്പെടാൻ സാധിക്കുകയുള്ളു.

ക്രമ നമ്പർ	കുളങ്ങളുടെ പേര്	ഏകദേശ വിസ്തീർണ്ണം	വാർഡ്
1	ഇടക്കടവിൽ കുളം	5 സെന്റ്	I
2	മാറോട്ട് കുളം	4 സെന്റ്	I
3	നല്ലേത്തുകുളം	10 സെന്റ്	II
4	കുളമുള്ളതിൽ കുളം	10 സെന്റ്	II
5	ചാങ്കൂർ കുളം	10 സെന്റ്	II
6	അയണിവേലിച്ചിറ	15 സെന്റ്	III
7	ആറാട്ടുചിറ	6 ഏക്കർ	IV
8	പുന്നത്താനത്തു കുളം	15 സെന്റ്	IV
9	കള്ളപ്പൻ ചിറ	20 സെന്റ്	IV
10	ഓലിക്കൽ കുളം	12 സെന്റ്	IV
11	കല്ലിടുമ്പ് കുളം	15 സെന്റ്	IV
12	ഉതിയ്ക്കൽ കുളം	15 സെന്റ്	V
13	തറവീട്ടിൽ കുളം	10 സെന്റ്	V
14	കുമരൻ കുളം	25 സെന്റ്	V
15	ഹിരണ്യനല്ലൂർ കുളം	5 സെന്റ്	V

ക്രമ നമ്പർ	കുളങ്ങളുടെ പേര്	ഏകദേശ വിസ്തീർണ്ണം	വാർഡ്
16	പോക്കാട്ടുകുളം	15 സെന്റ്	V
17	മേക്കുന്നിൽ കുളം	11 സെന്റ്	V
18	ഒയ്തോട്ടു കുളം	15 സെന്റ്	VI
19	വട്ടത്തു വയലിൽ കുളം	9 സെന്റ്	VI
20	വലിയകുളം	18 സെന്റ്	VI
21	മുണ്ടുതറ കുളം	18 സെന്റ്	VI
22	ചിറക്കോണിൽ ചിറ	18 സെന്റ്	VI
23	എമ്പ്രയിൽകുളം	9 സെന്റ്	VII
24	കൈതക്കോണിൽ കുളം	8 സെന്റ്	VIII
25	കൈതക്കോണിൽ തെക്കേകുളം	5 സെന്റ്	VIII
26	മുള്ളനാൽകുന്നിൽ കുളം	8 സെന്റ്	VIII
27	മണ്ണാമണത്ത് ചിറ	12 സെന്റ്	IX
28	അയ്യംവേലിൽ കൊല്ല	9 സെന്റ്	IX
29	കുട്ടുങ്കൽ കുളം	10 സെന്റ്	X
30	കുഴങ്ങോട്ടുതറ കുളം	8 സെന്റ്	X
31	പഴകുളം വലിയകുളം	20 സെന്റ്	XI
32	കിണറ്റിൻകോട്ട് കുളം	12 സെന്റ്	XI
33	കുറിച്ചിമലച്ചിറ	30 സെന്റ്	XII
34	കൊറ്റൻകോട്ട് കുളം	27 സെന്റ്	XIII
35	മേടയിൽതറ പടിഞ്ഞാറ് കുളം	10 സെന്റ്	XIII
36	പനാട്ട് കുളം	20 സെന്റ്	XIV
37	തലപ്പാളക്കുളം	22 സെന്റ്	XIV



പ്രധാനപ്പെട്ട തോടുകൾ

ക്രമ നമ്പർ	പേര്	ഉത്ഭവസ്ഥലം	അവസാനിക്കുന്ന സ്ഥലം	വാർഡ്
1	ഇറച്ചിക്കോട്ട് മുന്നാറ്റുകരതോട്	ഇറച്ചിക്കോട്	പള്ളിക്കലാറ്	I
2	പാലക്കോട് തോട്	കൈതക്കോണിൽകുളം	പള്ളിക്കലാറ്	I
3	തുടയൻകോട് പ്ലാക്കോട്ട്തോട്	തുടയൻകോട്	പള്ളിക്കലാറ്	I
4	ഇളങ്ങള്ളൂർ തോട്	ഇളങ്ങള്ളൂർ ഏലായുടെ വടക്കുഭാഗം	പള്ളിക്കലാറ്	I
5	മുങ്ങുപാലം തോട്	അവിച്ചക്കുളം	വലിയതോട്	II
6	അട്ടക്കുളം തോട്	നല്ലേത്തുഭാഗം	വലിയതോട്	II
7	അട്ടക്കുളം ഏലക്കരത്തോട്	കുളമുള്ളതിൽ കുളം	തെങ്ങമം ജംഗ്ഷൻ	II
8	കൈതയ്ക്കൽ ഏലാത്തോട്	തലപ്പാളക്കുളം	വലിയതോട്	III
9	ചക്കൻചിറ തോട്	ചക്കൻ ചിറ	വലിയതോട്	III
10	അയണിവേലിച്ചിറ തോട്	അയണിവേലിച്ചിറ	ഇലഞ്ഞിക്കൽഭാഗം	III
11	കല്ലിടുമ്പ് ആറാട്ടുചിറ തോട്	കല്ലിടുമ്പ്	ആറാട്ടു ചിറ	IV
12	ആറാട്ടുചിറ വലിയതോട്	ആറാട്ടു ചിറ	പാറ്റാണിക്കൽ	IV
13	പുന്നത്താനം	പുന്നത്താനം	തറയിൽ ഭാഗം	IV
14	വട്ടത്തറതോട്	വാഴപ്പള്ളിൽ	ആറാട്ടുചിറ	IV
15	കള്ളപ്പൻ ചിറതോട്	കള്ളപ്പൻ ചിറ	പള്ളിക്കൽക്ഷേത്രം വരെ	IV
16	മേലാട്ടുതോട്	മേലാട്ട്	മേക്കുന്ന്	V
17	കോണത്തുതോട്	കോണത്ത്	മേലാറ്റുതോട്	V
18	പുന്നക്കോട് തോട്	പുന്നക്കോട്	മേലാറ്റുതോട്	V

ക്രമ നമ്പർ	പേര്	ഉത്ഭവസ്ഥലം	അവസാനിക്കുന്ന സ്ഥലം	വാർഡ്
19	കൈപ്പേൽത്തടം തോട്	പോളച്ചിറക്കുളം	മേലാറ്റുതോട്	V
20	തറവീട്ടിൽ തോട്	എരീലയ്യത്ത്	പഴകുളം തോട്	V
21	ഹിരണ്യനെല്ലൂർ തോട്	ഹിരണ്യനെല്ലൂർ	തറവീട്ടിൽ	V
22	ഉദിയ്ക്കൽതോട്	കുമരൻ കുളം	പഴകുളം	V
23	കോട്ടുപൊയ്കതോട്	നടുനിലം	ഉമ്മാച്ചിക്കുഴി	V
24	ചിറയിൽതടം തോട്	വട്ടത്തുവയൽ	ഇരപ്പൻകുഴി	VI
25	കൊല്ലോട്ടുതോട്	കൊല്ലോട്ട്	തറവീട്ടിൽ തോട്	VI
26	ഒയ്തോട്ടു തോട്	ഒയ്തോട്ട്	പഴകുളം	VI
27	വൻവേലിൽ ഏലാത്തോട്	വലിയകുളം	പഴകുളംതോട്	VI
28	തടത്തിൽതോട്	തടത്തിൽ	വലിയതോട്	VI
29	നാവക്കോൺതോട്	നാവക്കോൺ	വലിയതോട്	VII
30	നാവക്കോൺ എമ്പ്രയിൽതോട്	നാവക്കോൺ	എമ്പ്രയിൽ	VII
31	കോരമംഗലം പാറക്കൺ തോട്	കോരമംഗലം	പാറക്കൺ	VIII
32	മായക്കോട് പാറക്കൺതോട്	മായക്കോട്	പാറക്കൺ	VIII
33	അമ്പനാട്ട് നാക്കന്നൂർതോട്	നാക്കന്നൂർ	അമ്പനാട്ട് പടിഞ്ഞാറ്	VIII
34	പ്ലാക്കോട്ടു തോട്	പാറക്കുട്ടം	പള്ളിക്കലാറ്	VIII
35	ആറാട്ടുകുളം അയ്യംവേലിൽതോട്	ആറാട്ടുകുളം	അയ്യംവേലിൽ	IX
36	ആലത്തിനാൽ ഏലാത്തോട്	ആലത്തിനാൽ		IX
37	നെടുംകുളഞ്ഞിതോട്	കുഴപ്പിക്കോണം	നെടുംകുളഞ്ഞി	IX
38	അയത്തിൽതോട്	അയത്തിൽ	കുരീക്കാട്	X



ക്രമ നമ്പർ	പേര്	ഉത്ഭവസ്ഥലം	അവസാനിക്കുന്ന സ്ഥലം	വാർഡ്
39	ചെമ്പേലിൽക്കോണം	ചെമ്പേലിൽക്കോണം	കുന. പ്പാല	X
40	പുന്തലവീട്ടിൽ തോട്	നെട്ടാണത്തറ	പഴകുളം	XI
41	തെങ്ങിൻകൂട്ടത്തിൽ കിഴക്കേതറ തോട്	തെങ്ങിൽകൂട്ടത്തിൽ പടി	കിഴക്കേത്തറ തോട്	XI
42	ചാലയിൽപടി പെരുംചിറതോട്	ചാലയിൽപ്പടി	പെരുച്ചിറ	XI
43	വാളക്കോടു തെങ്ങിൻതറ തോട്	വാളക്കോട്	പറന്തൽ	XI
44	തെങ്ങിൻകൂട്ടത്തിൽപടി തെന്നാപറമ്പ് തോട്	തെങ്ങിൻകൂട്ടത്തിൽ പടി	വലിയതോട്	XI
45	കിരിന്തേനൂർതോട്	മുകളുവിള	പന്നിവേലിയ്ക്കൽ	XII
46	തണ്ണിക്കോട്ടു തോട്	ഉഴത്തിൽ	കരിന്തേനൂർ	XII
47	വല്ല്യ അയത്തിൽ തോട്	വല്ല്യ അയത്തിൽ	പന്നിവേലിയ്ക്കൽ	XII
48	തെങ്ങുംതാര പറന്തൽ തോട്	തെങ്ങുംതാര	പറന്തൽ	XII
49	മാമ്പോഴിൽ തോട്	മാമ്പോഴിൽ	പന്നിവേലിയ്ക്കൽ	XII
50	കുണ്ടിരിംഗ പന്നിവേലിയ്ക്കൽ തോട്	കുണ്ടിരിംഗൽ	പന്നിവേലിയ്ക്കൽ	XII
51	മാടയ്ക്കൽ തോട്	വാളക്കോട്ട് പടി	മാടയ്ക്കൽ	XII
52	കുളമാടിയ്ക്കൽ തോട്	കുളമാടിയ്ക്കൽ	പറന്തൽ	XII
53	കുഴിനാൽ തോട്	കുഴിനാൽ	മിത്രപുരം	XII
54	മുളമൂട്ടിൽ തോട്	മുളമൂട്ടിൽ	പറന്തൽ	XII
55	അപ്പാച്ചിതോട്	അപ്പാച്ചി	കുഴിനാൽ	XII
56	കൊറ്റംകോടു തോട്	കൊറ്റംകോട് കുളം	മിത്രപുരം	XIII
57	അമ്മകങ്ങകര തോട്	ചേന്നമ്പള്ളിൽ തെക്കേക്കര	മേലൂടുംതാഴെയറ്റം	XIII
58	ചെറുകുന്നം ഏലാത്തോട്	പതാട്ടുകുളം	പള്ളിക്കലാറ്	XIV
59	കൈതയ്ക്ക വയൽ ഏലാതോട്	തലപ്പാളക്കുളം	വലിയതോട്	XIV

നിർദ്ദേശങ്ങൾ

വാർഡ് – I

ഇടക്കടവിൽ കുളത്തിന്റെ വീതി വർദ്ധിപ്പിച്ച് ലിഫ്റ്റ് ഇറിഗേഷൻ സ്ഥാപിക്കുക. ലിസ്റ്റിൽകൊടുത്തിട്ടുള്ള തോടുകൾ സൈസ്കെട്ടിയും കുഴിച്ചും കൃഷിക്ക് ഉപയുക്തമാക്കുക.

വാർഡ് – II

ലിസ്റ്റിൽ കൊടുത്തിരിക്കുന്ന കുളങ്ങൾ മണ്ണുനീക്കി സൈസ് കെട്ടി ലിഫ്റ്റ് ഇറിഗേഷൻ സ്ഥാപിക്കുക. നിലവിലുള്ള തോടുകൾ വീതിയിൽ വെട്ടി സൈഡ് കെട്ടി യഥാസ്ഥാനങ്ങളിൽ ക്രോസ്സ്ബാർ നിർമ്മിച്ച് കൃഷിയ്ക്കുപയുക്തമാക്കുക.

വാർഡ് – III

നിലവിലുള്ള തോടുകൾ സൈഡ് കെട്ടിയും കുളങ്ങൾ കുഴിച്ച് സൈഡ്കെട്ടി ലിഫ്റ്റ് ഇറിഗേഷൻ സ്ഥാപിച്ചും കൃഷിക്കുപയുക്തമാക്കുക.

വാർഡ് – IV

ആറാട്ടുചിറ കുഴിച്ച് സൈഡ്കെട്ടി ചീപ്പ് നിർമ്മിക്കുകയും ആറാട്ടുചിറയിൽ നിന്ന് തുടങ്ങുന്ന തോട് കുഴിച്ചും സൈഡ്കെട്ടിയും ആവശ്യമായ സ്ഥാലങ്ങളിൽ ക്രോസ്സ്ബാറുകൾ നിർമ്മിച്ചും ക്ഷേത്രത്തിനടുത്തുള്ള ഭാഗത്ത് ചെക്ക്ഡാം നിർമ്മിക്കുകയും ലക്ഷംവീടിനു തെക്കുവശം തടയണ നിർമ്മിക്കുകയും ചെയ്ത് കൃഷിക്കുപയുക്തമാക്കുക.

പുന്നന്താനംകുളം കല്ലിടുമ്പ് കുളം കള്ളപ്പൻചിറകുളം ഓലിക്കൽ കുളം എന്നിവ കുഴിച്ച് വൃത്തിയാക്കി ലിഫ്റ്റ് ഇറിഗേഷൻ സ്ഥാപിക്കുകയും ഈ ഭാഗങ്ങളിൽ നിന്നു തുടങ്ങുന്ന തോടുകൾ വീതി വർദ്ധിപ്പിച്ച് കുഴിച്ച് സൈഡുകെട്ടി ജലസേചനസൗകര്യം വർദ്ധിപ്പിക്കുക.

K.I.P പള്ളിക്കൽ ഡിസ്ട്രിബ്യൂട്ടറിയിൽ കീരിയാച്ചൻവിള ജംഗ്ഷനിൽ നിന്നും കള്ളപ്പൻ ചിറ ഏലായിലേക്ക് വെള്ളം എത്തിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.

വാർഡ് – V

ലിസ്റ്റിൽ കൊടുത്തിരിക്കുന്ന ജലസ്ത്രോസ്സുകളിൽ ആവശ്യമായ സ്ഥലങ്ങൾ കുഴിച്ചും സൈഡുകെട്ടിയും ക്രോസ്സ ബാറുകൾ നിർമ്മിച്ച് ലിഫ്റ്റ് ഇറിഗേഷൻ ഏർപ്പെടുത്തുക.

വാർഡ് – VI

വാർഡിൽ നിലവിലുള്ള കുളങ്ങൾ തോടുകൾ ഇവ കുഴിച്ച് സൈഡുകെട്ടി ആവശ്യമായ സ്ഥലങ്ങളിൽ ക്രോസ്സ്ബാറുകൾ നിർമ്മിക്കുകയും ലിഫ്റ്റ് ഇറിഗേഷൻ സ്ഥാപിക്കുകയും ചെയ്യുക.

വാർഡ് – VII

വാർഡിൽ നിലവിലുള്ള കുളങ്ങൾ, തോടുകൾ ഇവ കുഴിച്ച് സൈഡുകെട്ടി ആവശ്യമായ സ്ഥലങ്ങളിൽ ക്രോസ്സ്ബാറുകൾ നിർമ്മിക്കുകയും ലിഫ്റ്റ് ഇറിഗേഷൻ സ്ഥാപിക്കുകയും ചെയ്യുക.

വാർഡ് – VIII

ലിസ്റ്റിൽ കൊടുത്തിരിക്കുന്ന ജലസ്രോതസുകൾ കുഴിച്ചും സൈഡുകെട്ടിയും ലിഫ്റ്റ്



ഇറിഗേഷൻ സ്ഥാപിച്ചും കൃഷിയ്ക്ക് ഉപയുക്തമാക്കുക.

വാർഡ് – IX

ലിസ്റ്റിൽ കൊടുത്തിരിക്കുന്ന ജലസ്ത്രോസ്സുകൾ കുഴിച്ചും വൃത്തിയാക്കുകയും, സൈഡ് കെട്ടിയും തോടുകളിൽ ആവശ്യമായ രീതിയിൽ ക്രോസ്ബാർ നിർമ്മിച്ചും കൃഷിയ്ക്ക് ഉപയുക്തമാക്കുക.

വാർഡ് – X

മേലൂട് വയലിൽ തോടിന്റെ സൈഡു കെട്ടി കൃഷിയ്ക്ക് ഉപയുക്തമാക്കുക.

തെക്കുംമുറി മഠത്തിൽ പടിക്കലോരത്ത് തടയണയിടുക.

ചെറുപാറ പടിയ്ക്കലെ ചീപ്പ് ശരിയാക്കുക. കോട്ടയ്ക്കാട്ടു പാലത്തിനു താഴെയുള്ള ചീപ്പു ശരിയാക്കുക.

ലിസ്റ്റിലുള്ള തോടുകളും കുളങ്ങളും കുഴിച്ച് സൈഡ്കെട്ടിയും കൃഷിക്കുപയുക്തമാക്കുക.

വാർഡ് – XI

കുറ്റിക്കാട്ടു തെന്നാപ്പറമ്പുതോട് കൃഷിക്കുപയുക്തമാക്കുക. ലിസ്റ്റിലുള്ള കുളങ്ങളും തോടുകളും കുഴിച്ചും സൈഡുകെട്ടിയും കൃഷിക്കുപയുക്തമാക്കുക.

വാർഡ് – XII

ലിസ്റ്റിലുള്ള കുളങ്ങളും തോടുകളും കുഴിച്ചും സൈഡ് കെട്ടിയും കൃഷിക്കുപയുക്തമാക്കുക.

വാർഡ് – XIII

ലിസ്റ്റിൽ കൊടുത്തിരിക്കുന്ന കുളങ്ങളും ചെറുതോടുകളും കുഴിച്ചും സൈഡ് കെട്ടിയും ക്രോസ്ബാർ നിർമ്മിച്ചും കൃഷിക്കുപയുക്തമാക്കുക.

വാർഡ് – XIV

ഓലിയ്ക്കൽ കുളത്തിൽ നിന്നും തോടു വെട്ടി ഓലിയ്ക്കൽ ഏലായുടെ നടുത്തോടുമായി ബന്ധിപ്പിക്കുക. പതാട്ടുകുളം കുഴിച്ചും തോടുകളുടെ സൈഡ് കെട്ടിയും ലിഫ്റ്റ് ഇറിഗേഷൻ സ്ഥാപിച്ച് ജലസേചനത്തിന് ഉപയുക്തമാക്കുക.

തലപ്പാളം കുഴിച്ച് ലിഫ്റ്റ് ഇറിഗേഷൻ സ്ഥാപിക്കുക.

കല്ലട ജലസേചന പദ്ധതി

കല്ലട ജവലസേചന പദ്ധതി പഞ്ചായത്തിൽ നിയന്ത്രിതമായി ജലസേചനം നടക്കുന്നില്ല. തോട് തുറന്നു വിടുമ്പോൾ കുത്തൊഴുക്കു വഴിയോ, ലീക്കു വഴിയോ, വെള്ളമൊഴുകുന്നതുമൂലം കൃഷിരീതികൾ താറുമാറാകുന്നു. എള്ള്, പയർ, പച്ചക്കറി മുതലായ പരമ്പരാഗത കൃഷികൾ പലതും നിന്നിരിക്കുകയാണ്. ഉദാ:– നെല്ലുകൃഷിക്ക് ശേഷമുള്ള എള്ളും പയറുകൃഷിയും പാടെ നിലച്ചിരിക്കുന്നു. അതുകൊണ്ട് കല്ലടത്തോടിന്റെ അറ്റകുറ്റപ്പണികൾ വേണ്ടവിധം ചെയ്ത് നിയന്ത്രിതമായ ജലസേചനം ലഭ്യമാക്കണം. പൂർത്തിയാകാനുള്ള കനാലിന്റെ ഭാഗങ്ങൾ പൂർത്തീകരിച്ച് ജലസേചനസൗകര്യം വർദ്ധിപ്പിക്കുക.

❑

5.1c

മൃഗസംരക്ഷണം



പള്ളിക്കൽ പഞ്ചായത്തിൽ ഏകദേശം 70% കുടുംബങ്ങളിൽ കന്നുകാലി വളർത്തലുണ്ട്. കാർഷികമേഖലയിൽ യന്ത്രവത്കരണത്തിന്റെ ഭാഗമായി ഉഴവുമാടുകളായ കാള, പോത്ത് എന്നിവയുടെ എണ്ണം കുറഞ്ഞു വരുന്നു. കന്നുകാലി വളർത്തൽ പ്രധാന ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിട്ടുള്ളത് ഏകദേശം 10% കുടുംബങ്ങൾ മാത്രമാണ്. ബാക്കിയുള്ളവർ ഉപതൊഴിലായിട്ടാണ് ആടുമാടുകളേയും കോഴികളേയും വളർത്തുന്നത്. നമ്മുടെ പഞ്ചായത്തിൽ രണ്ടു താറാവു വളർത്തൽ യൂണിറ്റുണ്ട്. ഈ പഞ്ചായത്തിൽ 7 കോഴിവളർത്തൽ യൂണിറ്റും ഒരു പന്നിവളർത്തൽ യൂണിറ്റും ഉണ്ട്. മൃഗപരിപാലനത്തിനായി ഒരു മൃഗാശുപത്രിയും 5 ICDP സബ്ബ് സെന്ററുകളുമുണ്ട്.



വളർത്തു മൃഗ സംഖ്യ

വാർഡുനമ്പർ	കാള		കാള സങ്കരം		പശു നാടൻ		പശു സങ്കരം		എരുമ		പോത്ത്	ആട്	പന്നി	കുതിര
	വംശശുദ്ധമായവ	മറ്റുള്ളവ	വംശശുദ്ധമായവ	മറ്റുള്ളവ	കറവയുള്ളവ	കറവയില്ലാത്തവ	കറവയുള്ളവ	കറവയില്ലാത്തവ	കറവയുള്ളവ	കറവയില്ലാത്തവ				
1	2	3	4	5	6	7	8	9	10	11	12	13	14	15
I	1	12	4	21	76	60	120	60				435	85	
II			5	25	80	38	180	75				115	146	
III			2	10	47	29	210	105				666	195	
IV			4	20	109	60	196	85			4	274	109	
V	1	18		38	88	36	209	107		1		258	136	
VI		1	1	22	70	40	302	150				326	188	
VII				31	90	60	307	140			2	270	197	
VIII				35	85	40	407	160	1			320	160	
IX				32	96	43	360	180				158	160	
X			2	40	105	70	210	96				307	180	
XI				37	115	60	310	187				510	136	
XII				41	88	35	309	160				180	230	
XIII				31	107	39	236	140				230	185	
XIV				20	96	74	380	160				260	270	
	2	31	18	403	1252	684	3736	1805	1	1	6	4409	2377	

വളർത്തുപക്ഷി സംഖ്യ

വാർഡ് നമ്പർ	പൂവൻ കോഴി	പിടക്കോഴി		താറാവ്		മറ്റുള്ളവ
		മുട്ടയിടുന്നത്	മുട്ടയിടാത്തത്	ആൺ	പെൺ	
I	162	600	40			10
II	240	580	60			40
III	300	700	70			60
Iv	180	400	74			18
V	240	550	85			16
VI	370	600	120			27
VII	180	650	139	50	450	15
VIII	160	800	210	65	400	20
IX	207	680	180			10
X	180	420	190			
XI	320	760	200			
XII	180	580	300			20
XIII	340	860	400			15
XIV	310	700	205			10

പ്രശ്നങ്ങൾ

1. ക്ഷീരകർഷകർക്ക് ന്യായമായ വില കിട്ടുന്നില്ല.
2. തീറ്റചെലവിലെ ക്രമാതീതമായ വർദ്ധനവ്.
3. തീറ്റപ്പുല്ലും വൈയ്ക്കോലും ആവശ്യത്തിന് ലഭിക്കാതിരിക്കുന്ന അവസ്ഥ.
4. ഉത്പാദനക്ഷമതയുള്ള പശുക്കളുടെ ദൗർലഭ്യവും ഉയർന്ന വിലയും
5. വൃത്തിയുള്ള കാലിത്തൊഴുത്തിന്റെ അപര്യാപ്തത മൂലമുണ്ടാകുന്ന രോഗങ്ങൾ.
6. ക്ഷീരമേഖലയിലെ ശാസ്ത്രസാങ്കേതിക വിജ്ഞാന വ്യാപനത്തിലെ അപര്യാപ്തത.
7. ആടുവളർത്തലിന് മേച്ചിൽ സ്ഥലത്തിന്റെ അഭാവം
8. നല്ലയിനം ആടുകളെ ലഭിക്കാതിരിക്കുന്ന അവസ്ഥ.

9. കോഴിവളർത്തൽ അഭീമുഖീകരിക്കുന്ന പകർച്ച രോഗം.

നിർദ്ദേശങ്ങൾ

1. ഉത്പാദനച്ചെലവുമായി ബന്ധപ്പെടുത്തി പാലിന്റെ വില നിശ്ചയിക്കുക.
2. പഞ്ചായത്തുതലത്തിൽ കാലിതീറ്റ ഉത്പാദന യൂണിറ്റ് സ്ഥാപിച്ച് ന്യായമായ വിലക്ക് ക്ഷീരകർഷകന് കാലിതീറ്റ വിതരണം ചെയ്യുക.
3. കാലിത്തൊഴുത്തുകൾ നിർമ്മിക്കുന്നതിന് ആവശ്യമായ സാങ്കേതിക സാമ്പത്തിക സഹായം നല്കുക.
4. പുൽകൃഷിയെ പ്രോത്സാഹിപ്പിക്കുക.
5. ഉയർന്നതരം കന്നുകാലികളെ വാങ്ങുന്നതിന് ധനകാര്യസ്ഥാപനങ്ങൾ നല്കുന്ന സാമ്പത്തിക സഹായത്തിന്റെ വ്യവസ്ഥകൾ ഉദാരമാക്കുകയും മതിയായ തുക നല്കുകയും ചെയ്യുക.
6. പ്രതിരോധ കുത്തിവയ്പുകൾ സൗജന്യവും സാർവ്വത്രികവുമാക്കുക.
7. കർഷകർക്ക് ബന്ധപ്പെട്ട മേഖലയിൽ ബോധവത്ക്കരണ ക്യാമ്പുകൾ നടത്തുക.
8. സഹകരണമേഖലയിൽ പഞ്ചായത്തിൽ ഫാച്ചറിയൂണിറ്റു സ്ഥാപിക്കുക.
9. ആടുവളർത്തൽ യൂണിറ്റുകൾ ആരംഭിക്കുന്നതിനാവശ്യമായ സാങ്കേതിക സാമ്പത്തിക സഹായം ലഭ്യമാക്കുക.
10. പന്നിവളർത്തൽ യൂണിറ്റുകൾ ആരംഭിക്കുന്നതിനാവശ്യമായ സാങ്കേതിക സാമ്പത്തിക സഹായം നല്കുക.
11. സഹകരണാടിസ്ഥാനത്തിൽ ശാസ്ത്രീയമായ അറവുശാലയും ഇറച്ചി സംസ്ക്കരണ കേന്ദ്രവും സ്ഥാപിക്കുക.

❑



5.1d

മത്സ്യബന്ധനം

വള്ളിക്കൽ പഞ്ചായത്തിലെ ജനങ്ങൾ പോഷകാഹാരത്തിലെ പ്രധാന ഘടകമായ മാംസ്യം ലഭിക്കുന്നതിന് മത്സ്യത്തെയാണ് ആശ്രയം. ഈ പഞ്ചായത്തിൽ വൻകിട ജലാശയങ്ങളുടെ അഭാവം നിമിത്തം മത്സ്യബന്ധനം ഒരു ഉപജീവനമാർഗ്ഗമല്ല. പരിസ്ഥിതി മലനീകരണം, അമിതമായ രാസവള പ്രയോഗം, കീടനാശിനികളുടെ പ്രയോഗം, മത്സ്യരോഗം എന്നിവകൊണ്ട് ഉള്ള ജലാശയങ്ങളിലെ മത്സ്യ സമ്പത്തുകൂടി നശിച്ചുകൊണ്ടിരിക്കുന്നു. മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്ന കാര്യത്തിൽ നമ്മുടെ പഞ്ചായത്തിൽ നിലവിലുള്ള സാദ്ധ്യതകൾ പരിമിതമാണെങ്കിലും ഉള്ളവ വേണ്ടത്ര ശ്രദ്ധയോടെ പ്രയോജനപ്പെടുത്തിയാൽ ഈ കാര്യത്തിൽ കുറച്ചു പുരോഗതി ഉണ്ടാക്കുവാൻ കഴിയും.

നിർദ്ദേശങ്ങൾ

1. നമ്മുടെ പഞ്ചായത്തിലെ നിലവിലുള്ള കുളങ്ങളിൽ മത്സ്യകൃഷി നടപ്പാക്കുക.
2. പഞ്ചായത്തിൽ ഒരു മത്സ്യ സഹകരണ സംഘം സ്ഥാപിച്ച് സംഘത്തിന്റെ നേതൃത്വത്തിൽ പൊതുകുളങ്ങളിൽ മത്സ്യകൃഷി നടത്തുക.
3. സ്വകാര്യ കുളങ്ങളിലും മത്സ്യകൃഷി നടപ്പാക്കുന്നതിനുള്ള ആവശ്യമായ സാങ്കേതിക സാമ്പത്തിക സഹായങ്ങൾ നല്കുക.
4. ഫിഷറീസ് വകുപ്പിന്റെ സഹായത്തോടെ ശാസ്ത്രീയ മത്സ്യകൃഷി വിപണനം സംസ്ക്കരണം തുടങ്ങിയവയെപ്പറ്റി പരിശീലനം നല്കുക.
5. ആറാട്ട് ചിറയിൽ ശാസ്ത്രീയമായി മത്സ്യകൃഷി ചെയ്യുന്നതിന് നടപടികൾ എടുക്കുക. ❑

5.2A

വ്യവസായം

OFFICE OF THE PALLICKAL GRAMAPANCHAYAT
PATHANAMTHITTA DIST.
KERALA STATE
PAZHAKULAM.P.O.

5.2 a

വ്യവസായം

വ്യാ വസായികമായി വളരെ പിന്നോക്കം നില്ക്കുന്ന ഒരു പഞ്ചായത്താണിത്. എടുത്തു പറയത്തക്ക യാതൊരു വ്യവസായങ്ങളും ഇല്ല. താഴെപ്പറയുന്ന വ്യവസായങ്ങൾ മാത്രമേ നിലവിലുള്ളു.

1. പരമ്പരാഗത വ്യവസായങ്ങൾ

(i) ഈറ്റ, ചൂരൽ എന്നിവ ഉപയോഗിച്ചുള്ള ഗൃഹോപകരണ നിർമ്മാണം.

(ii) തഴപായ് നെയ്ത്ത്.

(iii) ഇരുമ്പ്, ഓട് എന്നിവ ഉപയോഗിച്ചുള്ള ഗൃഹോപകരണ നിർമ്മാണം

(iv) ബീഡിതെറുപ്പ്

(v) പർപ്പടക നിർമ്മാണം

(vii) പടക്ക നിർമ്മാണം

(viii) ഖാദി–നൂൽ നൂൽപ്പ്.

2. നിലവിലുള്ള ചെറുകിട വ്യവസായങ്ങൾ

വാർഡ്	വ്യവസായങ്ങൾ	മേഖല	എണ്ണം	തൊഴിലാളികളുടെ എണ്ണം
I		-	-	-
II	(i) കശുവണ്ടി ഫാക്ടറി	സ്വകാര്യം	1	150
	(ii) സോഡാനിർമ്മാണം	സ്വകാര്യം	1	2
	(iii) കമ്പിനി ഇഷ്ടികനിർമ്മാണം	സ്വകാര്യം	1	15
	(iv) നെല്ലുകുത്തു മിൽ	സ്വകാര്യം	1	1



	(v) വെൽഡിംഗ് വർക്ക്ഷോപ്പ്	സ്വകാര്യം	1	2
III	(i) തടിയറപ്പുമിൽ	സ്വകാര്യം	1	2
	(ii) നെല്ലുകുത്തുമിൽ	സ്വകാര്യം	1	1
IV	(i) നെല്ലുകുത്തുമിൽ	സ്വകാര്യം	1	1
V	(i) തടിയറപ്പുമിൽ	സ്വകാര്യം	1	2
	(ii) ക്വാറി-പാറപൊട്ടിക്കൽ	സ്വകാര്യം	2	200
VI	(i) റെഡിമെയ്ഡ് വസ്ത്രനിർമ്മാണം	സ്വകാര്യം	1	4
	(ii) സോഡാനിർമ്മാണം	സ്വകാര്യം	1	1
VII	(i) തടിയറപ്പുമിൽ	സ്വകാര്യം	1	2
	(ii) മാലനിർമ്മാണം	സ്വകാര്യം	1	25
	(iii) കവർനിർമ്മാണം	സ്വകാര്യം	1	10
	(iv) വെൽഡിംഗ് യൂണിറ്റ്	സ്വകാര്യം	1	5
	(v) ബോർമ	സ്വകാര്യം	1	4
	(vi) സോഡാനിർമ്മാണം	സ്വകാര്യം	1	1
	(vii) ഇഞ്ചിമിഠായി നിർമ്മാണം	സ്വകാര്യം	1	12
	(viii) നെല്ലുകുത്തുമിൽ	സ്വകാര്യം	2	2
VIII	(i) എണ്ണയാട്ടുമിൽ	സ്വകാര്യം	1	1
	(ii) ക്വാറി-പാറപൊട്ടിക്കൽ	സ്വകാര്യം	4	80
	(iii) മെറ്റൽ നിർമ്മാണം	സ്വകാര്യം	2	14
IX	(i) സോപ്പുനിർമ്മാണം	സ്വകാര്യം	1	5
	(ii) നെല്ലുകുത്ത്- ധാന്യം പൊടിപ്പുമിൽ	സ്വകാര്യം	1	2
X	(i) തടിയറപ്പുമിൽ	സ്വകാര്യം	1	2
	(ii) സോഡാനിർമ്മാണം	സ്വകാര്യം	1	1
	(iii) ഖാദി-നൂൽനൂൽപു കേന്ദ്രം	ഗവ. അഗീകൃതം	2	20

	(iv) തീപ്പെട്ടി നിർമ്മാണകേന്ദ്രം	ഗവ. അംഗീകൃതം	1	8
	(v) നെല്ലുകുത്ത് മിൽ	സ്വകാര്യം	2	2
XI	(i) വെൽഡിംഗ് യൂണിറ്റ്	സ്വകാര്യം	1	2
	(ii) ഹോളോബ്രിക്സ് നിർമ്മാണം	സ്വകാര്യം	1	10
	(iii) മെറ്റൽ നിർമ്മാണം	സ്വകാര്യം	2	10
	(iv) പർപ്പടക നിർമ്മാണം	സ്വകാര്യം	10	40
XII	(i) സ്റ്റീൽ ഫർണീച്ചർ നിർമ്മാണം	സ്വകാര്യം	1	6
	(ii) വെൽഡിംഗ് യൂണിറ്റ്	സ്വകാര്യം	1	3
	(iii) മെറ്റൽ നിർമ്മാണം	സ്വകാര്യം	2	30
XIII	(i) തടിയറപ്പുമിൽ	സ്വകാര്യം	1	2
	(Ii) വെൽഡിംഗ് യൂണിറ്റ്	സ്വകാര്യം	1	2
	(III) നെല്ലുകുത്ത് - ധാന്യം പൊടിക്കൽ മിൽ	സ്വകാര്യം	1	1
XIV	(i) കശുവണ്ടിഫാക്ടറി	സ്വകാര്യം	1	200
	(ii) വനിതാ സമാജം വക നൂൽനൂല്പു കേന്ദ്രം	സർക്കാർഅംഗീ.	1	10

ഈ പഞ്ചായത്തിലെ മൊത്തം ജന സംഖ്യ 1991-ലെ കാനേഷുമാരി കണക്കുപ്ര കാരം 38,227 ആണ്. മേൽ പട്ടികയിൽ വിവ രിച്ച പ്രകാരം ആകെ ഈ പഞ്ചായത്തിലെ ജനസംഖ്യയുടെ 2% പേർ മാത്രമാണ് വ്യാവ സായിക മേഖലകൊണ്ട് ഉപജീവനം നടത്തു ന്നത്.

വിവിധ വാർഡുകളിൽ സമ്മേളിച്ച ഗ്രാമ സഭകളുടെ നിർദ്ദേശങ്ങൾ പരിഗണിച്ചതിൽ താഴെപ്പറയുന്ന മേഖലകളിൽ വ്യവസായ വൽക്കരണം ത്വരിതപ്പെടുത്തിയാൽ പ്രത്യക്ഷ മായും പരോക്ഷമായും ഒരളുവരെ തൊഴിലി ല്ലായ്മയ്ക്കു പരിഹാരം കാണുവാൻ കഴിയും.

എ. റബ്ബർ വ്യവസായം

കാർഷികമേഖല ഇന്നത്തെ ലാഭകരമ ല്ലാത്ത അവസ്ഥ കാരണം അധിക പ്രദേശ ങ്ങളും റബ്ബർ കൃഷി വ്യാപകമായിരിക്കുക യാണ്. ആയതിനാൽ റബ്ബറിധിഷ്ഠിത വ്യവ സായത്തിന് നല്ല സാദ്ധ്യതയാണ് ഈ പഞ്ചാ യത്തിലുള്ളത്. കൃഷിക്കുപയോഗയോഗ്യമായ ഭൂമിയുടെ സുമാർ 3/5 ഭാഗം ഇന്ന് റബ്ബർകൃ ഷിയ്ക്കാണ്. റബ്ബർപാൽ സംഭരിച്ച് റബ്ബർ സംസ്കൃത ഉല്പന്നങ്ങൾ നിർമ്മിക്കാനുള്ള വിപുലമായ സാദ്ധ്യതയുണ്ട്. ആയതിന് ആവ ശ്യമായ സാങ്കേതിക വിജ്ഞാനവും ഇതര സൗകര്യങ്ങളും നൽകി വികസിപ്പിക്കാവുന്ന മേഖലയാണ് ഇത്.



ബി. പരമ്പരാഗത വ്യവസായം

പട്ടികജാതിയിൽപെട്ട വളരെയേറെ ആളുകൾ ഉള്ള ഒരു പഞ്ചായത്താണ്. കാർഷിക മേഖലയിലെ തൊഴിൽ ലഭ്യതക്കുറവ് ഇവരെ വല്ലാതെ ബാധിച്ചിട്ടുണ്ട്. കൂടാതെ വിദ്യാഭ്യാസപരമായി പിന്നോക്കം നില്ക്കുന്ന ഇവർക്ക് മറ്റുമേഖലകളിലേക്ക് കടന്നെത്താൻ കഴിയാത്തതിനാലും, പരമ്പരാഗത വ്യവസായത്തിൽ ഏർപ്പെടുത്തുന്നതിനുള്ള സംരംഭം ഉണ്ടാക്കിയാൽ ഏറെപ്രയോജനകരമായിരിക്കും. തഴപ്പായ്നെയ്ത്ത്, ഈറ്റ കൊണ്ടുള്ള വിവിധയിനം ഗാർഹികോപകരണനിർമ്മാണം, കളിമൺ വ്യവസായം തുടങ്ങിയ സംരംഭങ്ങൾ തുടങ്ങാവുന്ന സഹകരണസംഘങ്ങൾ രൂപീകരിക്കാവുന്നതാണ്.

സി. ഖാദിമേഖല

ഖാദി–ഗ്രാമ വ്യവസായ ബോർഡിന്റെ നിയന്ത്രണത്തിൽ ഈ പഞ്ചായത്തിലെ പത്തും പതിന്നാലും വാർഡുകളിൽ ഓരോ നൂൽനൂൽപ്പു കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നു. രണ്ടിലും കൂടി 30 പേർ ഉപജീവനം നടത്തുന്നുണ്ട്. തൊഴിൽ രഹിതർ ഏറെയുള്ള ഈ പഞ്ചായത്തിൽ ഖാദിബോർഡിന്റെ ആഭിമുഖ്യത്തിൽ തീപ്പെട്ടി, മെഴുകുതിരി, ചന്ദനത്തിരി, സോപ്പുനിർമ്മാണം, തേനീച്ചവളർത്തൽ പട്ടുനൂൽപ്പുഴു വളർത്തൽ എന്നിവ തുടങ്ങിയവ ഖാദി ഗ്രാമവ്യവസായ മേഖലയിൽ സംഘടിപ്പിച്ചാൽ തൊഴിലില്ലായ്മക്കു ഒരളവുവരെ പരിഹാരമാകും. ഈ ലക്ഷ്യം നേടുന്നതിനുവേണ്ടി ഈ പഞ്ചായത്ത് ഖാദിഗ്രാമമായി പ്രഖ്യാപിക്കേണ്ടതാണ്.

ഡി. നാളീകേര ബന്ധിത വ്യവസായം

താരതമ്യേന നാളീകേരം കൂടുതൽ ലഭ്യതയുള്ള പഞ്ചായത്തിന്റെ പശ്ചിമമേഖലയിൽ ഈ വ്യവസായത്തിനു സാദ്ധ്യതയുണ്ട്. നാളീകേരം സംഭരിച്ച് കൊപ്രയാക്കി വെളിച്ചെണ്ണ ഉല്പാദിപ്പിക്കുക. പിണ്ണാക്ക് ഉപയോഗിച്ച് കാലിത്തീറ്റ നിർമ്മിക്കുക, ചകരിച്ചോർ സംസ്കരണം, ചിരട്ട ഉപയോഗിച്ചുള്ള കരകൗശല വസ്തുക്കൾ ഉണ്ടാക്കുക തുടങ്ങിയവയ്ക്ക് സാദ്ധ്യതയുണ്ട്.

ഇ. ഇഷ്ടിക നിർമ്മാണം

ഈ പഞ്ചായത്തിന്റെ പടിഞ്ഞാറൻ പ്രദേശത്ത് ഇഷ്ടിക നിർമ്മാണത്തിനാവശ്യമായ പ്രത്യേകതരം കളിമൺ ലഭ്യമായതിനാൽ, പരിസ്ഥിതിക്കു ഹാനികരമല്ലാത്ത രീതിയിൽ ഈ വ്യവസായത്തിന് സാദ്ധ്യതയുണ്ട്.

എഫ്. റെഡിമെയ്ഡ് വസ്ത്ര നിർമ്മാണം, ബുക്ക് ബയന്റിംഗ്

ടെയിലറിംഗ്, എംബ്രോയിഡറി വർക്കു വൈദഗ്ദ്ധ്യം നേടിയ വനിതകൾ ഏറെയുള്ളതിനാൽ അവരുടെ തൊഴിൽ ലഭ്യത ഉറപ്പുവരുത്തുന്നതിന് ഈ വ്യവസായം വികസിപ്പിക്കാവുന്നതാണ്.

സ്കൂൾ കുട്ടികൾക്കും മറ്റും ആവശ്യമായ നോട്ടു ബുക്കു നിർമ്മിച്ച് വില്പന നടത്താവുന്ന തരത്തിൽ ബുക്ക്ബയന്റിംഗ് സംരംഭങ്ങൾ ആരംഭിക്കാവുന്നതാണ്.

ജി. ക്രഷിംഗ് യൂണിറ്റ്

ഈ പഞ്ചായത്തിന്റെ കിഴക്കൻ പ്രദേശങ്ങളിൽ കെട്ടിട നിർമ്മാണത്തിനും റോഡിനും മറ്റും ആവശ്യമായ പാറ ലഭ്യമായതിനാൽ ക്രഷിംഗ്യൂണിറ്റുകൾ സ്ഥാപിച്ച് ആവശ്യമായ മെറ്റൽ, ചിപ്സ് എന്നിവ ഉണ്ടാക്കുന്നതിനുള്ള സാദ്ധ്യത ഉണ്ട്.

എച്ച്. പഞ്ചായത്തിൽ ഒരു മിനി വ്യവസായ കേന്ദ്രം സ്ഥാപിക്കുക

മേൽ വിവരിച്ച വ്യവസായ സംരംഭങ്ങൾ സാധിതപ്രായമായാൽ ഈ പഞ്ചായത്തിലെ തൊഴിലില്ലായ്മയ്ക്ക് പരിഹാരവും തദ്വാരാ പഞ്ചായത്തിന് അഭിവൃദ്ധിയും ഉണ്ടാകും.

5.2 B

ഗതാഗതം



OFFICE OF THE PALLICKAL GRAMAPANCHAYAT
PATHANAMTHITTA DIST.
KERALA STATE
PAZHAKULAM. P.O.



5.2b

ഗതാഗതം

പത്തനംതിട്ട ജില്ലയിൽ ഗതാഗത സൗകര്യങ്ങൾ ഏറ്റവും കുറഞ്ഞ പഞ്ചായത്തുകളിൽ ഒന്നാണ് ഈ പഞ്ചായത്ത്. റെയിൽവേ തുടങ്ങിയ ആധുനിക സൗകര്യങ്ങൾ ഒന്നും തന്നെയില്ലാത്തതിനാൽ ബഹുഭൂരിപക്ഷം ആൾക്കാരും റോഡുഗതാഗതത്തെ ആശ്രയിക്കുന്നു. നിലവിലുള്ള ടാർ റോഡുകൾ പലതും ഗതാഗത യോഗ്യമല്ല. പഞ്ചായത്തിൽ നിലവിലുള്ള ടാർ റോഡുകളുടെ പട്ടിക താഴെ കൊടുക്കുന്നു.

പട്ടിക ഒന്ന് (ടാർ റോഡുകൾ)

ക്രമ നമ്പർ	റോഡ്	ഉടമസ്ഥത	ദൂരം കി.മി.	വീതി മീ.	ബസ്/മറ്റു യാത്രാ സൗകര്യം	റിമാർക്സ്
1.	എം.സി. റോഡ് (സ്റ്റേറ്റ് ഹൈവേ)	PWD	.2		ഉണ്ട്	കിഴക്കേ അതിര്
2.	കായംകുളം – പുനലൂർ റോഡ്	PWD	6		ഉണ്ട്	
3.	പഴകുളം – ആനയടി റോഡ്	PWD	8		ഉണ്ട്	
4.	ഈ.വി. (ചേന്നമ്പള്ളിൽ ജംഗ്ഷനിൽ തുടങ്ങി) റോഡ്	PWD	6		ഉണ്ട്	
5.	നെല്ലിമുകൾ – ആനയടിറോഡ്	PWD	5		ഉണ്ട്	
6.	ആലുംമൂട് – മുണ്ടപ്പള്ളി റോഡ്	PWD	5		ഉണ്ട്	

ക്രമ നമ്പർ	റോഡ്	ഉടമസ്ഥത	ദൂരം കി.മി.	വീതി മീ.	ബസ്/മറ്റു യാത്രാ സൗകര്യം	റിമാർക്സ്
7.	പുള്ളിപ്പാറ - പുത്തൻചന്ത റോഡ്	PWD	2		ഉണ്ട്	
8.	പെരിങ്ങനാട് ക്ഷേത്രം - നിരപ്പുകടവ് റോഡ്	PWD	2		ഉണ്ട്	
9.	കൊയ്പ്പള്ളി- കുന്നുംപുറം റോഡ്	PWD	1		ഉണ്ട്	
10.	പുത്തൻചന്ത - ആലുംമൂട് റോഡ്	പഞ്ചായത്ത്	2.5		ഇല്ല	
11.	ആലുംമൂട് - കൊല്ലോട്ടുകോളനി റോഡ്	PWD	2		ഉണ്ട്	
12.	ഹിരണ്യനല്ലൂർ ക്ഷേത്രം - തെങ്ങിനാൽ വഞ്ചിമുക്ക്	PWD	1		ഉണ്ട്	
13.	തെങ്ങിനാൽ - പുത്തൻ ചന്ത റോഡ്	പഞ്ചായത്ത്	2		ഉണ്ട്	
14.	പയ്യനല്ലൂർ - പുത്തൻചന്ത റോഡ്	പഞ്ചായത്ത്	1		ഇല്ല	
15.	പള്ളിക്കൽ മേക്കുന്നിമുകൾ - തെങ്ങമം റോഡ്	പഞ്ചായത്ത്	3		ഉണ്ട്	
16.	തെങ്ങമം - ചാത്താകുളം റോഡ്	PWD	1		ഉണ്ട്	
17.	പൊയ്ക മുക്ക് - കോട്ടപ്പുറംമുക്ക് റോഡ്	പഞ്ചായത്ത്	1		ഉണ്ട്	
18.	മേലൂട് - കുരമ്പാല റോഡ്	PWD	1		ഇല്ല	
19.	കോട്ടപ്പുറം - വെള്ളച്ചിറ - നൂറനാട് റോഡ്	PWD	1		ഇല്ല	
20.	പള്ളിക്കൽ ക്ഷേത്രം - മേടയിൽമുക്ക് റോഡ്	പഞ്ചായത്ത്	1		ഉണ്ട്	
21.	കുരിക്കാട്ടു പടി - ഗണേശവിലാസം റോഡ്	PWD	1		ഉണ്ട്	
22.	പള്ളിക്കൽ ചാല ജംഗഷൻ - ഗണപതിക്ഷേത്രം	പഞ്ചായത്ത്	1		ഇല്ല	
	ആകെ		55.5			

ടാർ ചെയ്യനുള്ള മെറ്റൽ റോഡുകളുടെ (19 കി.മീ.) വിശദ വിവരങ്ങൾ പട്ടിക 1ൽ കൊടുത്തിരിക്കുന്നു.

പട്ടിക രണ്ട് (ടാർ ചെയ്യേണ്ട മെറ്റൽ റോഡുകൾ)

ക്രമനമ്പർ	വാർഡ് നമ്പർ	റോഡ്	ടാർ ചെയ്യേണ്ട ദൂരം കി.മി.	വീതി
1	I	ഇല്ല	-	-
2.	II	ഇല്ല	-	-
3.	III	(i) കാത്താടി ജംഗഷൻ - പാണപ്പറമ്പിൽ	1	
4.		(ii) കാത്താടയ്ത്ത് ജംഗഷൻ - കാഞ്ഞിരവിളമുക്ക്	1	
5.	IV	(i) പള്ളിക്കൽ ക്ഷേത്രം - ഊന്നുകൽ	1	
6.		(ii) ഗണപതി ജംഗഷൻ - ട്രാൻസ്ഫോർമർ ജംഗ്ഷൻ	1	
7.	V	പുത്തൻചന്ത - മലമുമ്പ്	2	



പ്രധാന ജംഗ്ഷനുകൾ.





1. ഗ്യാരേജ്പടി ജംഗ്ഷൻ
2. ടേക്ക്ഓഫ്.
3. പഞ്ചായത്താഫീസ് ജംഗ്ഷൻ
4. കുമ്പംമൂട്.
5. പഴകുളം
6. തെരുവിന്താഴെ.
7. പന്തിനാലാം തൈമൺ
8. കുന്നുംപുറത്തിൽ
9. തെക്കുഭാഗം ജംഗ്ഷൻ
10. പൂതങ്കൽ ചന്ത കവലക്കുഴി
11. തെക്കുമുറി.
12. തെക്കേചാൽ പടിറ.
13. പുത്തനമ്പലം.
14. ട്രിവാൻഡ്രം ജംഗ്ഷൻ.
15. പാലം ജംഗ്ഷൻ.
16. പെരിങ്ങനാട്.
17. നെല്ലിമുകൾ.
18. നടുക്കേതിൽ ചന്ത.
19. തൊട്ടാവിളക്കൽ.
20. കുന്നുവിള.
21. മരുതിമൂട്ടിൽ.
22. മുറിവിൽ ജംഗ്ഷൻ.
23. മുണ്ടമ്പള്ളി.
24. ഗവ. L.P.S ജംഗ്ഷൻ.
25. പാറമുകൾ ജംഗ്ഷൻ.
26. തെക്കിനേഴൻ ജംഗ്ഷൻ.
27. പൂതങ്കൽ ചന്ത ജംഗ്ഷൻ
28. പുന്നിലാവ്.
29. തീർത്ഥങ്കൽ ജംഗ്ഷൻ.
33. വലഞ്ചേരി.
34. കുമ്പഴമുകൾ.
35. മുരുപ്പിൽ.
36. പനിവേലിക്കൽ.
37. ഉടുമ്പനിരി.
38. കാവിനകത്ത്.

ക്രമനമ്പർ	വാർഡ് നമ്പർ	റോഡ്	ടാർ ചെയ്യേണ്ട ദൂരം കി.മി.	വീതി
8.	VI/IX	ആലുംമൂട് - ചാല ജംഗഷൻ	1	
9.	VII	പാസ് ജംഗഷൻ - ഭവദാസൻ ജംഗഷൻ	2	
10.	VIII	ഇല്ല		
11.	IX	ഇല്ല		
12.	X	തെക്കടത്തുപടി - പതിന്നാലാം മൈൽ	2	
13.	X/XI/XII	കനാൽ റോഡ് - തൈവിളപ്പടി	2	
14.	XII	വഞ്ചക്കോട് - കുരമ്പാല	3	
15.	XIII	ഇല്ല		
16.	XIV	(i) കൈമവിള - കുഴിയത്ത് മുക്ക്	1	
17.		(ii) കാത്താടിവിള - കലതിവിള	0.25	
18.		(iii) വെള്ളച്ചിറ-കെ.ഐ.പി.അകഡറ്റ്-വിളയിൽഭാഗം	0.75	
19.		(iv) വാറുവിൽ ജംഗ്ഷൻ - കള്ളപ്പൻചിറ	1	
	ആകെ		19. കി.മി.	

മെറ്റൽ ചെയ്ത് ടാർ ചെയ്യേണ്ട റോഡുകളുടെ ഇനംതിരിച്ച വിവരം പട്ടിക 3 ൽ ചേർക്കുന്നു.

പട്ടിക മൂന്ന്

വാർഡ് 1

ക്രമനമ്പർ	റോഡിന്റെ പേര്	നീളം കി.മി.	വീതി മീ.
1	മുന്നാറ്റുകര - തെങ്ങമംചന്ത	2.	8
2	തോട്ടംമുക്ക് - പുമൂട്	1.5	8
3.	തോട്ടംമുക്ക് - അടയിൽപ്പാട്ട്	1.5	5
4.	തെങ്ങുംതുണ്ടിൽ - ഗുരുമന്ദിരം	1	6
5.	ശാസ്താംജംഗ്ഷൻ - ഇടക്കടവ്	.5	6
6.	തോപ്പിൽപ്പടി - വള്ളിക്കരിങ്ങാട്ടിൽ	.5	3
7.	വാളാനിലം - ഗണേശവിലാസം	1.75	3
8.	വട്ടക്കുഴി - ഗണേശവിലാസം	1.5	2
9.	പ്ലാമൂട്ടിൽ - അവിച്ചകുളം	1	4
10.	തോട്ടംമുക്ക് - തെങ്ങിനാൽ	2	6



ക്രമനമ്പർ	റോഡിന്റെ പേര്	നീളം കി.മി.	വീതി മീ.
11.	പ്ലാക്കാട്ട് - ചരുവിളപ്പടി	1	4
12.	പ്ലാക്കാട്ട് - മുഴിയിൽ	1.5	4
13.	തടത്തിൽപ്പടി - പുന്നക്കോട്	1	3
14.	ആലുവിളപ്പടി - കരിമ്പടംതുണ്ടം	1	5
15.	തെങ്ങുംതറ - കൈതാനം	1.5	3
16.	തോട്ടംമുക്ക് - മേവത്തൂർ	1	3
17.	പള്ളിമുക്ക് - കൈതാനം	1.5	2
18.	ഇളങ്ങള്ളൂർ - മടയിലക്കുഴി	1	3
19.	മുന്നാറ്റുകര -മന്ദിരംമുക്ക്	1.5	3
20.	ഗണേശവിലാസം - അടയ്പാട്ട്	1.5	3
21.	മുന്നാറ്റുകര -മാമൂട്	1.5	4
22.	അവിച്ചകുളം - കല്ലേലികലുങ്ക്	1	4
23.	മാമ്മൂട് - പള്ളിയന്തിപടിഞ്ഞാറ്റേതിൽപ്പടി	.5	3
24.	ഇടക്കടവ് - ഗണേശ വിലാസം	2	2

വാർഡ് 2

ക്രമനമ്പർ	റോഡിന്റെ പേര്	നീളം കി.മി.	വീതി മീ.
1.	പാലത്തിനാൽ - മാമൂട്	1.5	8
2.	പൗർണ്ണമി ജംഗഷൻ - നടേശ്ശേരിൽ	2.25	4
3.	ഫാക്ടറി ജംഗഷൻ - മന്ദിരംമുക്ക്	1	4
4.	ഇടശ്ശേരിൽ ജംഗ്ഷൻ - പുന്തോട്ടം	1.5	5
5.	നടേശ്ശേരിൽ ജംഗ്ഷൻ - പൂന്തോട്ടം	.5	5
6.	പാപ്പാടിക്കുന്ന് - കുത്തുപാലവിള	1.25	4
7.	കാഞ്ഞിരവിള - യു.പി.എസ് ജംഗ്ഷൻ	.5	5
8.	എൽ.പി.എസ് ജംഗ്ഷൻ - പാലത്തിൽകടവ്	1	5
9.	യു.പി.എസ്സ് ജംഗഷ്ൻ - തെങ്ങമം ചന്ത	.5	3.5
10.	ഫാക്ടറി ജംഗ്ഷൻ - അഞ്ചുതെങ്ങ്	.5	3.5
11.	തെങ്ങമം ചന്ത - പാലത്തിൽകടവ്	.5	5
12.	തെങ്ങമം ചന്ത - ഇളങ്ങള്ളൂർ	1.5	8

ക്രമനമ്പർ	റോഡിന്റെ പേര്	നീളം കി.മി.	വീതി മീ.
13.	മുളവിളജംഗ്ഷൻ - മുതലവിളക്കടവ്	1	3.5
14.	ചാത്താകുളം പാലം - രണ്ടുകണ്ണിക്കൽ	1.25	5
15.	മണ്ണുപുറം - എച്ച്.എസ്സ് ജംഗ്ഷൻ	.5	3.5
16.	കുത്തുപാലവിള - പൗർണ്ണമി മാറോട്ട്	1	4
17.	പാലമുറ്റത്തുവിള ജംഗ്ഷൻ - പാലവിള	.5	3

വാർഡ് 3

1	ആശാരിമുക്ക് - വാഴുവേലിൽ കിഴക്ക്	1	
2.	കാത്താടിയത്ത് ചന്ത - പാണംപറമ്പ്	1.5	
3.	വേറശ്ശേരി - വാക്കേക്കുറ്റി	.5	
4.	കാത്താടിവിള ചന്ത - കലതിവിള ജംഗ്ഷൻ	.5	
5.	കാത്താടേത്ത് ജംഗ്ഷൻ - കാഞ്ഞിരവിള ജംഗ്ഷൻ	.5	
6.	ലക്ഷംവീട് - കാത്താടേത്തു ജംഗ്ഷൻ	1	
7.	കടുവങ്കൽ - വാലേത്തു ജംഗ്ഷൻ	.5	
8.	മല്ലശ്ശേരി പടിഞ്ഞാറ് - മങ്ങാട്ടുതറ കിഴക്ക്	.5	
9.	വല്യത്ത് ജംഗ്ഷൻ - ചക്കൽചിറ ഹരിജൻകോളനി	2	
10.	കുളഞ്ഞിക്കാട്ടുകോളനി - പാറയിൽ ജംഗ്ഷൻ	.5	
11.	കാഞ്ഞിരവിള ജംഗ്ഷൻ - കൊല്ലൻവയൽ	1	
12.	ഹൈസ്കൂൾ ജംഗ്ഷൻ - ചേനം പുത്തൂർ	1.5	
13.	കലദിവിള ജംഗ്ഷൻ - പാലത്തുംകടവ്	1	
14.	പുത്തൻകളീക്കൽ ജംഗ്ഷൻ - മേടയിൽ ജംഗ്ഷൻ	2	

വാർഡ് 4

1	ചാല - പച്ചക്കാട്	.5	
2	കൊച്ചുവീട്ടിൽ പടി - H.S. Jn.	1	
3	കള്ളപ്പൻചിറ - ശ്രീകണ്ഠാള സ്വാമിക്ഷേത്രം	1	
4	ചാലുതുണ്ടിൽ - മേടയിൽ മുക്ക്	1	
5	മേടയിൽ മുക്ക് - പ്രീയദർശിനി കോളനി	1.5	
6	തുണ്ടത്തിൽ മുക്ക് - കൊരണ്ടിപ്പള്ളി വഴി	1	



ക്രമനമ്പർ	റോഡിന്റെ പേര്	നീളം കി.മി.	വീതി മീ.
7	ചാല ട്രാൻസ്ഫോമർ Jn. - കോലംകെട്ടി	1	
8	മേമിനേത്ത് ജംഗ്ഷൻ - ചാലുതുണ്ടിൽ	1	
9	മണ്ണവിള Jn. - ശ്രീകണ്ഠാളസ്വാമി ക്ഷേത്രം	1.2	
10	കൈമവീട്ടിൽ - കള്ളപ്പൻചിറ ഏല	.75	
11	ചാലയിൽ Jn. - പാറവിള പടി	.5	
12	മീനത്തേതിൽ തെക്ക് - പറന്തൂർ Jn.	.5	
13	ചാലയിൽ കയറ്റം - പഞ്ചായത്ത് അതിർത്തി	.5	
14	ചേനവിളമുക്ക് - കല്ലിടുമ്പ്	.5	
15	ചെറുവല്ലൂർ പടി - ആറാട്ട് ചിറ	.5	
16	പുതുപുരക്കൽ പടി - ആറാട്ട് ചിറ	.5	
17	പാലമേൽ പഞ്ചായത്ത് അതിർത്തി ഗണപതിയമ്പലം - പ്ലാവിള - പുത്തൻ പുരക്കൽ	.75	
18	പുത്തൻകളീക്കൽ പടി - വട്ടത്തറ ഏല	.5	
19	വല്യയ്യത്ത് Jn. - പുളിയത്തറ - തറയിൽ ഭാഗം	1	
20	കൈമവീട്ടിൽ - പോക്കാട്ടു വിള	.5	
21	മേമിനേത്ത് മുക്ക് - തട്ടാരുപറമ്പിൽ Jn.	.5	
22	കൊച്ചുകളീക്കൽ - കൊച്ചുവീട്ടിൽ ഏല	.5	
23	കാവിനാൽ - കൊച്ചുവീട്ടിൽ ഏല	.5	
24	കുന്നിലേത്ത് - മാലവിള Jn.	.5	
25	ആറുതുണ്ടിൽ - നാലുതുണ്ടിൽ കോളനി	.75	
26	വയലാറ്റുവിള - കളപ്പൻ ചിറകുളം	.5	
27	മൂന്നുതുണ്ടിൽ - ഓലിക്കൽ കുളം	.5	
28	തെറ്റിക്കുഴി - തൈവിള	.5	
29	വള്ളിതുണ്ടിൽ Jn. ഇടപ്ലാര	.15	
30	ചാലക്കുതെക്കേ പുത്തൻവീട് - പ്ലാതുണ്ടിൽ പടി	1	
31.	കൊട്ടക്കാട്ടുവിള - തോട്ടുകടവ്	.75	
32.	വള്ളിതുണ്ടിൽ - തോട്ടുകടവ്	.3	

വാർഡ് 5

1	അരമണ്ണൂർ മുക്ക് - ചെമ്പകവിള റോഡ്	1	4

ക്രമനമ്പർ	റോഡിന്റെ പേര്	നീളം കി.മി.	വീതി മീ.
2	പുത്തൻചന്ത - പൂമൂട് റോഡ്	3	6
3	കൈപ്പേൽ തടം - ശങ്കരമംഗലം റോഡ്	1	6
4	കരിമ്പടം തുണ്ടം - ഉപ്പിനിത്തറ റോഡ്	1.5	4
5	അരുമണ്ണൂർ - ഹിരണ്യനല്ലൂർ ക്ഷേത്രം	1.5	4
6	മണക്കാട്ടയ്യത്ത് മുക്ക് - പുന്നയ്ക്കോട്ട് റോഡ്	1	3
7	വലിയവിള മുക്ക് - കരിമ്പടം തുണ്ടം റോഡ്	1	4
8	അരുമണ്ണൂർ പടി - കൊല്ലന്റയ്യത്ത് റോഡ്	1.25	4
9	മുകളയ്യത്ത് പടി - മേലടത്ത് പടി	.5	4
10	എരിലയ്യത്ത് മുക്ക് - ലക്ഷംവീട് കോളനി (കോളനി റോഡ്)	1	4
11	പോളച്ചിറ പടി - മൂലപ്പുര റോഡ് (പോളച്ചിറ റോഡ്)	.5	3
12	കോണത്തുപള്ളി - ഒറ്റപ്ലാവിള മുക്ക് (കോണത്തു റോഡ്)	1	3
13	കോണത്തുപള്ളി മുക്ക് - വല്യത്തുപടി	1	5
14	കോണത്ത് - തോട്ടമുക്ക് റോഡ്	1	3
15	കോണത്തു വഞ്ചി മുക്ക് - കൊച്ചുതറ ജംഗ്ഷൻ	1.5	4
16	കൊച്ചുതറ മുക്ക് - മഞ്ഞിപ്പുഴ റോഡ് (ഈരിക്കൽ വടക്കുവശം)	1	3
17	ആശാരി മുക്ക് - ചക്കൻചിറ റോഡ്	.75	4
18	കാഞ്ഞിരവിള പടി - കുളഞ്ഞിക്കാട് (കോളനി റോഡ്)	1	4
19	കാഞ്ഞിരവിള - പുത്തൻവിള റോഡ് (കോളനി)	1	4
20	പുത്തൻവീട് പടി - ഊന്നുകല്ലു വിള	.5	4
21	ചാലപ്പുറമ്പ് - ഇരപ്പൻകുഴി	1	4
22	കെ.ആർ.കെ.പി. മെമ്മോറിയൽ - ഉദിക്കൽ വഴി കുമരംകുളം റോഡ്	1.5	4
23	പുന്തിലേത്തു മുക്ക് - ചാങ്ങേത്തുകിഴക്കേ മുക്ക്	.5	3
24	കൊട്ടയ്ക്കാട്ട് പടി - പഞ്ചായത്ത് അതിർത്തി തറോട്ടിൽ റോഡ്	1	4
25	മേക്കുന്നിൽ - നെടുനിലം (ആൽത്തറ മുകൾ റോഡ്)	.5	5
26	കരിമ്പടം തുണ്ടം - മേലാറ്റു റോഡ്	.5	3
27	മൂലപ്പുരപടി - കാണിക്കവഞ്ചി റോഡ്	.5	3

വാർഡ് 6

1	എരിലേത്തു പടി - ഇലവുക്കാട്ടു പടി	1	8
2	മാരൂർ പടി - പുലച്ചാതിവിള പടി	2	8



ക്രമനമ്പർ	റോഡിന്റെ പേര്	നീളം കി.മി.	വീതി മീ.
3	മീനത്തേതിൽ പടി - കിഴക്കേപ്ലാവിള പടി	1	6
4	പഞ്ചായത്താഫീസ് - എരീലേത്ത് പടി	750 മീ.	6
5	മൂഞ്ഞാറപടി - ചിറക്കോണിൽ ചിറ	1	5
6	മാതിരംപള്ളിൽ പടി - പോതുതറ പടി	1	5
7	മുകളിൽ പടി - കൊല്ലോട്ട് ഏലാറോഡ്	1	4
8	ചെങ്കിലാത്തു പടി - ആശാൻ തറ പടി	.5	5
9	പഞ്ചായത്താഫീസ് - ചിറ്റൂർ പടി	.5	5
10	ചക്കിട്ടതിൽ പടി - കല്ലിനാൽ പടി	750 മീ.	4
11	പുള്ളിപ്പാറ ജംഗ്ഷൻ - പെരുംചിറ ഏലാ	1	3
12	മുള്ളുള്ളതിൽ പടി തെക്കോട്ട് കനാൽ പാലം	400 മീ.	3
13	കോളാറ്റു പടി - വന്മേലിൽ ഏലാ	300 മീ.	3
14	പ്ലാവിള പടി - ചരുവിള പടി	500 മീ.	3
15	മാതിരംപള്ളി പടി - ഒയ്തോട്ട് ഏലാ	750 മീ.	5
16	കാഞ്ഞിരവിള പടി - വന്മേലിൽ ഏലാ	750 മീ.	3
17	ആലുംമൂട് വഞ്ചിമുക്ക് - ചാല	500 മീ.	8
18	ആലുംമൂട് വഞ്ചിമുക്ക് - പുന്തലവീട്ടിൽ ക്ഷേത്രം	1	6
19	പോക്കാട്ടുവിളതറ പടി - വാക്കയിൽ പ്ലാവിള പടി	1	3
20	തെങ്ങിനാൽ ഗുരുമന്ദിരം - തെങ്ങിനാൽ ഏലാ	500 മീ.	2.5
21	കാഞ്ഞിരവിള - തെങ്ങിനാൽ മേലേപ്പുറം	500 മീ.	2.5
22	കോട്ടയ്ക്കകത്ത് പടി - ചെങ്കിലാത്തു പടി	400 മീ.	3
23	നെല്ലിക്കാട്ടിൽ പടി - ഇടആലുവിള പടി	250 മീ.	2.5
24	മൂഞ്ഞാറപടി - ഒയ്തോട്ടു ചിറ	500 മീ.	3
25	കാത്താടയ്യത്ത് പടി - ആറുപന്തിയിൽ പടി	400 മീ.	3
26	ഒയ്തോട്ടുചിറ - ചിറക്കോണിൽ റോഡ്	300 മീ.	3
27	പുന്തിലേത്ത് പടി - ക്രോസ് ബാർ വരെ	200 മീ.	3
28	വി.എം.സി ജംഗ്ഷൻ മുതൽ - തുണ്ടിൽ കിഴക്ക് ഏലാ	250 മീ.	2.5
29	ഹൈലാൻഡ് എസ്റ്റേറ്റുപടി - ചിറയിൽ തടം റോഡ്	500 മീ.	2.5
30	പുത്തൻവിള പടി - വട്ടത്തുവയലിൽ കുളം	200 മീ.	2.5
31	തെങ്ങുവിള പടി - ചിറയിൽ ഏലാ	400 മീ.	3

ക്രമനമ്പർ	റോഡിന്റെ പേര്	നീളം കി.മി.	വീതി മീ.
32	കടുങ്കൽ പടി - ചെങ്കിലാത്ത് വടക്ക് ഏലാ	200 മീ.	3
33	കോയിക്കൽ പടി - ചെങ്കിലാത്ത് വടക്ക് ഏലാ	200 മീ.	2.5
34	മംഗലത്ത് വടക്കേതിൽ പടി മുതൽ പടിഞ്ഞാറോട്ട് എരീലേത്ത് തെക്കുവശം വരെ	250 മീ.	2.5
	വാർഡ് - 7		
1	തെങ്ങുംതാര - വടക്കടുത്ത് എസ്റ്റേറ്റ്	.5	7
2	പാസ് ജംഗ്ഷൻ - താന്നിവിള വഴി വടക്കടുത്ത് എസ്റ്റേറ്റ്	.5	7
3	പഴകുളം ജംഗ്ഷൻ - കടമാൻ കുളം	1.5	8
4	ഭവദാസൻ ജംഗ്ഷൻ - ചിറക്കോണിൽ ജംഗ്ഷൻ	1.5	7
5	തട്ടത്തി മുകൾ - പാസ് ജംഗ്ഷൻ	1	5
6	കടമാൻ കുളം - കഞ്ചുക്കോട്		
	വാർഡ് - 8		
1	ഏലായിൽ പടി - പാറക്കൂട്ടം പള്ളി മുക്ക്	2	7
2	മലമുകൾ - പാറക്കൂട്ടം	2	8
3	കൈതക്കോണിൽ - കരിന്താര വിള പടി	1.5	8
4	ആസാദ് ജംഗ്ഷൻ - കരിന്താരവിള പടി - ചാങ്ങേലിൽ വഴി പാറക്കൂട്ടം (കോളനി റോഡ്)	3	7
5	പുത്തൻ ചന്ത - ആലത്തിനാൽ - കടുവാങ്കുഴി വഴി കല്ലിക്കുളം	2	6
6	തുണ്ടിത്തറ - സെറ്റിൽമെന്റ് കോളനി ജംഗ്ഷൻ	1	5
7	പാറക്കൂട്ടം പള്ളിമുക്ക് - പാസ്പാറ വഴി - നെഹ്റു ഗ്രൗണ്ട്	1	7
8	ചെങ്കിലാത്തു പടി - തെങ്ങിനാൽ പൊയ്ക	1.5	5
9	മുളംതടത്തിൽ ജംഗ്ഷൻ - കൈതക്കോണിൽ പടി	1	4
10	മംഗലത്തു പടി - ശങ്കരമംഗലത്തു പടി	1	4
11	തുണ്ടിത്തറ ജംഗ്ഷൻ - പ്ലാക്കോട്ടു ജംഗ്ഷൻ	.75	4
12	ഊപ്പൻവിള ജംഗ്ഷൻ - കാട്ടിൽ ജംഗ്ഷൻ	.75	4
14	പാസ്പാറ ജംഗ്ഷൻ - ലെപ്രസി സാനിട്ടോറിയം	1	4
15	ഇലഞ്ഞിക്കോട് ജംഗ്ഷൻ - ഇരുവേലിൽ ഏലാ	1	5
16	അമ്പലത്തറ ജംഗ്ഷൻ - മായക്കോട്ട്	.75	4
17	ചാങ്ങേലിൽ പടി - പ്ലാവിറപ്പടി	1	3
18	പള്ളിമുരുപ്പ് ജംഗ്ഷൻ - അലക്കുചാട്ട് പടി	1	3



ക്രമനമ്പർ	റോഡിന്റെ പേര്	നീളം കി.മി.	വീതി മീ.
19	പള്ളിമുരുപ്പ് ജംഗ്ഷൻ - ഇലഞ്ഞിക്കോട്ടു ശവക്കോട്ട വഴി ആലത്തിനാൽ	1	3
20	പുല്ലോണിവിള പടി - പ്ലാക്കാട്ടു തറ	.5	3
21	വായനശാല ജംഗ്ഷൻ - പള്ളിമുരുപ്പ് (കോരമംഗലം കാവ്)	.5	3
22	അമ്പനാട്ടു പടി - കല്ലേലി കലുങ്ക്	.5	3
23	പുല്ലാഞ്ഞിവിള ജംഗ്ഷൻ - ഏലായിൽ ചരുവിള പടി	.5	2.5
24	പള്ളിമുരുപ്പ് - തെങ്ങിനാൽപൊയ്ക	.5	2.5
25	പള്ളിക്കൽ സെറ്റിൽ മെന്റ് കോളനിക്കകത്തുള്ള 6 റോഡുകൾ	2	3
	വാർഡ് - 9		
1	കാഴ്ചപറമ്പ് - നെല്ലിമുകൾ	3	6
2	നിരപ്പുകടവ് - ഇടയില വിള പടി	2 കി. 750 മീ.	5
3	റീത്തുപള്ളി മുക്ക് - പറങ്കിമാവിള	2 കി. 500 മീ.	5
4	പുത്തൻ ചന്ത - ആലത്തിനാൽ	1 കി. 50 മീ.	5
5	പുല്ലുംവിള പടി - വള്ളിക്കുളം	1	8
6	ആറാട്ടുകുളം - വിളയിൽ പടി	1 കി. 200 മീ.	4
7	മറുതാവിള പടി - പുതുക്കാട്ടു വിള	750 മീ.	4
8	മുളമുക്ക് വഴി അട്ടക്കോട്	750 മീ.	4
9	റീത്തുപള്ളിമുക്ക് - തറയിൽ പടി	2	5
10	വിളയ്ക്കാട്ടു പടി - ഏലായിൽ	500 മീ.	4
11	തടത്തിൽ പടി - പള്ളിയ്ക്കലാറ്	1	4
12	തടത്തിൽ പടി - പുതുമാടത്തിൽ	500 മീ.	4
13	ഇടയിലവിള പടി - തേവോട്ടു പടി	750 മീ.	4
14	ആറാട്ടുകുളം കാരയ്ക്കാട്ടു വഴി വിളയിൽ	1	4
15	വല്ലാക്കുന്നിൽ പടി - അട്ടക്കോട്	750 മീ.	4
16	നെടിയംമുക്ക് അംഗൻവാടി വഴി - അട്ടക്കോട്	500 മീ.	4
17	ഇടയിലവിള പടി ശ്രീനഗർ വഴി - പാറയ്ക്കൽ	1	5
	വാർഡ് - 10		
1	കുന്നുംപുറത്ത് മുക്ക് - ചെമ്പേലികോണം	.5	
2	ചെമ്പേലികോണം - പാണന്റയ്യത്ത് മുക്ക്	.5	
3	കുരിക്കാട്ടു മുക്ക് - വട്ടയ്ക്കാട്ടു തറ	1	

ക്രമനമ്പർ	റോഡിന്റെ പേര്	നീളം കി.മീ.	വീതി മീ.
4	കുന്നുംപുറത്ത് - ചാങ്ങേത്തു പടി	1	
5	റ്റി.എം.ജി. എച്ച്.എസ്. ജംഗ്ഷൻ - ചാങ്ങേത്തു പടി	1	
6	ചാമവിള പടി - കുരിക്കാട്ട ഏലാ	3	
7	14-ാം മൈൽ - പുത്തൻ ചന്ത	2	
8	മലമേക്കര - ആലുംമൂട്	4	
9	പുത്തൻവീട്ടിൽ പടി - മള്ളേത്തു പടി	1.5	
10	കൊപ്പാറേത്തു പടി - തറയിൽ പടി	1.5	
11	കാത്താടേത്തു പടി - കൊച്ചിലവുക്കാട്ട് പടി	1	
12	പാലക്കോട്ടു പടി - കൊട്ടയ്ക്കാട്ടേത്തു പടി	1	
13	നാലുതുണ്ടിൽ പടി - കൊച്ചുവീട്ടിൽ പടി	.5	
14	കുറ്റീപ്പടി - വേമ്പുംതാനത്തു പടി	.5	
15	കുറ്റീപ്പടി - മുണ്ടപ്പള്ളി വയൽ	1	
16	തടയിൽ കിഴക്കേ മുക്ക് - വാളക്കോട്ടു വയൽ	.5	
17	കൊച്ചുവീട്ടിൽ പടി - കോണത്തു പടി	300 മീ.	
18	ചാങ്ങേത്തു മുക്ക് - പുതുമഠത്തിൽ കടവ്	.5	
19	കുരിശും മൂട് - പൂവൻകുന്ന് പള്ളി	1	
20	കുഴീലേത്തു പടി - നിരപ്പു കടവ്	.5	
21	പുലിപ്ര പടി - പൂവക്കോട്ടു വയൽ	1	
22	ആറാട്ടുകുളം - കുറ്റീലയ്യത്ത് പടി	.5	
23	നിരപ്പുകടവ് - അട്ടക്കോട്ട് വയൽ ഏലാ	.5	
	വാർഡ് -11		
1	തെങ്ങുംതാര - മുള്ളൻകുഴിവഴി അഞ്ചുകണ്ടത്തിൽ	1	5
2	പഴകുളം പാസ് ജംഗ്ഷൻ - 14-ാം മൈൽ	2	8
3	പാസ് ജംഗ്ഷൻ - കോലമല - ചാല വഴി 14-ാം മൈൽ	3.5	7
4.	പാസ് ജംഗ്ഷൻ - പുന്തലവീട്ടിൽ ദേവീ ക്ഷേത്രം വഴി ആലുംമൂട്	.5	5
5.	ആലുംമൂട് - ചാല	.5	8
6.	നാലുതുണ്ടിൽ - ചാല സ്റ്റേഡിയെ വഴി തെന്നാപ്പറമ്പ്	1.5	4
7.	തെന്നാപ്പറമ്പ് - കുരട്ടുമുകൾ	1.5	5
8.	പുള്ളിപ്പാറ - പുത്തൻചന്ത	2	7



ക്രമനമ്പർ	റോഡിന്റെ പേര്	നീളം കി.മി.	വീതി മീ.
9.	14-ാം മൈൽ - വാളക്കോട്ട്	1	5
10.	പുന്തലവീട്ടിൽ ക്ഷേത്രം - കോലമല ചാല	1	3
11.	പുന്തലവീട്ടിൽ ക്ഷേത്രം - കാഞ്ഞിരവിളപ്പടി	.5	4
12.	കാഞ്ഞിരപ്പാറ - നാലുതുണ്ടിൽ	1.5	4
13.	സ്റ്റേഡിയം - മേലൂട്ട് വയൽ	.2	3
14.	പറമ്പുവിളപ്പടി - മേലൂട്ട് വയൽ	.4	4
15.	കല്ലുംപുറത്തുപടി - കനാൽ	.2	4
16.	കല്ലുംപുറത്തു പടി - പ്ലാവിളപടി കനാൽ	.2	4
17.	കാവുള്ളമുക്ക് - കനാൽ	.2	3
18.	നാലുതുണ്ടിൽപ്പടി - കനാൽ	.2	3
19.	നാലുതുണ്ടിൽപ്പടി - മേലൂട്ട് വയൽ	.2	4
20.	ആലുവിളപ്പടി - കാഞ്ഞിരപ്പാറ	1	5
21.	പടിഞ്ഞാറെ ചാല - കാഞ്ഞിരപ്പാറ - തെന്നാപ്പറമ്പ്	1	4
22.	കൊച്ചുതുണ്ടിൽപ്പടി - മേലൂട്ട് വയൽ	.3	3
23.	അമ്മുമ്മപ്പാറ - തെന്നാപ്പറമ്പ്	1.5	5
24.	അമ്മുമ്മപ്പാറ - തെന്നാപ്പറമ്പ് വയൽ	.5	3
25.	കോലമല ബംഗ്ലാവ് - പുതുക്കാട്ട് പടി	.4	3
26.	കോലമലമുള്ളൻ കുഴി - തെങ്ങുംതാര	.5	3
27.	ഉദിവിളമുക്ക് - കിണറ്റോട്ടുകുളം	.25	4
28.	പച്ചക്കാട്ടിൽ - ആലുംമൂട്		
29.	ചെറുകോൽ പടി - പോസ്റ്റാഫീസ് പടി	.5	
30.	ആശാരിയേത്ത് മുക്ക് - സഹകരണസംഘം പടി	.5	
31.	കനാൽ റോഡ് - മുകളുവിളപ്പടി	.5	
32.	തേവലക്കോട് - മുകളുവിളപ്പടി	.5	
	വാർഡ് - 12		
1.	തെങ്ങുംതാര - പറന്തൽ	3	7
2.	കടമാൻകുളം - പന്നിവേലിക്കൽ	2	5
3.	പന്നിവേലിൽ - തണ്ണിക്കോട്ട്	2	5
4.	കല്ലേലിൽപടി - കടമാൻകുളം	1.5	5

ക്രമനമ്പർ	റോഡിന്റെ പേര്	നീളം കി.മി.	വീതി മീ.
5.	കരിന്തേന്നൂർ - വട്ടംതിട്ട വഴി പള്ളിപ്പടി	1.5	5
6.	കരിന്തേന്നൂർ - വട്ടംതിട്ട - 14-ാം മൈൽ	1.5	5
7.	പനച്ചിവിള - മുളമൂട്ടിൽ തടം	1	4
8.	മങ്ങാരത്ത് - കന്നിമേൽ	1	3
9.	മാടയ്ക്കൽ - വട്ടവിള	.5	4
10.	കുറച്ചിമലചിറ - മുളമൂട്ടിൽ തടം	2.5	6
11.	കരിങ്കുറ്റിക്കൽ - മുളമൂട്ടിൽതടം വഴി മിത്രപുരം	2	8
12.	വായനശാല - കുഴീനാൽവഴി മിത്രപുരം	2.5	8
13.	വായനശാല - കുഴിനാൽ വഴി മിത്രപുരം	2.5	7
14.	തോണ്ടുകണ്ടത്തിൽ - കരിങ്കുറ്റിക്കൽ	.5	7
15.	മമ്പോഴി - പന്നിവേലിക്കൽ	.5	4
16.	കരിംങ്കുറ്റിക്കൽ - ഉദയഗിരി	.75	4
17.	ഉദയഗിരി - കണിയാംകോണം	.5	6
18.	മൈലാടുംവിള - വെള്ളച്ചാൽ	1	4
19.	കുഴിനാൽ - മിത്രപുരം	1	3
20.	കരിംങ്കുറ്റിക്കൽ - കണിയാംകോണം ക്ഷേത്രം - ഉദയഗിരി	1	3
21.	കളീലുവിളപ്പടി - വള്ളിക്കാന റോഡ്	.5	3

വാർഡ് - 13

1.	ചേന്നംമ്പള്ളിൽ ജംഗ്ഷൻ - ലക്ഷംവീട് കോളനി - മിത്രപുരം	1.5	4
2.	ഹൈസ്കൂൾ ജംഗ്ഷൻ - മലമേക്കര ആൽത്തറ ജംഗ്ഷൻ	1	3
3.	തെങ്ങുവിള പടി - കണ്ണമ്പട്ടിമുക്ക് - പഞ്ചായത്ത് കോളനി വരെ	2.5	3
4.	മലമേക്കര ആൽത്തറജംഗ്ഷൻ - വല്യവീട്ടിപ്പടി - കണ്ണമത്തുമുക്ക്	1	3
5.	വിവേകാനന്ദ വായനശാലമുക്ക് - കല്ലൂർപ്പടി	.75	3
6.	ചരുവയ്യത്തുപടി - പഞ്ചായത്തു കോളനിമുക്ക്	.5	3
7.	ചേന്നംമ്പള്ളിൽ ക്ഷേത്രം മുതൽ വടക്കോട്ട് - എം.സി. റോഡ്	1.25	3
8.	ചേന്നംമ്പള്ളിൽ ക്ഷേത്രം പറമ്പരികിലൂടെ കിഴക്കോട്ട് - തെങ്ങുവിള പടി വരെ	.5	3
9.	ഇ.വി. റോഡിൽ കൈലാസ് പടി മുതൽ പടിഞ്ഞാട്ട് വേളക്കാട്ടുവരെ	.5	3
10.	മേടത്തറ പടി - നെടിയാറുവിള പടി	.5	3
11.	ഗേൾസ് ഹൈസ്കൂൾ - ശങ്കരവിലാസം പടി - കണമമ്പട്ടിമുക്ക്	.5	3



ക്രമനമ്പർ	റോഡിന്റെ പേര്	നീളം കി.മി.	വീതി മീ.
12.	കല്ലുംപുറത്ത് മുക്ക് - ചെറുകര പടി	.5	3
13.	ലക്ഷംവീട് കോളനി - കുഴിനാൽ ജംഗ്ഷൻ വരെ	.75	3
14.	ചാമത്തടത്തിൽ മുക്ക് പടിഞ്ഞാട്ട് - ഏലാവരെ	.5	3
15.	ആത്തിരക്കിൽ മുക്ക് - പുളിയറ മുക്ക്	.5	3
16.	മലമേക്കര -ആയിക്കുന്നത്ത് പടി - കിഴക്ക് ഏലാ വരെ	.53	
17.	ചൈതന്യപ്പടി - കിഴക്കോട്ട് ഏലാ വരെ	.5	3
18.	കല്ലും പുറത്ത് മുക്ക് - മലമേക്കര ആൽത്തറ വരെ	.5	3
19.	കൊറ്റംകോട്ട് കുളത്തിന്റെ മേലേ മുക്ക് - പറങ്കാംവിള പടി വരെ	.5	3
20.	ലക്ഷംവീട് മുതൽ കിഴക്കോട്ട് - ഏലാ വരെ	.5	3
21.	ചെറുവള്ളിമുക്ക് (ആശ്രമത്തിനു വടക്ക്) - കിഴക്കേ ഏലാ വരെ	.5	3
22.	കൊറ്റംകോട്ട് ഏലായുടെ വടക്കേ അറ്റത്തു നിന്നും കിഴക്കോട്ട് - തെക്കോട്ടുള്ള റോഡ്	1.00	3
23.	പുന്നക്കുന്നിൽ നിന്നും കിഴക്കോട്ട് - എം.സി. റോഡ് വരെ	.5	3
24.	കൊറ്റം കോളത്തിന്റെ താഴെ നിന്നും കിഴക്കോട്ട് - പുന്നക്കുന്നു വരെ	.5	3
25.	നമ്പൂരേത്ത് മുക്കിൽ നിന്നും വടക്കോട്ട് - അമ്മ കണ്ടകര ഏലാ വരെ	.5	3
26.	നമ്പൂരേത്തു കിഴക്കേ മുക്കിൽ നിന്നും - അമ്മ കണ്ടകര ഏലാ വരെ	.5	3
27.	മലമേക്കര ആൽ തറയ്ക്കു വടക്ക് - മുള്ളും കാട്ടിൽ പടി - ചാലക്കര	1	3
28.	മലമേക്കര കണ്ണമത്തു പടി - പടിഞ്ഞാറ് കോടാലി വയൽ ഏലാ വരെ	.5	3
29.	ആത്തിരിക്കൽ പടി - കിഴക്കേ ഏലാ വരെ	.3	3
	വാർഡ് - 14		
1.	തെങ്ങമം ജംഗ്ഷൻ - ഓലിക്കൽ ജംഗ്ഷൻ (തെങ്ങമം എച്ച്. എസ്സ് ജംഗ്ഷൻ, ചെറുകുന്നം പൊയ്ക, കൈകയ്ക്കൽ കൈമവിള ജംഗ്ഷൻ)	4	
2.	പന്തപ്ലാവ് ജംഗ്ഷൻ - പള്ളിക്കൽ പഞ്ചായത്ത് അതിർത്തി	2	
3.	കലതി വിള ജംഗ്ഷൻ - പന്തപ്ലാവിൽ ജംഗ്ഷൻ	2	
4.	കൈതയ്ക്കൽ പുത്തൻവിള ജംഗ്ഷൻ - ചെറുകുന്നം ഗുരുമന്ദിരം	1.	
5.	കല്ലുള്ളതിൽ ജംഗ്ഷൻ - ജ്യോതിസ് ജംഗ്ഷൻ	1	
6.	ജ്യോതിസ് ജംഗ്ഷൻ - പുത്തൻവീട്ടിൽ പടി	.8	
7.	മണിമംഗലത്ത് ജംഗ്ഷൻ - കാവുള്ളതിൽ ജംഗ്ഷൻ	.75	
8.	പുത്തൻ വിള ജംഗ്ഷൻ - തോട്ടുവ ചന്ത	1.5	
9.	ആരുണോദയം ജംഗ്ഷൻ - ഓലിക്കൽ	.8	

ക്രമനമ്പർ	റോഡിന്റെ പേര്	നീളം കി.മി.	വീതി മീ.
10.	വിളയിൽ തെക്കേതിൽ ജംഗ്ഷൻ -ചെറുകുന്നം ഏലാ റോഡ്	.8	
11.	ചേനംപുത്തൂർ - രണ്ടുകണ്ണിക്കൽ	.75	
12.	അറവാച്ചയ്യത്ത് ജംഗ്ഷൻ - വേറശ്ശേരിൽ ജംഗ്ഷൻ	.8	
13.	പുത്തൻപുരക്കൽ ജംഗ്ഷൻ - വല്ല്യയ്യത്തു ജംഗ്ഷൻ	.5	
14.	ചെറുകുന്നം പൊയ്ക - കൈമവിള ജംഗ്ഷൻ	.5	
15.	കൈതയ്ക്കൽ ടി.വി. കിയോസ്ക് ജംഗ്ഷൻ - പിണക്കത്തുവിള ജംഗ്ഷൻ	1	
16.	കൊച്ചുതുണ്ടിൽ മുക്ക് - പാലത്തിന്റെ വടക്കേതിൽ ജംഗ്ഷൻ	.75	
17.	കൈതയ്ക്കൽ എൻ.എസ്സ്.എസ്സ്. കരയോഗം ജംഗ്ഷൻ - ചെരുകുന്നം പൊയ്ക ജംഗ്ഷൻ	1	
18.	പുത്തൻപുരയ്ക്കൽ ജംഗ്ഷൻ - നഗരൂർ ജംഗ്ഷൻ	.5	
19.	കോടൻവിള ജംഗ്ഷൻ - കെ.ഐ.പി. കനാൽ ജംഗ്ഷൻ	.75	
20.	കൊച്ചുവിള ജംഗ്ഷൻ - ഗായത്രി ജംഗ്ഷൻ	.5	
21.	സുനിൽഭവനം ജംഗ്ഷൻ - ചെറുകുന്നം ഏലാ	.75	
22.	ആനന്ദാലയം ജംഗ്ഷൻ - ചെറുകുന്നം ഏലാ	.75	
23.	ചെരികല്ലൂർ ജംഗ്ഷൻ - തോട്ടുകടവ്	1	
24.	പുത്തൻവീട്ടിൽ പടി - മണ്ണൂർ തെക്കേതിൽ ജംഗ്ഷൻ	.8	
25.	കൈതയ്ക്കൽ എൻ.എസ്സ്. എസ്സ് കരയോഗ ജംഗ്ഷൻ - പ്ലാവിള ജംഗ്ഷൻ	.8	
26.	വാറുവിൽ ജംഗ്ഷൻ - കിണറുവിള ജംഗ്ഷൻ	.8	
27.	പോണാൽ ജംഗ്ഷൻ - ചെട്ടിയാന്റയ്യത്ത് ജംഗ്ഷൻ	.8	
28.	കാവുള്ളതിൽ ജംഗ്ഷൻ - തോട്ടുവ ചന്ത		

മേൽ സ്ഥിതി വിവരങ്ങളിൽ നിന്നും ഈ പഞ്ചായത്തിന്റെ ഗതാഗത സൗകര്യങ്ങളുടെ പിന്നോക്കാവസ്ഥ വ്യക്തമാകുന്നതാണ്. ഏതാനും ചില സ്വകാര്യ ബസ് സർവ്വീസുകൾ നടത്തപ്പെടുന്നതല്ലാതെ, റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ വക സർവ്വീസുകൾ കാര്യമായി നടത്തുന്നില്ല. ഉണ്ടായിരുന്നതിൽ ചിലത് സമീപകാലത്തായി മുടങ്ങുകയും ചെയ്തിരിക്കുന്നു. ദീർഘദൂരം സർവ്വീസുകൾ ഇപ്പോൾ ഈ പഞ്ചായത്തിൽ കൂടി ഇല്ല (ഫാസ്റ്റ് പാസഞ്ചർ, സൂപ്പർ ഫാസ്റ്റ് സർവ്വീസ് തുടങ്ങിയവ).

❑

പ്രധാന റോഡുകൾ


പ്രധാന റോഡുകൾ
K.P. റോഡ്
(1) ആനയടി – പഴകുളം
(2) E.V. റോഡ്
(3) നെല്ലിമുകൾ – നൊങ്ങോട്ടം (via) ആനയടി
(4) ആനാട് – മുതനാട്
(5) മേലൂട് – തെങ്ങുമം.
(6) ആക്കുംകുഴി – തെങ്ങിനാൽ.
(3) ആക്കുംകുഴി – ചിറ്റല
(4) ആക്കുംകുഴി – പുണ്ടിയാന (via) ചിറ്റല.
(5) പഴനാക്കുഴി – പുണ്ടിയാന.
(6) പതിനഞ്ചാംകണ്ടൽ – മുതനാട്ടല.
തോട്ടം
അടൂർ.
കായംകുളം
ആനാട്
ചിറ്റല
ചക്കുവള്ളി
നെല്ലിമുകൾ.

5.2 C

ഊർജ്ജം

OFFICE OF THE PALLICKAL GRAMAPANCHAYAT
PATHANAMTHITTA DIST.
KERALA STATE
PAZHAKULAM.P.O.



5.2c

ഊർജ്ജമേഖല

നാല്പത്തി ഒന്ന് വർഷങ്ങൾക്കു മുമ്പ് ഈ പഞ്ചായത്തിൽ വൈദ്യുതി എത്തിയെങ്കിൽ പോലും ഇപ്പോഴും പഞ്ചായത്തിന്റെ പലഭാഗങ്ങളിലും വൈദ്യുതി എത്തിയിട്ടില്ല.. വൈദ്യുതി ആവശ്യമുള്ള ഉപഭോക്താക്കളുടെ എണ്ണം വളരെ വർദ്ധിച്ചിട്ടുണ്ടെങ്കിലും അതനുസരിച്ചുള്ള വൈദ്യുതി കണക്ഷനുകൾ നാളിതുവരെ ലഭ്യമായിട്ടില്ല. നിലവിലുള്ള ഉപഭോക്താക്കളുടെ ഇനം തിരിച്ചുള്ള കണക്ക് താഴെ കൊടുക്കുന്നു.

പട്ടിക – 1

ക്രമനമ്പർ	ഇനം	അടൂർ സെക്ഷൻ	കടമ്പനാട് സെക്ഷൻ	പന്തളം സെക്ഷൻ
1	ഗാർഹികം	3,016	879	20
2	വ്യാപാരം	310	79	3
3	വ്യാവസായികം	33	05	–
4	കാർഷികം	89	27	–

അടൂർ ഇലക്ട്രിക്കൽ മേജർ സെക്ഷനിൽ 20.11.1993 വരെ അപേക്ഷകൾക്കും കടമ്പനാട് ഇലക്ട്രിക്കൽ സെക്ഷനിൽ 7.12.1993 വരെയുള്ള അപേക്ഷകൾക്കും കണക്ഷൻ നൽകിയിട്ടുള്ളതായി കാണുന്നു. അടൂർ സെക്ഷന്റെ കീഴിൽ 393 ബൾബുകളും 93 ട്യൂബു ലൈറ്റുകളും 5 സോഡിയം വേപ്പർ ലാമ്പുകളും സ്ട്രീറ്റ് കണക്ഷനുകളിൽ കൊടു

ത്തിട്ടുണ്ട്. കടമ്പനാട് സെക്ഷന്റെ കീഴിൽ വിവിധയിനം സാധാരണ ബൾബുകളും 2 ട്യൂബ് ലൈറ്റുകളും സ്ട്രീറ്റ് കണക്ഷനായി കൊടുത്തിട്ടുണ്ട്. സ്ട്രീറ്റ് ലൈറ്റുകൾവേണ്ടി പഞ്ചായത്ത് മൂന്ന് സെക്ഷനുകളിലുംകൂടി 6,948 രൂപ പ്രതിമാസം ചെലവിടുന്നുണ്ട്.

ഈ പഞ്ചായത്തിന്റെ വിവിധ വാർഡുകളിലായി അംഗീകരിച്ചതും അല്ലാത്തതുമായ 30 കോളനികൾ ഉണ്ട്. ഈ കോളനികളിലെ കുടുംബങ്ങളിൽ വൈദ്യുതി കണക്ഷൻ ലഭിച്ചവരുടെ എണ്ണം കുറവാണ്. കൂടാതെ വൈദ്യുതി എത്താത്ത നിരവധി മേഖലകൾ ഈ പഞ്ചായത്തിൽ ഇപ്പോഴുമുണ്ട്.

വൈദ്യുതി എത്തേണ്ട പ്രദേശങ്ങൾ

വാർഡു നമ്പർ	വൈദ്യുതീകരിക്കേണ്ട പ്രദേശം
I	മുന്നാറ്റുകര കോളനി
	അവിച്ചക്കുളം ഭാഗം
	പൂന്തോട്ടം വടക്ക്
	കുറ്റിയിൽ ഭാഗം
	അടേപ്പാട് ഭാഗം
	ഇടക്കടവ് പടി
	വാളാനിലത്ത് കിഴക്കേക്കര
	പ്ലാക്കാട് ജംഗ്ഷൻ മുതൽ തെങ്ങുംതുണ്ടു ഭാഗം വരെ
	പ്ലാക്കാട് ജംഗ്ഷൻ മുതൽ ചരുവിളപ്പടി വരെ
	തോട്ടം മുക്കു വെയിറ്റിംഗ്ഷെഡ് മുതൽ ശാസ്താ ജംഗ്ഷൻ വരെ
II	പറങ്കാംമൂട് മുതൽ ഫാക്ടറി ജംഗ്ഷൻ വരെ
	നടേശ്ശേരിൽ ജംഗ്ഷൻ മുതൽ പറങ്കാംമൂടു വരെ
	മുക്കംപൊയ്ക ജംഗ്ഷൻ മുതൽ കിഴക്കോട്ട് പൂന്തോട്ടം – മുന്നാറ്റുകര I.H.D.P. കോളനി വരെ
	മന്ദിരം മുക്കു മുതൽ ഫാക്ടറി ജംഗ്ഷൻ വരെ
	തെങ്ങമം ചന്ത മുതൽ മുതലവിള കടവു വരെ.
III	തോട്ടുവാ–ഭരണിക്കാവ് ക്ഷേത്രം – ചേനം പുത്തൂർ പനം കടവ്
	തോട്ടുവാ ചെമ്പകശ്ശേരി ജംഗ്ഷൻ – വള്ളിയത്തു ജംഗ്ഷൻ
	പാറപ്പുറം ഭാഗം – കാഞ്ഞിരവിള വടക്കേതിൽ ഭാഗം
	മല്ലശ്ശേരിൽ ഭാഗം – മങ്ങാട്ടുതറ ഭാഗം
	തെങ്ങമം ജംഗ്ഷൻ – തോട്ടുവാ ഭരണിക്കാവ് ദേവീക്ഷേത്രം
	പള്ളീലേത്ത് ജംഗ്ഷൻ – കവറാട്ടുപടീറ്റതിൽ ജംഗ്ഷൻ



വാർഡു നമ്പർ	വൈദ്യുതീകരിക്കേണ്ട പ്രദേശം
	പാറപ്പുറം ഭാഗം – കാഞ്ഞിരവിള ജംഗ്ഷൻ
IV	ഓലിക്കൽ കോളനി
	നാലുതുണ്ടിൽ കോളനി
	ലക്ഷംവീടു കോളനി
	ചാലുതുണ്ടിൽ ഭാഗം
	കിരിയാച്ചുംവിള ജംഗ്ഷൻ മുതൽ വയലാറ്റുവിള മുക്കു വരെ
	പുത്തൻവിള ജംഗ്ഷൻ മുതൽ കോലംകെട്ടി ജംഗ്ഷൻ വരെ
	കൊച്ചുകളീക്കൽ ജംഗ്ഷൻ മുതൽ ഇരട്ടക്കാലിൽ ജംഗ്ഷൻ വരെ
V	പുന്നക്കോടു കോളനി
VI	മാരൂർപടി – പുലച്ചാതിവിള പടി
	മൂഞ്ഞാറപടി – ചിറക്കോണിൽ ചിറ
	പുള്ളിപ്പാറ ട്രാൻസ്ഫോർമർ മുതൽ തെങ്ങിനാൽ വരെ
	ചെങ്കിലാത്തു പടി മുതൽ ആശാൻതറ പടി വരെ
	മാതിരംപള്ളി പടി മുതൽ പൊതുതറ പടി വരെ
	മീനത്തേതിൽ പടി മുതൽ കിഴക്കേപ്ലാവിള പടി വരെ
	പുള്ളിപ്പാറ ജംഗ്ഷൻ മുതൽ പെരുംചിറ ഏലാ വരെ
	ഹിരണ്യനല്ലൂർ ക്ഷേത്രത്തിനു മുൻവശം മുതൽ കുന്നിൽപടി വഴി മുകളിൽ പടി വരെ
	ഹിരണ്യനല്ലൂർ ക്ഷേത്രത്തിനു മുൻവശം മുതൽ വടക്കോട്ട് എരീലേത്തു പടി വരെ
	ഹിരണ്യനല്ലൂർ ക്ഷേത്രത്തിനു മുൻവശം മുതൽ ഇലവുക്കാട്ടുപടി വരെ
VII	ഭവദാസ് ജംഗ്ഷൻ മുതൽ പ്ലാവിള ജംഗ്ഷൻ വരെ
	തട്ടത്തു മുകൾ പ്രദേശം
	ചിറക്കോണി കോളനി പ്രദേശം
VIII	പള്ളിക്കൽ സെറ്റിൽമെന്റു കോളനി (ഏലായിൽ കോളനി)
	തെങ്ങിനാൽ ഭാഗം
	ഇലഞ്ഞിക്കോട്ടു ഭാഗം
	മുളന്തടത്തിൽ ഭാഗം
	പാറക്കൂട്ടം നെഹ്രുഗ്രൗണ്ടു ഭാഗം
	ഊപ്പൻ വിള ഭാഗം
	പ്ലാക്കാട്ടുതറ ഭാഗം
IX	ശ്രീനഗർ ജംഗ്ഷനു പടിഞ്ഞാറുള്ള പ്രദേശം

വാർഡു നമ്പർ	വൈദ്യുതീകരിക്കേണ്ട പ്രദേശം
IX	ഇടയിലവിളയുടെ കിഴക്കും തെക്കും ഭാഗങ്ങൾ
	പെരിങ്ങനാട് പുത്തൻ ചന്തക്കു തെക്കുള്ള ഭാഗം
	പുറവില മുകളിന്റെ കിഴക്കും വടക്കും ഭാഗങ്ങൾ
X	കൊച്ചുതുണ്ടിൽ പടി മുതൽ പുള്ളിപ്പാറ വരെ
XI	തെങ്ങുംതാര മുതൽ തെക്കോട്ട് കോലമല കോളനിവരെ
	ആലുംമൂടു മുതൽ ചാലവരെ
	ചരിവുകാല ജംഗ്ഷൻ മുതൽ കോലമല വരെ
	പെരിങ്ങനാടു വടക്ക് L.P.S. ലേക്ക്
	കോലമലയിൽ നിന്നും പടിഞ്ഞാട്ട് പുന്തലവീട്ടിൽ ക്ഷേത്രം വരെ
XII	തെങ്ങുംതാര മുതൽ വടക്കോട്ട് പന്നിവേലിക്കൽ വരെ
	കടമാംകുളം – വട്ടവിള പ്രദേശം
	ഉദയഗിരി – ഇടത്തറഭാഗം
	തണ്ണിക്കോട് – വട്ടവിള പ്രദേശം
	മുകളുവിളപ്പടി മുതൽ കരിന്തേനൂർ വരെ
	മേലൂട്ട് ഹരിജൻ കോളനി
XIII	അമ്മകണ്ടകര പഞ്ചായത്തു കോളനി
	സുനിൽഭവനം ജംഗ്ഷൻ – ചെറുകുന്നം ഏലാപ്പടി
	കൈതക്കൽ K.I.P. കനാൽ ജംഗ്ഷൻ – കോടൻവിള പടിഞ്ഞാറ്
	ജ്യോതിസ് ജംഗ്ഷൻ മുതൽ കല്ലുള്ളതിൽ ജംഗ്ഷൻ വരെ
	വാറുവിൽ ജംഗ്ഷൻ – കിണറുവിള ജംഗ്ഷൻ
	കോയിപ്പുറം ജംഗ്ഷൻ – ചെറുകുന്നം ചന്ത
	കാവുള്ളതിൽ ജംഗ്ഷൻ മുതൽ കാത്താടിയത്തു ജംഗ്ഷൻ വരെ
	ചേനംപുത്തൂർ – രണ്ടുകണ്ണിക്കൽ
	പുത്തൻപുരയ്ക്കൽ ജംഗ്ഷൻ – കാവുള്ളതിൽ ജംഗ്ഷൻ
	മണിമംഗലം ജംഗ്ഷൻ – കാവുള്ളതിൽ പടിഞ്ഞാറേ ജംഗ്ഷൻ
	കലതിവിള ജംഗ്ഷൻ – പാലത്തിൻ കടവ്
	ചെറുകുന്നം വിളയിൽ തെക്കതിൽ – ചെറുകുന്നം ഏലാപ്പടി
	പാലത്തിന്റെ വടക്കതിൽ ജംഗ്ഷൻ – മണിമംഗലം ജംഗ്ഷൻ
	കണ്ണംകര ജംഗ്ഷൻ – മണ്ണൂർതെക്കതിൽ ജംഗ്ഷൻ



വാർഡു നമ്പർ	വൈദ്യുതീകരിക്കേണ്ട പ്രദേശം
XIII	പിണക്കത്തു വിള കിഴക്ക് ജംഗ്ഷൻ – പിണക്കത്തു വിള
	അറവാച്ചയ്യത്തു ജംഗ്ഷൻ – ചെറുകുന്നം ചന്ത
	ചെറുകല്ലൂർ വടക്കതിൽ ജംഗ്ഷൻ – തോട്ടുകടവ്
	അരുണോദയം ജംഗ്ഷൻ – ഓലിക്കൽ ഭാഗം

ഈ പഞ്ചായത്തിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനു വേണ്ടി ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കേണ്ടതിന്റെ വിവരങ്ങളടങ്ങിയ പട്ടിക താഴെ കൊടുക്കുന്നു.

പട്ടിക – 3

വാർഡു നമ്പർ	ട്രാൻസ്ഫോർമർ സ്ഥാപിക്കേണ്ടസ്ഥലം
I	മുന്നാറ്റുകര
	തോട്ടംമുക്ക്
	അടേപ്പാട്
II	ഫാക്ടറി ജംഗ്ഷൻ
III	കൊല്ലായിയ്ക്കൽ
IV	പള്ളിക്കൽ ഹൈസ്കൂളിനു സമീപം
V	ഇളമ്പള്ളിൽ പുത്തൻ ചന്ത
	പള്ളിക്കൽ പഞ്ചായത്ത് ആഫീസ് ജംഗ്ഷൻ
VI	ആലുംമൂട് ജംഗ്ഷൻ
	നാച്ചിങ്ങയിൽ ഭാഗം
	കൊല്ലോട്ടുകോളനി ഭാഗം
VII	നാഗഭൂഷണം ശിവക്ഷേത്ര ജംഗ്ഷൻ
	ഭവദാസ് ജംഗ്ഷൻ
VIII	പാറക്കൂട്ടം റീഹാബിലിറ്റേഷൻ സെന്റർ
IX	ശ്രീനഗർ
X	ചെറുപുഞ്ച
XI	1. ചാലയ്ക്കു കിഴക്ക് ആലുവിള ജംഗ്ഷൻ
	2. തെങ്ങുംതാര ജംഗ്ഷൻ

വാർഡു നമ്പർ	ട്രാൻസ്ഫോർമർ സ്ഥാപിക്കേണ്ടസ്ഥലം
XII	1. പന്നിവേലിക്കൽ ജംഗ്ഷൻ
	2. മേലൂട്ട് പട്ടികജാതി കോളനി
XIII	1. മലമേക്കര ആൽതറ ജംഗ്ഷൻ
	2. ലക്ഷംവീടു കോളനി
	3. പഞ്ചായത്തു കോളനി
	4. നെടിയാനവിള പടി
XIV	വെള്ളച്ചിറ

മേൽപറഞ്ഞ വിവിധവാർഡുകളിലായി തെരുവു വിളക്കുകൾ ഇന്നുള്ളവ അപര്യാപ്തമാകയാൽ ആ കുറവ് പരിഹരിക്കാൻ സത്വര നടപടികൾ ആരംഭിക്കണം.

പള്ളിക്കൽ പഞ്ചായത്തിന്റെ പടിഞ്ഞാറൻ മേഖലകളിലുള്ള വൈദ്യുതി ഉപഭോക്താക്കൾ കറന്റ് ചാർജ്ജ് അടക്കുവാനും മറ്റു ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് ഇന്ന് ബന്ധപ്പെടുന്നത് അടൂർ സെക്ഷനാഫീസിലും കടമ്പനാട് സെക്ഷനാഫീസിലും പന്തളം സെക്ഷനാഫീസിലുമാണ്. ഈ ആഫീസുകളെല്ലാം തന്നെ ഉദ്ദേശം 15 കിലോമീറ്റർ അകലെയാണ്. ഇന്ന് അനുഭവിക്കുന്ന ഈ ക്ലേശങ്ങൾക്ക് ഒരു പരിഹാരം പഞ്ചായത്തിന്റെ പടിഞ്ഞാറു ഭാഗത്തായി ഒരു ഇലക്ട്രിക്കൽ സെക്ഷനാഫീസ് അനുവദിക്കുക എന്നതാണ്.

വൈദ്യുതി ഉപഭോഗം വർദ്ധിക്കുകയും എന്നാൽ ലഭ്യത അതനുസരിച്ച് ഇല്ലാതിരിക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ അനെർട്ടിന്റെയും മറ്റും സഹായത്തോടെ പാരമ്പര്യേതര ഊർജ്ജ ഉപഭോഗ സംവിധാനങ്ങൾ ആരംഭിക്കേണ്ടതാണ്.



5.2 D

മാർക്കറ്റ്

OFFICE OF THE PALLICKAL GRAMAPANCHAYAT
PATHANAMTHITTA DIST.
KERALA STATE
PAZHAKULAM.P.O.

5.2d

മാർക്കറ്റ്

പള്ളിക്കൽ പഞ്ചായത്തിൽ ജനങ്ങളുടെ മുഖ്യ ഉല്പന്നങ്ങൾ കാർഷിക വിഭവങ്ങളാണ്. നാളീകേരം, കശുവണ്ടി, കുരുമുളക്, മരച്ചീനി, ചേന, കാച്ചിൽ, ചേമ്പ് മുതലായവ വിഭവങ്ങളും ഇഞ്ചി, അടയ്ക്ക, റബ്ബർ, തുടങ്ങിയവയാണ്. എന്നാൽ ഇവയുടെ വിപണനത്തിനു ആവശ്യമായ കേന്ദ്രങ്ങളോ മറ്റു സൗകര്യങ്ങളോ ഇന്നില്ല. നാമമാത്രമായി പ്രവർത്തിക്കുന്ന ചിലമാർക്കറ്റുകൾ ഉള്ളവ താഴെ പറയുന്നവയാണ്.

വാർഡു നമ്പർ	ചന്ത
II	തെങ്ങമം (അന്തിച്ചന്തയും ആഴ്ച ചന്തയും)
III	തോട്ടുവ - പബ്ലിക്ക് മാർക്കറ്റ്
VII	പഴകുളം
X	പെരിങ്ങനാട് പുത്തൻചന്ത (അന്തിച്ചന്തയും ആഴ്ച ചന്തയും)
XII	മാമ്മൂട്ടിൽ ചന്ത (ആഴ്ചചന്ത)
XIV	ചെറുകുന്നം (അന്തിച്ചന്ത)

മേൽപറഞ്ഞ കാർഷിക വിഭവങ്ങൾ വിപണനം ചെയ്യുന്നതിനുവേണ്ടി ഇപ്പോൾ ആശ്രയിക്കുന്നത് പറക്കോട്, കടമ്പനാട്, താമരക്കുളം എന്നീ മാർക്കറ്റുകളെയാണ്. ഇവയെല്ലാം തന്നെ പതിനഞ്ചോ ഇരുപതോ കിലോമീറ്റർ അകലെയാണുള്ളത്. വേണ്ടത്ര ഗതാഗത സൗകര്യം ഇല്ലാത്തതിനാൽ താഴെക്കിടയിലുള്ള ബഹുഭൂരിപക്ഷം കർഷകരും തങ്ങളുടെ ഉല്പന്നങ്ങൾ വിറ്റഴിക്കാൻ വളരെയധികം ക്ലേശങ്ങൾ അനുഭവിക്കുന്നുണ്ട്.

ഈ പഞ്ചായത്തിൽ VI-ാം വാർഡിൽ പഞ്ചായത്തുവക 25 സെന്റു സ്ഥലം ആലും മൂട് ജംഗ്ഷനിൽ ഉള്ളത് ഒരു പൊതു മാർക്കറ്റ് ആരംഭിക്കാൻ അനുയോജ്യമായ സ്ഥലമാണ്. മാർക്കറ്റ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

കൂടാതെ പഞ്ചായത്തിന്റെ പടിഞ്ഞാറെ അറ്റം കിടക്കുന്ന IV-ാം വാർഡിലും ഒരു വിപണന കേന്ദ്രം തുടങ്ങാനുള്ള നടപടി സ്വീകരിക്കേണ്ടതാണ്.

5.2 E

പാർപ്പിടം



OFFICE OF THE PALLICKAL GRAMAPANCHAYAT
PATHANAMTHITTA DIST.
KERALA STATE
PAZHAKULAM.P.O.

5.2e

പാർപ്പിടം

വള്ളിക്കൽ ഗ്രാമപഞ്ചായത്തിലുള്ള പാർപ്പിടങ്ങളുടെ സ്ഥിതി ഭേദപ്പെട്ട നിലയിലാണ്. കുടിലുകൾ, ഓല മേഞ്ഞവ, ഓടിട്ടവ, കോൺക്രീറ്റ് കെട്ടിടങ്ങൾ എന്നീ രീതിയിലാണ്. ആകെ 11374 വീടുകളാണുള്ളത്. ഇതിൽ1466എണ്ണം കോൺക്രീറ്റ്, 5906 എണ്ണം ഓടുമേഞ്ഞതും, 169 എണ്ണം കുടിലുകളുമാണ്.

പഞ്ചായത്തിലെ2118വീടുകൾക്ക് കക്കൂസ് ഉണ്ട്.1293വീടുകൾക്ക് കുടിവെള്ളത്തിനുള്ള സൗകര്യങ്ങളും (സാനിറ്ററിവെൽ, സാധാരണ കിണർ, കുളം, നദി) പൈപ്പ്സൗകര്യം, ജലത്തിന്റെ പൊതുവിതരണം ഇവ ഇന്ന് പഞ്ചായത്തിൽ ഇല്ല. 5000 വീടുകൾ വൈദ്യുതീകരിച്ചതും 6326 വീട് അല്ലാത്തതുമാകുന്നു. വീടെന്നുള്ളത് ഒരാവശ്യഘടകം എന്നതിനുപരി അലങ്കാരത്തിന് പ്രസക്തി കൂടുന്ന തരത്തിലേക്ക് മാറിയിരിക്കുന്നു.

കെട്ടിടനിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുക്കളുടെ വിലവർദ്ധനവ് നിർമ്മാണച്ചെലവ് വർദ്ധിക്കുന്നതിന് കാരണമായിരിക്കുന്നു. കെട്ടിട നിർമ്മാണത്തിന് വിദഗ്ദ്ധരായിട്ടുള്ളവരെ ഇന്ന് കിട്ടാനില്ല. ഇന്നുള്ളതിൽ കൂടുതലും തമിഴ്നാട്ടിൽ നിന്ന് എത്തിയിട്ടുള്ളവരാണ്. കോൺട്രാക്ട് അടിസ്ഥാനത്തിൽ ജോലികൾ ഏറ്റെടുത്ത് നടത്തിക്കൊടുക്കുകയാണ് ചെയ്യുന്നത്.

പ്രശ്നങ്ങൾ

1. സ്വന്തമായി ഭൂമി ഇല്ലാത്തവർ
2. സിമിന്റ്, കമ്പി, കരിങ്കല്ല്, മണൽ എന്നിവയുടെ വിലവർദ്ധനവ്
3. കെട്ടിട നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം
4. കടത്തുകൂലിയിലുണ്ടായ വർദ്ധനവ്.
5, വായ്പകൾ ലഭിക്കുന്നതിനുള്ള ബുദ്ധിമുട്ട്.
6. ബാങ്കുകൾ ഭവനനിർമ്മാണ വായ്പകൾ കൊടുക്കുവാൻ തയ്യാറാകുന്നില്ല.
7. അനുവദിക്കുന്ന വായ്പകൾ ഗുണഭോ

ക്താവിനു ലഭിക്കുന്നതിലുള്ള കാലദൈർഘ്യം ബോധപൂർവ്വം സൃഷ്ടിക്കുന്നു

8. വിദഗ്ദ്ധരായ തൊഴിലാളികളുടെ അഭാവം.

9. ഹൗസിംഗ് സൊസൈറ്റികളുടെ അഭാവം.

സാദ്ധ്യതകൾ

1. ഭൂമി ഇല്ലാത്തവർക്ക് ഭൂമിയും അവിടെ വീട് വയ്ക്കുന്നതിനുള്ള സാമ്പത്തിക സഹായം ചെയ്യുകയും ചെയ്യുക.

2. കെട്ടിടനിർമ്മാണ സാമഗ്രികളുടെ വില കുറക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുക.

3. ചെലവു കുറഞ്ഞ നിർമ്മാണരീതികളെക്കുറിച്ച് ഗുണഭോക്താവിനെ ബോധവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക.

4. പഞ്ചായത്ത് പരിധിയിൽ ഹൗസിംഗ് സൊസൈറ്റി രൂപീകരിക്കുക.

5. കെട്ടിട നിർമ്മാണ സാമഗ്രികൾ സൊസൈറ്റി വഴി വിതരണം ചെയ്യുക.

6. ചെലവു കുറഞ്ഞ വീടുകൾക്ക് നികുതി ഇളവു കൊടുക്കുക.

7. ചെലവു കൂടിയ വീടുകൾക്ക് നികുതി വർദ്ധിപ്പിക്കുക.

8. നിർമ്മിതി കേന്ദ്രത്തിന്റെ ശാഖ കൾ പഞ്ചായത്തിൽ സ്ഥാപിക്കുക.

9. ഭവനനിർമ്മാണ വായ്പയുടെ പലിശ കുറയ്ക്കുക.

10. ബാങ്കുകൾ ഇക്കാര്യത്തിൽ പുതിയ സമീപനം ആവിഷ്ക്കരിക്കുക.

11. ഒരു കുടുംബത്തിന് ഒരു വീടെന്ന രീതിയിൽ ലക്ഷംവീടുകൾ പുന:സംവിധാനം ചെയ്യുക.

12. വീടു വയ്ക്കുന്നതിന് കുറഞ്ഞത് 5 സെന്റ് ഭൂമി എന്നുള്ള നിബന്ധന മാറ്റുക.

❑



5.3 A

വിദ്യാഭ്യാസം

OFFICE OF THE PALLICKAL GRAMAPANCHAYAT
PATHANAMTHITTA DIST.
KERALA STATE
PAZHAKULAM.P.O.

5.3a

വിദ്യാഭ്യാസം

പത്തനംതിട്ട ജില്ലയിലെ വിദ്യാഭ്യാസപരമായി താരതമ്യേന പിന്നോക്കം നിൽക്കുന്ന ഒരു പഞ്ചായത്താണ് ഇത്. അടൂർ മുനിസിപ്പാലിറ്റിയോടു ചേർന്നു കിടക്കുന്ന 13-ാം വാർഡിൽ ഒരു ബി.എഡ്. സെന്ററും ഒരു സ്വാശ്രയ എൻജിനീയറിംഗ് കോളേജും ഒഴിച്ചാൽ പടിഞ്ഞാറൻമേഖലയിൽ ഉന്നത വിദ്യാഭ്യാസത്തിനു യാതൊരു സൗകര്യങ്ങളും ഇല്ല. ഈ പ്രദേശത്തെ ബഹുഭൂരിപക്ഷം വിദ്യാർത്ഥികളും ഹൈസ്കൂൾ വിദ്യാഭ്യാസം കഴിയുമ്പോൾ പഠനം തുടരാത്തതിന്റെ കാരണവും മറ്റൊന്നല്ല. സാങ്കേതിക വിജ്ഞാന ലഭ്യതയ്ക്കും യാതൊരു സൗകര്യവും ഇല്ല. തൊഴിലധിഷ്ഠിതമായ മറ്റു വിദ്യാഭ്യാസ സൗകര്യങ്ങൾക്കു മാർഗ്ഗം കാണാതെ വലയുകയാണ്. സാക്ഷരതാ സർവ്വേ റിപ്പോർട്ടിൽ ഈ പഞ്ചായത്തിന്റെസ്ഥാനം ഏറ്റവും താഴെയാണെന്നുള്ളത് ഒരു ദു:ഖകരമായ വസ്തുതയാണ്. എന്നാൽ അതിനു ശേഷവും ഈ പിന്നോക്കാവസ്ഥ മാറ്റിയെടുക്കാൻ കാര്യമായ ശ്രമങ്ങളൊന്നും തന്നെയുണ്ടായിട്ടില്ല.

1991-ലെ കാനേഷുമാരി കണക്കുപ്രകാരം ഈ പഞ്ചായത്തിലെ ജനസംഖ്യ38027 ആണ്. ഇപ്പോൾ ഈ പഞ്ചായത്തിലെ എൽ.പി., യു.പി., ഹൈസ്കൂൾ വിഭാഗങ്ങളിലായി 5, 844 കുട്ടികൾ ആണ് ഉള്ളത്. സർക്കാർ മേഖലയിൽ നാലു ഹൈസ്കൂളുകളും ഏഴ് എൽ.പി. സ്കൂളുകളും അതിനോടു ചേർന്നുള്ള വൊക്കേഷണൽ ഹയർസെക്കന്ററി സ്കൂളും മൂന്നു യു.പി. സ്കൂളുകളും ഉണ്ട്. നാല് അൺ എയിഡഡ് ഇംഗ്ലീഷ് മീഡിയം നഴ്സറി സ്കൂളുകളുമുണ്ട്.

പട്ടിക ഒന്നിൽ ആകെ വിദ്യാർത്ഥികളുടെയും അദ്ധ്യാപകരുടെയും വിവരങ്ങൾ കൊടുത്തിരിക്കുന്നു.



പട്ടിക – 1

വിദ്യാർത്ഥികൾ, അദ്ധ്യാപകർ

നമ്പർ	സ്കൂൾ	മാനേജ്മെന്റ്	വിദ്യാർത്ഥികൾ			അദ്ധ്യാപകർ
			ആൺ	പെൺ	ആകെ	
1	ഗവ: എച്ച്.എസ്, തെങ്ങമം	ഗവ:	183	175	358	16
2	എൽ.പി.എസ്, തോട്ടുവ	ഗവ.	63	76	139	4
3	യു.പി.എസ്, തെങ്ങമം	എയിഡഡ്	162	160	322	12
4	അൺ എയ്ഡഡ് സ്കൂൾ, വെള്ളച്ചിറ	സ്വകാര്യം	111	83	194	5
5	എൽ.പി.എസ്, പള്ളിക്കൽ	ഗവ.	93	86	179	5
6	P.U.S.P.M.H.S., പള്ളിക്കൽ	എയിഡഡ്	547	502	1049	49
7	P.U.M.V.H.S., പള്ളിക്കൽ	എയിഡഡ്	-	-	-	10
8	എൽ.പി.എസ്., പുത്തൻപുരയ്ക്കൽ	ഗവ.	89	86	175	5
9	എൽ.പി.എസ്, പെരിങ്ങനാട് (നോർത്ത്)	ഗവ.	54	54	108	4
10	ഏജീസ് ഇംഗ്ലീഷ്മീഡിയം സ്കൂൾ	സ്വകാര്യം	35	39	74	9
11	എൽ.പി.എസ്., പഴകുളം	ഗവ.	113	137	250	9
12	K.V. യു.പി.എസ്, പഴകുളം	എയിഡഡ്	48	44	92	9
13	ഗവ. ഗേൾസ് എച്ച്.എസ്., അടൂർ	ഗവ.		556	556	22
14	ബോയ്സ് എച്ച്.എസ്, അടൂർ	ഗവ.	490		490	22
15	T.M. ഗവ. ഹൈസ്കൂൾ, പെരിങ്ങനാട്	ഗവ.	675	554	1229	45
16	എൽ.പി.എസ്, തെങ്ങമം	ഗവ.	158	125	283	8
17	S.K.V. യു,പി.എസ്, മുണ്ടപ്പള്ളി	എയിഡഡ്	97	77	174	9
18	ഗവ. എൽ.പി.എസ്, മുണ്ടപ്പള്ളി	ഗവ.	107	105	212	6
					5,884	249

പട്ടിക 1 ബി – ൽ L.P., U.P., H.S. വിഭാഗങ്ങളിലെ പെൺകുട്ടികളുടെ വിവരം നൽകിയിരിക്കുന്നു.

പട്ടിക –1 ബി

L.P., U.P., H.S., വിഭാഗങ്ങളിലെ പെൺകുട്ടികളുടെ വിവരം

ആകെ വിദ്യാർത്ഥികൾ	L.P.				U.P.				H.S.			
	ആൺ	പെൺ	ആകെ	%	ആൺ	പെൺ	ആകെ	%	ആൺ	പെൺ	ആകെ	%
5844	823	791	1614	49.1	307	281	588	47.8	1895	1787	3682	48.5
ആകെ പെൺകുട്ടികളുടെ % – 48.43 ആണ്.												

പട്ടിക 1-സിയിൽ പട്ടികജാതി/പട്ടികവർഗ്ഗത്തിൽ പെട്ട വിദ്യാർത്ഥികളുടെ സ്ഥിതി വിവരങ്ങൾ താഴെ നൽകിയിരിക്കുന്നു.

പട്ടിക –1 സി

പട്ടികജാതി/പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കണക്ക്

L.P.			U.P			H.S.			ആകെ %
ആകെ	SC/ST	%	ആകെ	SC/ST	%	ആകെ	SC/ST	%	
1614	295	18.28	588	92	15.6	3682	624	16.95	16.94

സാമൂഹ്യ–സാമ്പത്തിക കാരണങ്ങൾ കൊണ്ട് ചെറിയ ഒരു വിഭാഗം വിദ്യാർത്ഥികൾ ഇടക്കുവച്ച് പഠനം നിർത്തിപോകുന്നുണ്ട്. 1995-96 അദ്ധ്യയന വർഷത്തിൽ കൊഴിഞ്ഞുപോയ വിദ്യാർത്ഥികളുടെ ഏകദേശ സ്ഥിതി വിവര കണക്ക് പട്ടിക 1-ഡിയിൽ കൊടുത്തിരിക്കുന്നു.

പട്ടിക – 1 ഡി

പഠനം നിർത്തിയവരുടെ കണക്ക്

S.C/S.T.			മറ്റുള്ളവർ		
ആൺ	പെൺ	ആകെ	ആൺ	പെൺ	ആകെ
52	61	113	26	95	121

മേൽ പട്ടികയിലെ സ്ഥിതിവിവരങ്ങളിൽ നിന്നും ആൺകുട്ടികളേക്കാൾ കൂടുതൽ പെൺകുട്ടികളാണ് ഇയക്കുവച്ച് പഠനം നിർത്തിപോകുന്നത് എന്നു കാണാവുന്നതാണ്. ഇവരിൽ അധികവും വരേണ്യ വർഗ്ഗത്തിൽ പെടാത്തവരും ജീവിതനിലവാരത്തിൽ പിന്നോക്കം നിൽക്കുന്നവരുമാണ്. വിദ്യാഭ്യാസ മേഖലയിലെ ഇന്നത്തെ സ്വകാര്യ വല്ക്കരണം എല്ലാ നിലയിലും പിന്നോക്കം നില്ക്കുന്നവരെ കൂടുതൽ പിന്നോക്കത്തിലാ

ക്കാനേ ഉതകുകയുള്ളു. ഇതിനോടനുബന്ധിച്ച് സർക്കാർ സ്കൂളുകളിലെ അദ്ധ്യാപകരുടേയും വിദ്യാർത്ഥികളുടേയും കണക്കുകൂടി പട്ടിക 2-ൽ താഴെ വിവരിക്കുന്നു.

പട്ടിക – II

ഗവ: സ്കൂളുകളിലെ അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും കണക്ക്

ആകെ അദ്ധ്യാപകർ (പഞ്ചായത്തിൽ)	ഗവ. വിദ്യാലയങ്ങളിലെ അദ്ധ്യാപകരുടെ എണ്ണം	ഗവ. അദ്ധ്യാപകരുടെ എണ്ണം	പഞ്ചായത്തിലെ വിദ്യാർത്ഥികളുടെ എണ്ണം	ഗവ. സ്കൂളുകളിലെ വിദ്യാർത്ഥികൾ	ശതമാനം
249	146	146	5884	2750	46.74%

നിലിവിലുള്ള സ്കൂളുകളിൽ തന്നെ അക്കാഡമിക് സൗകര്യങ്ങളുടെ അഭാവം പഠനനിലവാരത്തെ വളരെയേറെ ബാധിച്ചിട്ടുണ്ട്. ആയതിന്റെ വിവരങ്ങളുൾക്കൊള്ളുന്ന പട്ടിക താഴെ കൊടുക്കുന്നു.

പട്ടിക – III

അക്കാഡമിക് സൗകര്യങ്ങളുടെ ലഭ്യത

ലൈബ്രറി	പ്രവർത്തിക്കാത്തത്	ലാബ്	പ്രവർത്തിക്കാത്തത്	പഠനോപകരണങ്ങൾ	റേഡിയോ	ടേപ്പ്റിക്കാർഡർ	ടെലിവിഷൻ	സിനിമാപ്രൊജക്ടർ	സ്ലൈഡ്പ്രൊജക്ടർ	ബ്ലാക്ക്ബോർഡ് ആവശ്യമുള്ളവ	മാതൃസംഘം സജീവം	ക്ലസ്റ്റ് പി.ടി.എ. പ്രവർത്തിക്കുന്നുണ്ടോ
ഉള്ളത് 10	-	9	-	6	8	7	-	3	3	60	15 സജീവം	ഉണ്ട്
ഇല്ലാത്തത് 8	-	9	-	12	10	11	18	15	15	-	3-ഇല്ല	-

അക്കാഡമിക് സൗകര്യങ്ങളുടെ ദൗർലഭ്യത്തിനു പുറമേ, ഈ സ്കൂളുകളിലെ ഭൗതിക സാഹചര്യങ്ങളും വളരെ കുറവാണ്. പട്ടിക IV - ൽ ഈ വസ്തുതയിലേക്ക് വിരൽ ചൂണ്ടുന്നു

പട്ടിക – IV ഭൗതിക സാഹചര്യങ്ങൾ

നമ്പർ	സ്കൂൾ	ആകെ വിദ്യാർത്ഥികൾ	ആകെ അദ്ധ്യാപകർ	മൂത്രപ്പുര	കക്കൂസ്	കുടിവെള്ളം	വൈദ്യുതി
1	ഗവ: ഹൈസ്കൂൾ, തെങ്ങമം	358	16	3	2	ഉണ്ട്	ഉണ്ട്
2	ഗവ: L.P.S. തോട്ടുവ	139	4	1	ഇല്ല	കിണർ	ഇല്ല
3	യു.പി.എസ്, തെങ്ങമം	322	12	2	ഇല്ല	കിണർ	ഇല്ല
4	ഗവ: L.P.S., പള്ളിക്കൽ	179	5	1	1	കിണർ	ഉണ്ട്
5	P.U.S.P.M.H.S., പള്ളിക്കൽ	1049	49	2	2	ഉണ്ട്	ഉണ്ട്
6	P.U.M.V.H.S., പള്ളിക്കൽ		10	2	ഇല്ല	ഉണ്ട്	ഉണ്ട്
7	ഗവ: L.P.S. പുത്തൻപുരയ്ക്കൽ	175	5	2	ഇല്ല	കിണർ	ഉണ്ട്
8	L.P.S., പെരിങ്ങനാട് നോർത്ത്	108	4	ഇല്ല	ഇല്ല	കിണർ	ഇല്ല
9	ഗവ: L.P.S., പഴകുളം	250	9	1	1	കിണർ	ഇല്ല
10	K.V.U.P.S., പഴകുളം	92	9	2	1	കിണർ	ഇല്ല
11	ഗവ: ഗേൾസ് H.S., അടൂർ	556	22	3	3	കിണർ	ഉണ്ട്
12	ഗവ: ബോയ്സ് H.S., അടൂർ	490	22	1	1	കിണർ	ഉണ്ട്
13	T.M.G.H.S., പെരിങ്ങനാട്	1229	45	2	2	ഉണ്ട്	ഉണ്ട്
14	ഗവ: L.P.S., തെങ്ങമം	283	8	1	ഇല്ല	ഇല്ല	ഉണ്ട്
15	S.K.V.U.P.S., മുണ്ടപ്പള്ളി	174	9	2	ഇല്ല	കിണർ	ഇല്ല
16	ഗവ: L.P.S., മുണ്ടപ്പള്ളി	212	6	1	ഇല്ല	കിണർ	ഇല്ല

മേൽവിവരിച്ച സ്ഥിതിവിവരക്കണക്കുകളിൽ നിന്നും വ്യക്തമാകുന്ന പ്രധാന വസ്തുത ജില്ലയിലെ മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന പഞ്ചായത്താണിത് എന്നുള്ളതാണ്.

ഇതിന്റെ വെളിച്ചത്തിലും ഭൂമിശാസ്ത്രപരവും സാമൂഹ്യ-സാമ്പത്തിക പ്രത്യേകതകൾ പരിഗണിച്ചും താഴെ പറയുന്ന കർമ്മപരിപാടികൾ നടപ്പാക്കേണ്ടതാണ്.

1) ഉന്നതവിദ്യാഭ്യാസപ്രാപ്തിക്കുവേണ്ടി അടിയന്തിര നടപടി കൈക്കൊള്ളണം. അതിവിസ്തൃതമായ (45.43 ചതുരശ്ര കിലോമീറ്റർ) ഈ പഞ്ചായത്തിന്റെ മദ്ധ്യ-പശ്ചിമ ഭാഗങ്ങളിൽ നിന്ന്



ഹൈസ്കൂൾ വിദ്യാഭ്യാസം കഴിയുന്ന വിദ്യാർത്ഥികൾക്കും സമീപപ്രദേശങ്ങളിലെ വിദ്യാർത്ഥികൾക്കും തുടർന്ന് കോളേജ് വിദ്യാഭ്യാസം നേടുന്നതിനുള്ള സാഹചര്യം ഒന്നുംതന്നെയില്ല. ഉദ്ദേശം 20 കിലോമീറ്ററോളം അകലങ്ങളിലാണ് പന്തളം N.S.S. കോളേജ്, ശാസ്താംകോട്ട ദേവസ്വം ബോർഡ് കോളേജ്, ഏറത്തുപഞ്ചായത്തിന്റെ തെക്കുകിഴക്കായുള്ള സെന്റ് സിറിൽസ് കോളേജ് എന്നിവ. കൂടാതെ മറ്റൊരു കോളേജുള്ളത് 25 കി.മീ പടിഞ്ഞാറുള്ള കായംകുളം എം.എസ്.എം കോളേജ്. ഈ പഞ്ചായത്തിലെ ബഹുഭൂരിപക്ഷം രക്ഷിതാക്കൾക്കും തങ്ങളുടെ കുട്ടികളെ ഇത്ര അകലെയുള്ള കോളേജുകളിൽ വിട്ടു പഠിപ്പിക്കുവാനുള്ള സാഹചര്യമില്ല. വിശേഷിച്ചും പെൺകുട്ടികളിൽ നല്ലൊരു വിഭാഗം ഹൈസ്കൂൾ വിദ്യാഭ്യാസത്തോടെ പഠനം നിർത്തുന്നതിന്റെ മുഖ്യകാരണവും ഇതുതന്നെ.

ഇതിനെല്ലാമുള്ള ശാശ്വതപരിഹാരമായി പഞ്ചായത്തിന്റെ മദ്ധ്യഭാഗത്തോടടുത്ത് ഒരു ഗവ: കോളേജ് സ്ഥാപിക്കുകയാണ് വേണ്ടത്.

2) സാങ്കേതിക പഠനസൗകര്യങ്ങൾ ലഭ്യമാക്കണം.

ഹൈസ്കൂൾ തലം വരെ വിദ്യാഭ്യാസം പൂർത്തിയാക്കി പുറത്തുവന്ന് പ്രത്യേകിച്ച് ഒരു ലക്ഷ്യവുമില്ലാതെ വലയുന്ന നല്ലൊരുഭാഗം യുവതീയുവാക്കൾ ഇവിടെയുണ്ട്. സ്വയം തൊഴിൽ കണ്ടുപിടിക്കാനും, ആയതിനു പ്രാവീണ്യം നേടിയെടുക്കാനും ഉതകുന്ന ഒരു സാങ്കേതിക വിദ്യാകേന്ദ്രങ്ങളും ഈ പഞ്ചായത്തിൽ ഇല്ല. അടിയന്തിരമായും ഈ കുറവു പരിഹരിക്കുവാനുതകുന്ന ഒരു പോളിടെക്നിക്കോ, സമാന സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനമോ ഇവിടെ സ്ഥാപിക്കണം.

3) പെരിങ്ങനാട് T.M.G. ഹൈസ്കൂൾ ഒരു വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളാക്കി ഉയർത്തണം. അതോടൊപ്പം ഈ സ്കൂളിന് ആവശ്യമായ കെട്ടിടം നിർമ്മിച്ച് L.P.- U.P. വിഭാഗങ്ങളിലെ ഷിഫ്റ്റു സമ്പ്രദായം അവസാനിപ്പിക്കണം.

4) പഞ്ചായത്തിലെ VI-ാം വാർഡിൽ L.P. സ്കൂൾ, ഹൈസ്കൂൾ എന്നിവയില്ല. സുമാർ 6 ചതുരശ്രകിലോമീറ്റർ വിസ്തൃതിയുള്ള ഈ വാർഡിലെ കുട്ടികൾ പ്രൈമറി സ്കൂളിൽ പഠിക്കുവാൻ കുറഞ്ഞത് 4 കിലോമീറ്ററെങ്കിലും നടന്നെങ്കിലെ പയ്യനല്ലൂരോ, പഴകുളത്തോ, മുണ്ടപ്പള്ളിലോ ഉള്ള സ്കൂളിൽ എത്തുകയുള്ളു. ഹൈസ്കൂൾ വിദ്യഭ്യാസം ലഭിക്കുന്നതിനും മേൽപറഞ്ഞ പ്രയാസങ്ങൾ ഉണ്ട്. ഇതിനു പരിഹാരമായി ഒരു L.P. സ്കൂളും ഒരു ഹൈസ്കൂളും വിദ്യാഭ്യാസം ലഭിക്കുന്നതിനും മേൽപറഞ്ഞ പ്രയാസങ്ങൾ ഉണ്ട്. ഇതിനു പരിഹാരമായി ഒരു L.P. സ്കൂളും ഒരു ഹൈസ്കൂളും ഗവ: മേഖലയിൽ ആരംഭിക്കേണ്ടതാണ്.

5) ഇപ്പോൾ ഈ പഞ്ചായത്തിൽ പ്രവർത്തിച്ചു വരുന്ന അഞ്ചു പ്രീ പ്രൈമറി വിദ്യാലയങ്ങൾ സ്വകാര്യ-ഇംഗ്ലീഷ് മീഡിയം സ്ഥാപനങ്ങളാണ്. ഇവ പാവപ്പെട്ട കുട്ടികൾക്ക് തീർത്തും അപ്രാപ്യമാണ്. ഇവിടെ മാതൃഭാഷപഠനം അവഗണിക്കപ്പെടുന്നു എന്നു മാത്രമല്ല ഭാരതീയ സംസ്കാരത്തിന് അനുയോജ്യവുമല്ല. ആയതിനാൽ ഈ പഞ്ചായത്തിലെ എല്ലാ ഗവ: L.P. സ്കൂളുകളോടും ചേർന്ന് മാതൃഭാഷാ പഠനത്തിനും നമ്മുടെ സാംസ

്കാരിക പൈതൃകത്തിനും ഊന്നൽ നല്കുന്നതരത്തിലുള്ള പ്രീ-പ്രൈമറി വിദ്യാലയങ്ങൾ ആരംഭിക്കേണ്ടതാണ്.

6) പല സ്കൂളുകളിലും പ്രത്യേകിച്ച് L.P. - U.P. വിഭാഗം സ്കൂളുകളിൽ പ്രാഥമിക ഭൗതിക സൗകര്യങ്ങളില്ല. ആയതിന് കഴിവതും വേഗം പരിഹാരമുണ്ടാക്കണം.

7) ഇവിടെയുള്ള വിദ്യാർത്ഥികളുടെ കലാ കായിക വാസനകളെ പരിപോഷിപ്പിക്കുന്നതിന് പഞ്ചായത്ത് അടിസ്ഥാനത്തിൽ തന്നെ കലാ-കായിക മത്സരങ്ങൾ ഫലപ്രദമായി സംഘടിപ്പിക്കുകയുംപ്രതിഭകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടതാണ്.

(i) ചിത്രകലയിൽ പാരമ്പര്യമുള്ള lv-ാം വാർഡിലെ കലകൾ അഭ്യസിപ്പിക്കുന്നതിനുള്ള ഒരു കേന്ദ്രം തുടങ്ങണം.

(ii) പഞ്ചായത്ത് സ്പോർട്ട്സ് കൗൺസിൽ രൂപീകരിച്ച് കായിക പ്രതിഭകളെ വളർത്തിയെടുക്കണം.

8) തെങ്ങമം ഗവ: ഹൈസ്കൂളിനോടു ചേർന്നുള്ള കളിസ്ഥലം ഇപ്പോൾ ഉപയോഗശൂന്യമാണ്. വാർഡിന്റെ പടിഞ്ഞാറുഭാഗത്തു നിന്നും തെങ്ങമം ജംഗ്ഷനിലേക്കുള്ള പ്രധാന വഴിയും ഈ ഗ്രൗണ്ടിലൂടെ ആണ്. ഈ ഗ്രൗണ്ടിന്റെ സംരക്ഷണത്തിനു വേണ്ടി, ഗ്രൗണ്ടിന്റെ കിഴക്കുഭാഗം മണ്ണിട്ടു നികത്തുകയും മൊത്തത്തിൽ ഗ്രൗണ്ട് ലവലിംഗ് നടത്തുകയും ചെയ്യണം.

9) പഞ്ചായത്തിലെ ബഹുഭൂരിപക്ഷം L.P.-U.P. വിദ്യാലയങ്ങളിലും കുടിവെള്ളത്തിന് ആശ്രയിക്കുന്നത് കിണറുകളെയാണ്. ഇത് പലപ്പോഴും അപകടങ്ങളെ ക്ഷണിച്ചുവരുത്തുന്നുണ്ട് വൈദ്യുതിയില്ലാത്ത സ്കൂളുകളിൽ വൈദ്യുതി കണക്ഷൻ നൽകി ഈ സ്കൂളുകളിൽ പമ്പു സെറ്റുകൾ സ്ഥാപിച്ചു കുടിവെള്ള പ്രശ്നം പരിഹരിക്കണം.

10) lv-ാം വാർഡിലുള്ള ഗവ:L.P.സ്കൂളിന്റെ മുറ്റം ഉൾപ്പെടെയുള്ള ഗ്രൗണ്ട് പാറ നിറഞ്ഞിരിക്കുന്നതിനാൽ കുട്ടികൾക്ക് പലപ്പോഴും വീണ് ദേഹക്ഷതങ്ങളും മറ്റും ഏല്ക്കുന്നുണ്ട്. ഈ പാറ പൊട്ടിച്ച് മാറ്റി ഗ്രൗണ്ട് നിരപ്പാക്കി മണൽ വിരിച്ച് വൃത്തിയാക്കണം.

11) വാർഡുകൾ 1, 5, 9,12 എന്നിവയിൽ L.P.സ്കൂളും അഞ്ചാംവാർഡിൽ യു.പി. സ്കൂളും സ്ഥാപിക്കണം.

12) പ്രൈമറി യു.പി. വിഭാഗം സ്കൂളുകളിൽ നടത്തി വരുന്ന ഉച്ചഭക്ഷണ വിതരണം കൂടുതൽ കാര്യക്ഷമമാക്കി നടത്തണം.

13) അടൂർ ഗവ: ബോയ്സ് ഹൈസ്കൂളിനോടു ചേർന്ന് ഒരു വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ കൂടി അനുവദിക്കണം.

14) തെങ്ങമം ഗവ: ഹൈസ്കൂളിൽ വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ കൂടി അനുവദിക്കണം.

15) XI-ാം വാർഡിലെ പെരിങ്ങനാട് നോർത്ത് L.P.S. ന് ചുറ്റുമതിൽ കെട്ടി സ്കൂൾ സംരക്ഷിക്കണം.

16) XII-ാം വാർഡിൽ L.P., U.P. സ്കൂൾ ഇല്ലാത്തതിനാൽ മിത്രപുരം ഉദയഗിരി ഭാഗത്ത് പുതിയതായിL.P.സ്കൂൾ തുടങ്ങണം. 3 K.M. ഉള്ളിൽ മറ്റ് സ്കൂൾ ഇല്ല.

മേൽ വിവരിച്ച കർമ്മപരിപാടികളിലൂടെ ഈ പഞ്ചായത്തിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണേണ്ടതാണ്. ❑

5.3 B

കുടിവെള്ളം



OFFICE OF THE PALLICKAL GRAMAPANCHAYAT
PATHANAMTHITTA DIST.
KERALA STATE
PAZHAKULAM. P.O.

5.3b

കുടിവെള്ളം

ഈ പഞ്ചായത്തിലെ85% കുടുംബങ്ങളും കുടിവെള്ളത്തിന് കിണറുകളെ ആശ്രയിക്കുന്നു. പഞ്ചായത്തിലെ മിക്ക വാർഡുകളിലും മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ കുടിവെള്ളക്ഷാമം രൂക്ഷമാകുന്നു. ഈ പഞ്ചായത്തിൽ19 പൊതുകിണറുകൾ ഉണ്ടെങ്കിലും മിക്കവയും ഉപയോഗശൂന്യമാണ്.

പ്രശ്നങ്ങളും പരിഹാര നിർദ്ദേശങ്ങളും

വാർഡ് – 1

ഈ വാർഡിന്റെ മിക്കഭാഗങ്ങളിലും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നുണ്ട്. കുടിവെള്ളത്തിനായി ഈ വാർഡിലെ ആളുകൾ മൂന്നു കിലോമീറ്ററുകളോളം സഞ്ചരിക്കുന്നു. കുടിവെള്ളക്ഷാമമുള്ള പ്രദേശങ്ങളിൽ കിണറുകൾ സ്ഥാപിച്ചും പൈപ്പ് ലൈൻ ദീർഘിപ്പിച്ചും പരിഹരിക്കാവുന്നതാണ്.

വാർഡ് – 2

ഈ വാർഡിൽ പൊതു കിണറുകൾ ഉണ്ടെങ്കിലും ഉപയോഗയോഗ്യമല്ല. പറങ്കിമാംവിള ഭാഗം, ഫാക്ടറി ജംഗ്ഷൻ, നടേശ്ശേരിൽ ജംഗ്ഷൻ, തെങ്ങമം U.P.S. ജംഗ്ഷൻ എന്നിവിടങ്ങളിൽ കുഴൽ കിണറുകൾ സ്ഥാപിക്കുക. പറങ്കിമാംവിള ജംഗ്ഷനിൽ നിന്നും തെക്കു ഭാഗത്തേക്കുള്ളതും, കൊല്ലായിക്കൽ ഭാഗത്തു നിന്നും കിഴക്കോട്ടും നിലവിലുള്ള പൈപ്പ്ലൈൻ ദീർഘിപ്പിക്കണം.

വാർഡ് – 3

ഈ വാർഡിന്റെ ചില ഭാഗങ്ങളിൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നുണ്ട്. നിലവിലുള്ള പൈപ്പ് ലൈൻ ദീർഘിപ്പിച്ചും പൊതു കിണറുകൾ സ്ഥാപിച്ചും ജലക്ഷാമം പരിഹരിക്കാവുന്നതാണ്.

വാർഡ് – 4

കുടിവെള്ളക്ഷാമം ഏറെ അനുഭവപ്പെടുന്ന ഒരു വാർഡാണിത്. മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ കുടിവെള്ളക്ഷാമം രൂക്ഷമാണ്. പള്ളിക്കൽ ചാല ജംഗ്ഷൻ, പ്രീയദർശിനി കോളനി, ചാലുതുണ്ടിൽ ഭാഗം, കള്ള



പ്പൻ ചിറഭാഗം എന്നീ പ്രദേശങ്ങളിലാണ് ഏറ്റവും കൂടുതൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നത്. ഊന്നുകൽ ജംഗ്ഷൻ മുതൽ പ്രീയദർശിനി കോളനി വരെയുള്ളതും കൈമവീട് ജംഗ്ഷൻ മുതൽ തോട്ടുകടവ് ജംഗ്ഷൻ വരെയുള്ളതും മൃഗാശുപത്രി ജംഗ്ഷൻ മുതൽ ചാല വഴി ഗണപതി അമ്പലം വരെയുള്ളതും മൃഗാശുപത്രി ജംഗ്ഷൻ മുതൽ ചാല വഴി ഗണപതി അമ്പലം വരെയുള്ളതും കള്ളപ്പൻ ചിറ ജംഗ്ഷൻ മുതൽ ഓലിക്കൽ കോളനിവരെയും പൈപ്പ്ലൈൻ ദീർഘിപ്പിച്ച് കുടിവെള്ളക്ഷാമം പരിഹരിക്കണം. ചാലുതുണ്ടിൽ, പ്രീയദർശിനി കോളനി, ലക്ഷംവീട് എന്നിവിടങ്ങളിൽ പൊതുകിണറുകൾ സ്ഥാപിക്കണം.

വാർഡ് – 5

ഈ വാർഡിന്റെ മിക്കഭാഗങ്ങളിലും കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. ചക്കൻചിറ, കയ്യിൽതടം എന്നിവിടങ്ങളിൽ കൂടുതൽ ജലക്ഷാമം അനുഭവപ്പെടുന്നു. നിലവിലുള്ള പൈപ്പ്ലൈനുകൾ ദീർഘിപ്പിച്ചും പൊതുകിണറുകൾ സ്ഥാപിച്ചും കുടിവെള്ള പ്രശ്നം പരിഹരിക്കണം.

വാർഡ് – 6

ഈ വാർഡിന്റെ മിക്ക ഭാഗങ്ങളിലും കുടിവെള്ളക്ഷാമം രൂക്ഷമാണ്. വാർഡിൽ മൂന്നു പൊതുകിണറുകൾ ഉണ്ട്. എന്നാൽ നാച്ചിങ്ങയിൽ ഭാഗത്തുള്ള പൊതുകിണർ ശരിക്കും ജലം ലഭിക്കുന്നതല്ല. ഈ കിണറിന്റെ ആഴം കൂട്ടിയാൽ ഇതിന് ഒരു പരിഹാരം കാണാം. നാച്ചിങ്ങയിൽഭാഗം, പുള്ളിപ്പാറ, തെങ്ങിനാൽ, ഊട്ടുപറമ്പ്, കുറ്റിയിൽ പള്ളിയുടെ ഭാഗം എന്നീ പ്രദേശങ്ങളിലാണ് ഏറ്റവും കൂടുതൽ ജലക്ഷാമം അനുഭവപ്പെടുന്നത്. ഹിരണ്യനല്ലൂർ ക്ഷേത്രത്തോടു ചേർന്നുള്ള ജലസ്രോതസ്സ് സംരക്ഷിച്ചാൽ ഒരു പരിധിവരെ ജലക്ഷാമം പരിഹരിക്കാം. കമ്മീഷൻ ചെയ്യാത്ത പൈപ്പ്ലൈനുകൾ കമ്മീഷൻ ചെയ്യുക. പുള്ളിപ്പാറ ജംഗ്ഷൻ മുതൽ കിഴക്കോട്ടും നാച്ചിങ്ങയിൽ ഭാഗത്തും, മാരൂർപടി മുതൽ പുലച്ചാതിവിള പടിവരെയുള്ള റോഡിൽ പൈപ്പ്ലൈൻ സ്ഥാപിക്കുക. നാച്ചിങ്ങയിൽ ഭാഗം കുറ്റിയിൽ ഭാഗം, പുള്ളിപ്പാറ എന്നിവിടങ്ങളിൽ കുഴൽകിണറുകൾ സ്ഥാപിക്കുക.

വാർഡ് – 7

ഈ വാർഡിന്റെ ചില പ്രദേശങ്ങളിൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. തട്ടത്തുമുകൾ ഭാഗം, ചേനാട്ടുശ്ശേരി ഭാഗം എന്നിവിടങ്ങളിൽ ഏറ്റവും കൂടുതൽ ജലക്ഷാമം അനുഭവപ്പെടുന്നത്. നിലവിലുള്ള പൈപ്പ്ലൈനുകൾ ദീർഘിപ്പിച്ചും പൊതുകിണറുകൾ സ്ഥാപിച്ചും കുടിവെള്ളക്ഷാമം പരിഹരിക്കണം.

വാർഡ് – 8

ഈ വാർഡിൽ ജലക്ഷാമം കൂടുതൽ ഉള്ള പ്രദേശങ്ങൾ പാറക്കൂട്ടം, ഊപ്പൻവിള, അമ്പലത്തറ, നെഹ്രുഗ്രൗണ്ട്, തെങ്ങിനാൽ ഇലഞ്ഞിക്കോട്ട, ഭഗത്സിംഗ് വായനാശാല ജംഗ്ഷൻ, മായക്കോട് മുരുപ്പ്, പള്ളിക്കൽ സെറ്റിൽമെന്റ് കോളനി, മംഗലത്ത് പടിഞ്ഞാറ് അച്ചോട്ട് ഭാഗം, പ്ലാവിറമുകൾ എന്നീ പ്രദേശങ്ങളാണ്.

മേൽപറഞ്ഞ സ്ഥലങ്ങളിൽ പൈപ്പ് ലൈൻ സ്ഥാപിച്ച് ജലവിതരണം ചെയ്യണം. നിലവിലുള്ള കുഴൽ കിണറുകളുടെ കേടുപാട് തീർക്കണം. നിലവിലുള്ള കിണറുകളുടെ ആഴം വർദ്ധിപ്പിക്കണം.കൂടുതൽ കിണറുകൾ കുഴിക്കുന്നതിന് സഹായം നൽകണം..

പാറക്കൂട്ടം മലയുടെ മുകളിൽ വാട്ടർ ടാങ്ക് സ്ഥാപിച്ച് മലമുകൾ ടാങ്കിൽ നിന്നും ജലം എത്തിച്ച് വിതരണം നടത്തണം. ചാങ്ങേലിൽ ജംഗ്ഷനിൽ നിന്നും വടക്കോട്ട് പൈപ്പ്ലൈൻ നീട്ടി ഇലഞ്ഞിക്കോട്ട് ഭാഗത്ത് എത്തിക്കണം. പള്ളിക്കൽ സെറ്റിൽമെന്റ് കോളനിയിലെ വാട്ടർ ടാങ്ക് വൃത്തിയാക്കി പൈപ്പ് ലൈൻ കേടുപാട് തീർത്ത് ആവശ്യമുള്ള ഭാഗങ്ങളിൽ ടാപ്പുകൾ സ്ഥാപിക്കണം. ഉറവയുള്ള മുള്ളംവാരത്തിനാൽ ഒഴുക്കുപ്പാറ, തെങ്ങിനാൽ എന്നിവിടങ്ങളിൽ ടാങ്ക് കെട്ടി ജലംസംഭരിച്ച് വിതരണം ചെയ്യണം. വാർഡിലെ രണ്ട് അംഗൻ വാടികളിലും വെള്ളം ലഭ്യമാക്കുന്നതിന് പൈപ്പ്ലൈൻ സ്ഥാപിക്കണം.

വാർഡ് – 9

ഈ വാർഡിൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങൾ പുത്തൻചന്ത, ശ്രീനഗർ, നെല്ലിതിട്ട, വളകാലിൽ എന്നീ ഭാഗങ്ങളാണ്. നിലവിലുള്ള പൈപ്പ്ലൈനുകൾ ദീർഘിപ്പിച്ചും റീത്തു പള്ളിക്കു കിഴക്കുവശം, പുറവനമുകൾ ഭാഗം എന്നിവിടങ്ങളിൽ ഓരോ കുഴൽകിണറുകൾ സ്ഥാപിച്ചും കുടിവെള്ള ക്ഷാമം പരിഹരിക്കാവുന്നതാണ്.

വാർഡ് – 10

ഈ വാർഡിലെ ചില പ്രദേശങ്ങളിൽ കുടിവെള്ള ക്ഷാമം അനുഭവപ്പെടുന്നു. പുത്തൻ ചന്തയിൽ പൊതുകിണർ ഉണ്ടെങ്കിലും ഉപയോഗപ്രദമല്ല. നിലവിലുള്ള പൈപ്പ് ലൈനുകൾ ദീർഘിപ്പിച്ചും തെക്കുംമുറി തൃച്ചേന്ദമംഗലം സ്കൂൾ ജംഗ്ഷൻ എന്നിവിടങ്ങളിൽ ഓരോ കുഴൽ കിണറുകൾ സ്ഥാപിച്ചും കുടിവെള്ളക്ഷാമം പരിഹരിക്കണം.

വാർഡ് – 11

ഈ വാർഡിൽ ഏറ്റവും കൂടുതൽ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നത് കാഞ്ഞിരപ്പാറ, കോലമല എന്നീ ഭാഗങ്ങളിലാണ്. കാഞ്ഞിരപ്പാറയിലെ കുഴൽകിണർ വൃത്തിയാക്കി ഉപയോഗപ്രദമാക്കണം. കോലമല, തെന്നാപ്പറമ്പ്, ചാല, ആലുവിള ജംഗ്ഷൻ, പെരിങ്ങനാട് വടക്ക് LPS എന്നീ പ്രദേശങ്ങളിൽ കുടിവെള്ളം എത്തിക്കുവാനുള്ള നടപടികൾ സ്വീകരിക്കുക. ചാലയിൽ നിന്നുമുള്ള പൈപ്പ്ലൈൻ കാഞ്ഞിരപ്പാറ വരെ ദീർഘിപ്പിക്കുക, മലമുകൾ–മുണ്ടപ്പള്ളി റോഡിൽ പൈപ്പ്ലൈൻ സ്ഥാപിക്കുക.

വാർഡ് – 12

ഈ വാർഡിൽ കുടിവെള്ളക്ഷാമം ഉള്ള പ്രദേശങ്ങൾ, വട്ടംതിട്ട, ഉദയഗിരി, കടമാൻകുളം, കുറക്കോണം, ഉഴത്തിൽ, മേലൂട് കോളനി എന്നീ ഭാഗങ്ങളാണ്. ഉഴത്തിൽപടി ജംഗ്ഷനിൽ ഒരു കുഴൽ കിണർ സ്ഥാപിക്കണം. കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ പൈപ്പ്ലൈൻ സ്ഥാപിക്കുവാനുള്ള അടിയന്തിര നടപടി സ്വീകരിക്കണം.

വാർഡ് – 13

ഈ വാർഡിലെ കുടിവെള്ളക്ഷാമം അനുഭവപ്പെടുന്ന മേഖലകൾ പഞ്ചായത്ത് കോളനി, ലക്ഷംവീട് കോളനി എന്നിവയാണ്. പഞ്ചായത്ത് കിണർ ഉണ്ടെങ്കിലും ഉപയോഗപ്രദമല്ല. നിലവിലുള്ള പൈപ്പ് ലൈൻ ദീർഘിപ്പിച്ചും പഞ്ചായത്ത് കിണർ വൃത്തിയാക്കിയും കുടിവെള്ളക്ഷാമം പരിഹരിക്കാവുന്നതാണ്.

വാർഡ് – 14

ഈ വാർഡിൽ കുടിവെള്ളക്ഷാമം രൂക്ഷമാണ്. നിലവിലുള്ള പൈപ്പ് ലൈൻ ദീർഘിപ്പിച്ചും ആവശ്യമുള്ള ഭാഗങ്ങളിൽ പൊതുകിണറുകൾ സ്ഥാപിച്ചും കുടിവെള്ള ക്ഷാമം പരിഹരിക്കണം. ❑

5.3 C

ആരോഗ്യം

OFFICE OF THE PALLICKAL GRAMAPANCHAYAT
PATHANAMTHITTA DIST.
KERALA STATE
PAZHAKULAM.P.O.

5.3c

ആരോഗ്യം

ആരോഗ്യമെന്നാൽ രോഗമില്ലാത്ത അവസ്ഥ. രോഗമില്ലാത്ത ഒരു സമൂഹം വാർത്തെടുക്കണമെങ്കിൽ ശുചിത്വം പരമപ്രധാനമാണ്. വ്യക്തിശുചിത്വം, പരിസര ശുചിത്വം ഇവ ആരോഗ്യത്തിന്റെ മുഖമുദ്രയത്രെ. രോഗപ്രതിരോധ ശേഷി ഒരു വ്യക്തിയിൽ ഉള്ളപ്പോൾ മാത്രമേ ആ വ്യക്തി ആരോഗ്യവാനാകുന്നുള്ളു. ഈ പഞ്ചായത്ത് ആരോഗ്യ പ്രവർത്തനങ്ങളുടെ കാര്യത്തിൽ ശ്രദ്ധ ചെലുത്തുന്നുണ്ടെങ്കിൽ തന്നെയും ഉദ്ദേശിച്ച ലക്ഷ്യപ്രാപ്തിയിൽ എത്തിച്ചേരുവാൻ ഇതുവരെയും കഴിഞ്ഞിട്ടില്ല.

പള്ളിക്കൽ പഞ്ചായത്ത് കൊല്ലംജില്ലയിൽ ആയിരുന്നപ്പോൾ ആദ്യമായി പ്രവർത്തനമാരംഭിച്ച ആലുംമൂട് M.C.H ഇന്ന് പ്രവർത്തനം നിലച്ച് അവഗണിക്കപ്പെട്ട നിലയിലാണ്. സ്വന്തമായി കെട്ടിടമുണ്ടായിട്ടും കാര്യക്ഷമമായി പ്രവർത്തിപ്പിക്കുവാൻ അധികൃതരുടെ ഭാഗത്തുനിന്നും യാതൊരു നടപടിയും ഉണ്ടാകുന്നില്ല. ഈ പഞ്ചായത്തിലെ ജനങ്ങൾ വിദഗ്ദ്ധ ചികിത്സ ലഭിക്കണമെങ്കിൽ 15ൽപ്പരം കി.മീ. അകലെയുള്ള അടൂർ താലൂക്ക് ആശുപത്രിയെ ആശ്രയിക്കേണ്ടിവരുന്നു. ആയൂർവേദാശുപത്രി ഹോമിയോ ആശുപത്രി, P.H.C എന്നിവ ഉണ്ടെങ്കിലും അതിന്റെ പ്രവർത്തനം കാര്യക്ഷമമല്ല. ഈ പഞ്ചായത്തിൽ 1, 2, 4, 5, 7, 8, 9, 10, 12, 14 വാർഡുകളിൽ പൊതുമേഖലയിൽ ഉള്ള ആരോഗ്യസ്ഥാപനങ്ങൾ ഒന്നും തന്നെയില്ല. ഹോമിയോ ആശുപത്രി, ആയുർവേദാശുപത്രി P.H.C മുതലായവ മൂന്നാം വാർഡിൽ പ്രവർത്തിക്കുന്നു. 13-ാം വാർഡിൽ ഒരു സബ്സെന്ററും11, 6, 3 എന്നീ വാർഡുകളിൽ ഓരോ മാതൃ ശിശു സംരക്ഷണകേന്ദ്രങ്ങളും ഉണ്ട്. സ്വകാര്യ മേഖലയിൽ കാര്യക്ഷമമായി പ്രവർത്തിക്കുന്ന ആശുപത്രികൾ ഒന്നും തന്നെ ഈ പഞ്ചായത്തിൽ ഇല്ല. പ്രാഥമികാരോഗ്യകേന്ദ്രങ്ങളിൽ ഡോക്ടർമാരുടെ സേവനം മുഴുവൻ സമയവും ലഭ്യമാകുന്നില്ല. പ്രാഥമിക ആരോഗ്യ സബ്സെന്ററുകളുടെ പ്രവർത്തനം തൃപ്തികരമല്ല. ആരോഗ്യ പരിപാലനരംഗം മെച്ചപ്പെട്ടതാക്കാൻ ആവശ്യമായിട്ടുള്ള ബോധവത്ക്കരണത്തിൽ ഫീൽഡ് വർക്കമാർ ശ്രദ്ധിക്കുന്നില്ല.

ഈ പഞ്ചായത്തിലെ80%വീടുകൾക്കും കക്കൂസ് ഇല്ല. പഞ്ചായത്തിലെ ശുചീകരണ പ്രവർത്തനങ്ങൾ തൃപ്തികരമല്ല.



നിർദ്ദേശങ്ങൾ

പഴകുളം ജംഗ്ഷൻ, ചേന്നംപള്ളിൽ ക്ഷേത്രജംഗ്ഷൻ എന്നിവിടങ്ങളിൽ ഹോട്ടലിൽ നിന്നുവരുന്ന മലിനജലം ജംഗ്ഷനെ മലീമസമാക്കുന്നു. പഴകുളം, തെങ്ങമം, പള്ളിക്കൽ, പുത്തൻചന്ത, മാമൂട് എന്നിവിടങ്ങളിലുള്ള വ്യാപാരകേന്ദ്രങ്ങളിലെ ശുചിത്വം വളരെ പ്രാധാന്യം അർഹിക്കുന്നു. ഈ ചന്തകളിൽ വിൽക്കുന്ന മത്സ്യത്തിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് നടപടികൾ എടുക്കുക. പൊതു ശ്മശാനങ്ങൾ ആവശ്യമായ സ്ഥലങ്ങളിൽ സ്ഥാപിക്കുക. കൊതുകു നിവാരണത്തിന് കൂടുതൽ ശ്രദ്ധ കൊടുക്കേണ്ടതാണ്. പേവിഷ ബാധക്കെതിരെ മൃഗങ്ങളിൽ പ്രതിരോധ കുത്തിവയ്പ് നടത്തുക. ലൈസൻസ് സമ്പ്രദായം ഉറപ്പാക്കുകയും ചെയ്യുക. റബർ റോളർ ഷെഡ്ഡുകളിൽ നിന്നും പുറത്തേക്ക് ഒഴുകുന്ന മലിനജലം ഗ്രാമ വാസികളുടെ ആരോഗ്യത്തെ ബാധിക്കുന്നു. ഇതു തടയുക. ആരോഗ്യപ്രശ്നങ്ങൾക്ക് ഇടവരുത്തുന്ന മദ്യം, മയക്കുമരുന്ന് ഇവയ്ക്കെതിരെ ബോധവത്ക്കരണ പരിപാടി ശക്തമാക്കുകയും, എയ്ഡ്സ് പോലുള്ള ഭീകരരോഗങ്ങൾക്കെതിരെ ഫലപ്രദമായ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുക. ഈ പഞ്ചായത്തിൽ സബ് സെന്ററുകളോ, പ്രാഥമികാരോഗ്യകേന്ദ്രങ്ങളോ ഇല്ലാത്ത കേന്ദ്രങ്ങളിൽ ആശുപത്രികൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. കോളനികളിലും കൂടുതൽ ജനസാന്ദ്രതയുള്ള പ്രദേശങ്ങളിലും ശുശ്രൂഷാ കേന്ദ്രങ്ങൾ സ്ഥാപിക്കുക. പഴകുളം, ആലംമൂട്, തെങ്ങമം, പുത്തൻചന്ത, ചേന്നമ്പള്ളിൽ എന്നിവിടങ്ങളിലെ ഹോട്ടലുകളിൽ നിന്നും പുറത്തേക്ക് എറിയുന്ന പാഴ്വസ്തുക്കളും, മലിനജലവും പ്രസ്തുത പ്രദേശങ്ങളിൽ കെട്ടി കിടന്ന് ദുർഗന്ധം പരത്തുകയും കൊതുക് പോലെയുള്ള സാംക്രമിക രോഗങ്ങൾ പരത്തുന്ന ജീവികൾ വളരാൻ ഇടയാക്കുകയും ചെയ്യുന്നു. ഈ പ്രവണതയെ ശക്തമായി എതിർക്കുകയും വേണ്ടുന്ന കാര്യക്ഷമവും ശക്തവുമായ നടപടികൾ പഞ്ചായത്തിന്റെ ഭാഗത്തു നിന്നും ഉണ്ടാകേണ്ടതുമാകുന്നു. ഇന്ന് ഈ പഞ്ചായത്തിലെ ഏറ്റവും കൂടുതൽ പരിസര മലനീകരണം നടക്കുന്ന പ്രദേശം പഴകുളത്തു പ്രവർത്തിക്കുന്നH.M.S. തീയേറ്ററും, അതിനോടടുത്തുള്ള മാർക്കറ്റും ആകുന്നു. തീയേറ്ററിനുള്ളിലെ മൂട്ട ശല്യം യാതൊരു നിയന്ത്രണവും തത്വദീക്ഷയില്ലാത്തതുമായ പുകവലിയും, കാർക്കിച്ച് തുപ്പുന്നതുമായ പ്രവണതയും തീയേറ്ററിൽ കയറുന്ന ഏതൊരു വ്യക്തിയും സിനിമ കണ്ട് തിരിച്ചിറങ്ങുമ്പോൾ ഏതെങ്കിലും ഒരു രോഗത്തെ കരസ്ഥമാക്കുന്നു. തീയറ്ററിൽ ലാറ്റിൻ സൗകര്യങ്ങൾ അപര്യാപ്തവുമാണ്. ഇതിന്റെ തൊട്ടടുത്ത് സ്ഥിതിചെയ്യുന്ന പഴകുളം മാർക്കറ്റും, മത്സ്യവിതരണത്തിനു ശേഷം ഉപേക്ഷിക്കുന്ന പാഴ്വസ്തുക്കളും മത്സ്യക്കുട്ടയിൽ നിന്ന് പോകുന്ന ജലവും കെട്ടികിടന്ന് അതിരൂക്ഷമായ ദുർഗന്ധം വമുക്കുകയും പരിസര മലിനീകരണത്തിന് ഇടയാക്കുകയും ചെയ്യുന്നു. ഈ രണ്ട് സ്ഥലങ്ങളിലേയും പ്രശ്നങ്ങൾ പഞ്ചായത്ത് ഗൗരവത്തോടുകൂടി വീക്ഷിക്കുകയും ഫലപ്രദവും സത്വരവുമായ നടപടികൾ കൈക്കൊള്ളുകയും ചെയ്യണം.

ശക്തവും ആരോഗ്യകരവുമായ ഒരു സമൂഹത്തെ വാർത്തെടുക്കുന്നതിന് ശക്തമായ നടപടികൾ കൈക്കൊണ്ടാൽ വരും തലമുറയ്ക്ക് സമ്പൂർണ്ണ ആരോഗ്യമുള്ള തലമുറകളായി വർത്തിക്കുന്നതിന് സഹായകമായിത്തീരും.

5.3 D

സാമൂഹ്യക്ഷേമം

OFFICE OF THE PALLICKAL GRAMAPANCHAYAT
PATHANAMTHITTA DIST.
KERALA STATE
PAZHAKULAM.P.O.

5.3d

സാമൂഹ്യക്ഷേമം

പള്ളിക്കൽ പഞ്ചായത്തിൽ ദാരിദ്ര്യരേഖക്കു താഴെ ജീവിക്കുന്ന2590കുടുംബങ്ങളാണുള്ളത്. ഇതിൽ634കുടുംബങ്ങൾ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്നു. ട്രൈസം പദ്ധതിയിലൂടെ വിവിധ വിഷയങ്ങളിലായി തൊഴിൽ പരിശീലനം ലഭിച്ച 60 പേർ ഈ പഞ്ചായത്തിലുണ്ട്. DWRCA പദ്ധതി പ്രകാരം നടത്തുന്ന5 തൊഴിൽ യൂണിറ്റുകളിലായി155 വനിതകൾ പണിയെടുക്കുന്നു. 23 അംഗൻവാടികളാണ് ഈ പഞ്ചായത്തിലുള്ളത്.1292കുട്ടിക്കാണ്. ഇതിന്റെ മൂലം ശിശുമരണ നിരക്ക് വളരെ കുറവാണ്. പോഷകാഹാര പ്രശ്നങ്ങൾ കുട്ടികളെയും, അമ്മമാരെയും കൂടുതലായി ബാധിക്കുന്നില്ല.

പ്രശ്നങ്ങൾ

അർഹരായ എല്ലാവർക്കും ആനുകൂല്യം ലഭിക്കുന്നില്ല.

പഞ്ചായത്തിലെ അംഗൻവാടികളുടെ അടിസ്ഥാന ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെട്ടതല്ല.

കക്കൂസ്സില്ലാത്ത കുടുംബങ്ങളുടെ എണ്ണം കൂടുതലാണ്. അതിന് ഇന്നുള്ള പദ്ധതികൾ കൊണ്ടുമാത്രം ആവശ്യം നിറവേറ്റാൻ സാധിക്കുന്നതല്ല.

DWCRA യുടെ പ്രവർത്തനങ്ങളിൽ മോണിട്ടറിങ് നടക്കുന്നില്ല.

IRDP ആനുകൂല്യങ്ങൾക്ക് അർഹതയുള്ള പലരും ഇന്ന് ലിസ്റ്റിലില്ലാത്ത അവസ്ഥയാണുള്ളത്.

സമൂഹ്യക്ഷേമ വകുപ്പുമായി ബന്ധപ്പെട്ട് രൂപീകരിച്ച മഹിളാസമാജങ്ങൾ ദീർഘകാലാടിസ്ഥാനത്തിൽ പ്രവർത്തിക്കുന്നില്ല.

ക്ഷേമപദ്ധതിയുടെ പ്രയോജനം ഇടത്തട്ടുകാരുടെ ഇടപെടലും, അഴിമതിയും കാരണം പൂർണ്ണമായും പ്രയോജനപ്പെടുത്താൻ കഴിയുന്നില്ല.

അർഹരായവരെ പദ്ധതിയുടെ വിവരങ്ങൾ യഥാസമയം അറിയിക്കുന്നതിനുള്ള പരിമിതികൾ നിലനിൽക്കുന്നു.

ബാങ്കുകളുടെയും സഹകരണസംഘങ്ങളുടെയും പങ്കാളിത്തം വേണ്ടത്ര രീതിയിൽ സ്വയം തൊഴിൽ പദ്ധതികളിലും ഉല്പാദനരംഗങ്ങളിലും ലഭിക്കുന്നില്ല.

വേണ്ടത്ര ആരോഗ്യമില്ലാത്ത ധാരാളം ആളുകൾ ജനകീയ പോഷകാഹാര പരിപാടിയുടെ അഭാവത്തിൽ ഈ പഞ്ചായത്തിൽ ധാരാളമുണ്ട്.

സാദ്ധ്യതകൾ

വികസന പരിപാടികൾക്ക് മാറിവന്ന പഞ്ചായത്തിരാജ് സംവിധാനത്തിൽ ജനകീയത കൈവരുന്നു.

അർഹരായവരെ IRDP ലിസ്റ്റിൽ ഉൾപ്പെടുത്തുക. ഗ്രാമസഭകളിലൂടെ ക്ഷേമപരിപാടിയുടെ ഗുണഭോക്താക്കളെ കണ്ടെത്തുക.

വനിതകൾക്കായി നിലവിലുള്ള DWCRA യൂണിറ്റുകൾ വിപുലീകരിക്കുക. കൂടാതെ 15 യൂണിറ്റുകൾ കൂടി സ്ഥാപിക്കുക.

ഗ്രാമീണ ബാങ്കിംഗ് സംവിധാനത്തിന് സ്വയം തൊഴിൽ മേഖലയിൽ അഭ്യസ്ത വിദ്യരായ ചെറുപ്പക്കാർക്ക് വേണ്ടി കൂടുതൽ ധനസഹായം ചെയ്യുക.

അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് സ്വയം തൊഴിലിനായുള്ള പ്രൊജക്ടുകൾ തയ്യാറാക്കുവാനുള്ള പരിശീലനം നൽകുക.

ഗ്രാമപഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ ജനകീയ പോഷകാഹാരം പരിപാടി തുടങ്ങാവുന്നതാണ്.

ജനപങ്കാളിത്തത്തോടെ കോളനികൾ പൊതുജന ആവാസകേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ജനകീയ ശുചീകരണ പരിപാടിയുടെ ഭാഗമായി കക്കൂസുകൾ നിർമ്മിക്കാവുന്നതാണ്.

കോളനികൾ ആവാസകേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ശുചിത്വത്തെപറ്റിയുള്ള ബോധവൽക്കരണം നടത്തേണ്ടതാണ്.

പൊതുവിതരണം

റേഷൻകടകൾ

പള്ളിക്കൽ പഞ്ചായത്തിൽ 12-ാം വാർഡ് ഒഴികെ മറ്റെല്ലാ വാർഡുകളിലും റേഷൻകടകൾ പ്രവർത്തിക്കുന്നുണ്ട്. 8, 10, 13 എന്നീ വാർഡുകളിൽ പ്രവർത്തിച്ചു കൊണ്ടിരുന്ന മൂന്നു കടകൾ ഇപ്പോൾ സസ്പെൻസ് ചെയ്തിരിക്കുകയാണ്. നിലവിലുള്ള റേഷൻകടകളുടെ പ്രവർത്തനം കാര്യക്ഷമമല്ല. റേഷൻ കടകൾ വഴി വിതരണം ചെയ്യുന്ന സാധനങ്ങൾക്ക് പലപ്പോഴും ക്ലിപ്ത വിലയല്ല ഈടാക്കുന്നത്.

പഞ്ചായത്തിൽ നിരവധി കുടുംബങ്ങൾക്ക് റേഷൻ കാർഡ് ഇല്ലാത്ത സ്ഥിതിയുണ്ട്. റേഷൻ കാർഡ് ലഭിക്കുന്നതിലെ കാലതാമസവും സാങ്കേതിക തടസ്സങ്ങളും അനധികൃത വില്പന തടയുവാനും യഥാർത്ഥ ഗുണഭോക്താക്കൾക്ക് ആവശ്യാനുസരണം ലഭ്യമാക്കുവാനും ബന്ധപ്പെട്ട അധികാരികൾ നടപടിയെടുക്കണം.

അഞ്ചാം വാർഡിലെ കോണത്ത് ക.ഒ.ഉ.ജ. കോളനിഭാഗം, എട്ടാം വാർഡിലെ കരിന്താരവിള ഭാഗം, ഒൻപതാം വാർഡിലെ റീത്തുപള്ളി ജംഗ്ഷൻ, പതിനൊന്നാം വാർഡിലെ ചാല, പന്ത്രണ്ടാം വാർഡിലെ മേലൂട്, ക.ഒ.ഉ.ജ. കോളനിഭാഗം, പന്നിവേലിയ്ക്കൽ, പതിനാലാം വാർഡിലെ വെള്ളച്ചിറ കോളനിഭാഗം എന്നിവിടങ്ങളിൽ പുതുതായി റേഷൻകടകൾ അനുവദിക്കേണ്ടതുണ്ട്.

പള്ളിക്കൽ ഗ്രാമപഞ്ചായത്ത്

199596

പൊതുവിതരണ സംവിധാനത്തെ സംബന്ധിക്കുന്ന വിവരങ്ങൾ

കാർഡുടമകളുടെ എണ്ണം			ഉപഭോക്താക്കളുടെ എണ്ണം			പ്രതിവർഷം വിതരണം ചെയ്ത ഭക്ഷ്യവസ്തുക്കൾ (ക്വിന്റൽ)				മണ്ണെണ്ണ (ലിറ്റർ)	
വൈദ്യുതീകരിക്കാത്തത്	വൈദ്യുതീകരിച്ചത്	ആകെ	മേജർ (12 വയസ്സിനു മുകളിൽ)	മൈനർ (3-12 വയസ്സ്)	ആകെ	അരി എല്ലാ ഇനവും	ഗോതമ്പ്	പഞ്ചസാര	ആകെ	പെർമിറ്റുകളുടെ എണ്ണം	വിതരണം ചെയ്തത് (ലിറ്റർ)
1	2	3	4	5	6	7	8	9	10	11	12
6622	4673	11295	43804	7728	51532	34620	27208	2551	64379	403	2012.89

ആകെയുള്ള പൊതുവിതരണ കേന്ദ്രം - 25

(ഇതിൽ രണ്ട് കേന്ദ്രങ്ങൾ ഇപ്പോൾ സസ്പെൻഷനിൽ)

മാവേലിസ്റ്റോർ - 1

മാവേലിസ്റ്റോറുകൾ

ഈ പഞ്ചായത്തിലെ പള്ളിക്കൽ വില്ലേജിൽപെട്ട പഴകുളം ജംഗ്ഷനിൽ ഒരു മാവേലിസ്റ്റോർ പ്രവർത്തിക്കുന്നു. ഈ മാവേലി സ്റ്റോർ കൊണ്ട് പഞ്ചായത്തിലെ മുഴുവൻ ആളുകൾക്കും പ്രയോജനം ലഭിക്കുന്നില്ല. ആയതിനാൽ തെങ്ങമം, പെരിങ്ങനാട് എന്നീ ഭാഗങ്ങളിൽ കൂടി ഓരോ മാവേലിസ്റ്റോറുകൾ അനുവദിക്കണം.

5.11e

പട്ടികജാതി പട്ടികവർഗ്ഗ മേഖല

ഈ പഞ്ചായത്തിലെ ആകെ ജനസംഖ്യ 38027 ആണ്. ഇതിൽ 7,307 പേർ പട്ടികജാതിയിലും 6 പേർ പട്ടിക വർഗ്ഗത്തിലും ഉൾപ്പെടുന്നു; അതായത് 19.23%. പഞ്ചായത്തിലെ വിവിധ യിനം കോളനികളുടെ വാർഡുതിരിച്ചുള്ള എണ്ണം താഴെ കൊടുക്കുന്നു.

പട്ടിക – 1

വാർഡു നമ്പർ	അംഗീകൃതം	ലക്ഷം വീട്	പഞ്ചായത്തു കോളനി	I.H.D.P. കോളനി
I	2	-	-	1
II	1	-	-	-
III	2	1	-	1
IV	2	1	-	-
V	3	-	1	-
VI	2	-	-	1
VII	-	-	-	-
VIII	3	-	-	1
IX	1	-	-	-
X	-	-	-	-
XI	1	-	-	-
XII	-	-	-	1
XIII	-	1	1	-
XIV	-	-	-	1
ആകെ	17	3	2	6

അംഗീകൃത കോളനികളിൽ ഒരെണ്ണം സെറ്റിൽമെന്റു കോളനിയാണ്.

വിദ്യാഭ്യാസ – സാമൂഹികമേഖലകളിൽ ഒരു പരിധിവരെ നേട്ടങ്ങളുണ്ടായിട്ടുണ്ടെങ്കിലും ഉന്നത വിദ്യാഭ്യാസത്തിനുള്ള അവസരം വേണ്ടത്ര നേടിയിട്ടില്ല. സാമൂഹ്യമായ അസമത്വങ്ങളും ഒരു പരിധിവരെ ഇപ്പോഴും നിലനില്ക്കുന്നു എന്നത് ഒരു വസ്തുതയാണ്. ഭൂരിപക്ഷം കോളനികളിലും വൈദ്യുതി എത്തിയിട്ടില്ല.

കുടിവെള്ള പ്രശ്നവും അങ്ങിനെതന്നെ. ലക്ഷംവീടുകളുടെ അറ്റകുറ്റപ്പണികൾ വേണ്ടവിധം നടത്തിയിട്ടില്ല.

മേൽ സൂചിപ്പിച്ചതുപോലെ പട്ടികജാതി വിഭാഗത്തിൽ നിരക്ഷരരുടെ എണ്ണം കുറഞ്ഞുവരുന്നു എങ്കിലും, ഹൈസ്കൂൾ വിദ്യാഭ്യാസത്തിനു ശേഷം തുടർന്നു പഠിക്കുന്നതിനു സൗകര്യങ്ങൾ കുറവാണ്. ഒരു വിഭാഗം കുട്ടികളും രക്ഷാകർത്താക്കളും ഇക്കാര്യത്തിൽ വേണ്ടത്ര ശുഷ്കാന്തി കാണിക്കുന്നില്ല എന്നത് ഒരു വസ്തുതയാണ്. ഈ പഞ്ചായത്തിലെ 5884 വിദ്യാർത്ഥികളിൽ വെറും 16.94% വിദ്യാർത്ഥികൾ മാത്രമാണ് പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽ നിന്നും സ്കൂളിൽ വിവിധതലങ്ങളിൽ പൊയ്ക്കൊണ്ടിരിക്കുന്നത്.

പരമ്പരാഗതമായി കാർഷിക മേഖലയിൽ പണിയെടുക്കുന്നവരാണ് പട്ടികജാതിയിൽപെട്ടവരധികവും. എന്നാൽ കാർഷിക മേഖലയിൽ ഇപ്പോഴുണ്ടായിക്കൊണ്ടിരിക്കുന്ന മുരടിപ്പ് ഇവരിൽ നല്ലൊരുവിഭാഗം ആൾക്കാരെ തൊഴിൽ രഹിതരാക്കിയിട്ടുണ്ട്. സാങ്കേതിക വിദ്യാഭ്യാസം നേടാത്തവരാകയാൽ മറ്റു മേഖലയിൽ തൊഴിൽ കിട്ടാനും ഇവർക്ക് പ്രയാസമേറിയിരിക്കുകയാണ്. വിരോധാഭാസമെന്നു പറയട്ടെ, കാർഷികമേഖലയിൽ നടീൽ, കൊയ്ത്ത്, കളനീക്കം ചെയ്യൽ, കിളതുടങ്ങിയ തൊഴിലുകളിൽ ഏർപ്പെടുന്നതിന് ആവശ്യത്തിനു തൊഴിലാളികളെ കിട്ടാത്ത അവസ്ഥയും നിലനില്ക്കുന്നു.

ഒരു വിഭാഗം പട്ടികജാതി വിഭാഗക്കാർ നാമമാത്രമായി പരമ്പരാഗത ചെറുകിട കൈത്തൊഴിലുകളിൽ ഏർപ്പെട്ടിട്ടുണ്ടെങ്കിലും അവരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കുന്നതിനോ തൊഴിൽ ലാഭകരമാക്കുന്നതിനോ കഴിയാതെ അവരും വലയുകയാണ്.

സർക്കാർ ഏജൻസികൾ നടപ്പാക്കിവരുന്ന ഭവന ദാന പദ്ധതികളിലൂടെ ഒരു വിഭാഗം കുടുംബങ്ങൾക്ക് വീടുകൾ സ്വന്തമാക്കാൻ സാധിച്ചിട്ടുണ്ടെങ്കിലും ആയത് ലഭ്യമാക്കാത്ത നല്ലൊരു വിഭാഗം ബാക്കി നില്ക്കുന്നു.

പല കോളനികളിലും കക്കൂസുകൾ ആവശ്യത്തിന് ഇല്ല എന്നുള്ളത് പ്രശ്നമായി നിലനില്ക്കുന്നു.

വനം
നാടിന്റെ സമ്പത്ത്

പട്ടിക – 2

വാർഡുനമ്പർ	കോളനി	വീടുകൾ	ആവശ്യമുള്ള ഭൗതിക സാഹചര്യങ്ങൾ		
			കക്കൂസുകൾ	കുടിവെള്ളം	റോഡ്
I	-	-	-	-	-
II	മൂന്നാറ്റുകര I.H.D.P.	35	40	വേണം	വേണ്ട
	പാപ്പാടിക്കുന്ന് കോളനി	45	50	വേണം	വേണ്ട
III	-	-	-	-	-
IV	പ്രിയദർശിനി കോളനി	14	20	വേണം	വേണ്ട
	ലക്ഷംവീട് കോളനി	6	6	വേണം	വേണ്ട
	നാലുതുണ്ടിൽ കോളനി	13	18	വേണം	വേണ്ട
V	ചിറക്കൽചിറ I.H.D.P.	10	25	വേണം	വേണ്ട
	മലമുമ്പ്	15	30	വേണം	വേണ്ട
	പുന്നക്കോട്	20	30	വേണം	വേണ്ട
	ചാലപറമ്പ്	20	30	വേണം	വേണ്ട
	പഞ്ചായത്തു കോളനി	19	20	വേണം	വേണ്ട
VI	കൊല്ലോട്ട് I.H.D.P.	15	48	വേണം	വേണ്ട
	നാച്ചിങ്ങയിൽ കോളനി	35	30	വേണ്ം	വേണം
VII	-	-	-	-	-
VIII	മായക്കോട് I.H.D.P.	176	176	വേണം	വേണം
	വള്ളിക്കുളം കോളനി	73	73	വേണം	വേണം
	മുണ്ടപ്പള്ളിസെറ്റിൽമെന്റ് കോളനി	10	50	വേണം	വേണം
IX	അട്ടക്കോട്	10	12	വേണം	വേണം
X	-	-	-	-	-
XI	തെന്നാപ്പറമ്പ്	35	30	വേണം	വേണം
XII	മേലൂട്ട് I.H.D.P.	150	25	വേണം	വേണം
XIII	പഞ്ചായത്തുകോളനി	19	21	വേണം	വേണം
XIV	വെള്ളച്ചിറ I.H.D.P.	45	60	വേണം	വേണം



മേൽകാണിച്ച രണ്ടു പട്ടികകൾ കണക്കിലെടുത്തും ഗ്രാമസഭകളുടെ ശുപാർശകളുടെ അടിസ്ഥാനത്തിലും താഴെപ്പറയുന്ന ആവശ്യങ്ങൾ അനുവദിച്ച് പ്രശ്നങ്ങൾ പരിഹരിക്കേണ്ടതാണ്.

1. പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപെട്ട വിദ്യാർത്ഥികൾക്ക് പ്രത്യേക ഘടക പദ്ധതി പ്രകാരം ഉന്നത വിദ്യാഭ്യാസത്തിനുള്ള ഭൗതിക സാഹചര്യങ്ങൾ നൽകേണ്ടതാണ്.

2. വിദ്യാസമ്പന്നരും സേവനതല്പരരുമായ സ്ഥലത്തെ വ്യക്തികളുടെ സേവനം പ്രയോജനപ്പെടുത്തി ഇവർക്ക് പ്രത്യേകിച്ച് കോളനി നിവാസികൾക്ക് എല്ലാ മേഖലകളിലും അവബോധം ഉണ്ടാക്കി എടുക്കുന്നതിനുള്ള ഫലപ്രദമായ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.

3. കാർഷിക മേഖലയിൽ നിന്നും മാറിപ്പോയ ഈ വിഭാഗത്തെ ഈ മേഖലയിൽ പുനരധിവസിപ്പിക്കാൻ ശാസ്ത്രീയമായ പദ്ധതികളാവിഷ്കരിക്കേണ്ടതാണ്.

4. ഈ വിഭാഗത്തിൽപെട്ട പരമ്പരാഗത കൈത്തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർക്കുവേണ്ടി സഹകരണാടിസ്ഥാനത്തിൽ ഇവരെ സംഘടിപ്പിച്ച് തൊഴിൽ ലഭ്യതയും വരുമാനവും ഉറപ്പു വരുത്തണം.

5. ഈ വിഭാഗത്തിൽ ഉന്നത വിദ്യാഭ്യാസം നേടാത്തവർക്ക് തൊഴിലധിഷ്ഠിത പരിശീലനം നൽകേണ്ടതാണ്.

6. ബഹുഭൂരിപക്ഷം കോളനികളിലും വൈദ്യുതിയില്ലാത്തത് ഇവരുടെ വിദ്യാഭ്യാസവും സാംസ്കാരികമായ പ്രവർത്തനങ്ങൾക്ക് തടസ്സം നിൽക്കുന്നുണ്ട്. കോളനികൾ വൈദ്യുതീകരിക്കുകയും മറ്റുള്ളവരുടെ വീടുകൾ സൗജന്യമായി വൈദ്യുതീകരിക്കുകയും ചെയ്യണം.

7. വേണ്ടത്ര കക്കൂസുകൾ ഇല്ലാത്തത് നിരവധി ആരോഗ്യ പ്രശ്നങ്ങൾ ഉയർത്തുന്നുണ്ട്. ആയതിനാൽ എല്ലാ പട്ടികജാതി പട്ടികവർഗ്ഗ വീടുകൾക്കും അടിസ്ഥാന സൗകര്യങ്ങളൊരുക്കാൻ അടിയന്തിരമായി നടപടി കൈക്കൊള്ളേണ്ടതാണ്.

8. കോളനികൾ കേന്ദ്രീകരിച്ച് ടി.വി. സ്ഥാപിക്കുകയും സാംസ്കാരിക പ്രവർത്തനങ്ങൾക്ക് വേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തുകയും വേണം.

9. ഒട്ടുമിക്ക കോളനികളിലും ഇന്ന് കുടിവെള്ളക്ഷാമം അനുഭവപ്പെടുന്നു. ഒന്നോ, രണ്ടോ കിണറുകൾ ഉള്ളത് കൂടുതൽ ആൾക്കാർ ഉപയോഗിക്കേണ്ടിവരുന്നത് ആരോഗ്യ പ്രശ്നങ്ങൾ ഉയർത്തുന്നു. കുടിവെള്ള പ്രശ്നത്തിന് ശാശ്വത പരിഹാരം അടിയന്തിരമായി കാണേണ്ടതാണ്.

❑



5.3 F

സഹകരണം



OFFICE OF THE PALLICKAL GRAMAPANCHAYAT
PATHANAMTHITTA DIST.
KERALA STATE
PAZHAKULAM.P.O.

5.3f

സഹകരണം

സഹകരണമേഖല

പരസ്പര സഹായത്തിൽ സ്വാശ്രയത്വം കണ്ടെത്തുക എന്നതാണ് 'സഹകരണം' എന്നതുകൊണ്ട് അർത്ഥമാക്കുന്നത്. ലോകത്തിൽ ആദ്യമായി 1844-ലാണ് സഹകരണ സ്ഥാപനം രൂപമെടുക്കുന്നത്. ഈ സംരംഭം 28 അംഗങ്ങളുമായി റോബർട്ട് ഓവനാണ് തുടങ്ങിയത്. 1904-ലെ സഹകരണ നിയമത്തിന്റെ (കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് ഓഫ് 1994) അടിസ്ഥാനത്തിൽ ഋണ ബാദ്ധ്യതയിൽ നിന്ന് കർഷക സമൂഹത്തെ രക്ഷിക്കുന്നതിനായി രൂപീകൃതമായ കാർഷിക വായ്പാ സംഘങ്ങളുടെ ആവിർഭാവത്തോടെയാണ് ഈ പ്രസ്ഥാനം ഭാരതത്തിൽ തുടക്കം കുറിച്ചത്.

ജനങ്ങളുടെ സാമൂഹ്യവും, സാമ്പത്തികവുമായ പിന്നോക്കാവസ്ഥക്ക് പരിഹാരം കാണുവാൻ നമ്മുടെ പഞ്ചായത്തിലെ സഹകരണസ്ഥാപനങ്ങളുടെ പ്രവർത്തനം കൊണ്ട് ഒരു പരിധിവരെ കഴിഞ്ഞിട്ടുണ്ട്. 16 സഹകരണസ്ഥാപനങ്ങൾ ഈ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിലായി പ്രവർത്തിച്ചു വരുന്നു. ഇവയിൽ നാലെണ്ണം വായ്പാ സഹകരണ സംഘങ്ങളാണ്.

പള്ളിക്കൽ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ.272

ഒരു സഹകരണസംഘമെന്ന നിലയിൽ കൊല്ലവർഷം 1099 ഇടവമാസം 14-ാം തീയതി പള്ളിക്കൽ ആസ്ഥാനമായി പ്രവർത്തനം ആരംഭിച്ചു. ഈ സഹകരണ സംഘത്തിന്റെ ആസ്ഥാനം ഇപ്പോൾ പയ്യനല്ലൂർ ആണ്. പള്ളിക്കൽ പഞ്ചായത്തിലെ 1, 2, 3, 4, 5,14, എന്നീവാർഡുകൾ പൂർണ്ണമായും 6-ഉം 7-ഉം വാർഡുകളുടെ ഭാഗങ്ങൾ ഭാഗികമായും ഈ സഹകരണബാങ്കിന്റെ പ്രവർത്തന പരിധിയിലാണ്. ഇതിൽ 5320 അംഗങ്ങൾ ഉണ്ട്. അംഗീകൃത ഓഹരി മൂലധനം 15 ലക്ഷം രൂപയും പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനം 6,39,482 രൂപയും ആണ്.

പൊതുജനങ്ങളിൽ നിന്നും സ്ഥിരം നിക്ഷേപമായി 37,39,611 രൂപയും ഹൃസ്വകാല നിക്ഷേപമായി 10,88,639 രൂപയും സ്വീകരിച്ചിട്ടുണ്ട്. ഈ ബാങ്കിൽ നിന്നും കൊടുക്കുന്നത് ഹൃസ്വകാല, മദ്ധ്യകാല, ദീർഘകാല വായ്പകൾ ആണ്.

പെരിങ്ങനാട് സർവ്വീസ് സഹകരണബാങ്ക് നമ്പർ 2706

1945ൽ പെരിങ്ങനാട് കേന്ദ്രമാക്കി ഒരു സഹകരണസംഘമായി പ്രവർത്തനം ആരംഭിക്കുക്കയും പിൽക്കാലത്ത് ഇത് സഹകരണ ബാങ്കായി ഉയർത്തപ്പെടുകയും ചെയ്തു. നമ്മുടെ പഞ്ചായത്തിന്റെ 8, 9, 10, 11, 13 ഈ വാർഡുകൾ (K.P. റോഡിനു തെക്കുവശമുള്ള ഭാഗങ്ങൾ) ഈ ബാങ്കിന്റെ പ്രവർത്തന പരിധിയിൽ വരുന്നതാണ്. ഈ ബാങ്കിൽ ആകെ 6419 അംഗങ്ങൾ ഉണ്ട്. അംഗീകൃത ഓഹരി മൂലധനം 20,00,00 രൂപയും പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം 9,45,274 രൂപയും ആണ്. പൊതുജനങ്ങളിൽ നിന്നും 97,39,880 രൂപയുടെ സ്ഥിരം നിക്ഷേപവും 30,16,511 രൂപയുടെ ഹൃസ്വകാല നിക്ഷേപവും ലഭിച്ചിട്ടുണ്ട്. ഈ ബാങ്കിൽ നിന്നും പ്രധാനമായും, ഹൃസ്വകാല, മദ്ധ്യകാല, ദീർഘകാല വായ്പകൾ ആണ് നൽകുന്നത്. കൂടാതെ കിണർ, പമ്പുസെറ്റ്, പശു, ആടുവളർത്തൽ എന്നിവയ്ക്കും വായ്പ നൽകുന്നു.

പഴകുളം പടിഞ്ഞാറ് സർവ്വീസ് സഹകരണസംഘം ക്ലിപ്തം നമ്പർ PT. 95

1991-ൽ പഴകുളം പടിഞ്ഞാറ് ആലുംമൂട് കേന്ദ്രമായി ഈ സംഘം പ്രവർത്തനം അരംഭിച്ചു. പഴകുളം പടിഞ്ഞാറ്, പഴകുളം വടക്ക് എന്നിവ ഈ സഹകരണസംഘത്തിന്റെ പ്രവർത്തന പരിധിയിൽപ്പെടുന്നു. 955 അംഗങ്ങൾ ഈ സംഘത്തിലുണ്ട്. അംഗീകൃത ഓഹരി മൂലധനം 5,00,000 രൂപയും പിരിഞ്ഞുകിട്ടിയ മൂലധനം1,27,000 രൂപയും ആണ്. പൊതുജനങ്ങളിൽ നിന്ന് 3,87,500 രൂപ സ്ഥിരനിക്ഷേപമായും 2,18,775 രൂപ ഹൃസ്വകാല നിക്ഷേപമായും ലഭിച്ചിട്ടുണ്ട്. ഈ സംഘത്തിൽ നിന്നും ഹൃസ്വകാല, ദീർഘകാല, മദ്ധ്യകാല, സ്വന്തം ഫണ്ട്,, വായ്പകൾ എന്നിവ നൽകുന്നു.

പഴകുളം സർവ്വീസ് സഹകരണ ബാങ്ക് നമ്പർ. PT 64

1989-ൽ പഴകുളം തെങ്ങുംതാര കേന്ദ്രമാക്കി ഈ സംഘം പ്രവർത്തനം ആരംഭിച്ചു. പെരിങ്ങനാട് വില്ലേജിൽ പഴകുളം കിഴക്ക് അമ്മകണ്ടകര, മലമേക്കര, മേലൂട്ടുകരയിൽ KP റോഡിനു വടക്കുവശവും ഉള്ള ഭാഗങ്ങൾ ഈ സംഘത്തിന്റെ പ്രവർത്തന പരിധിയിൽ വരുന്നു. 1430 അംഗങ്ങൾ ഈ സംഘത്തിൽ അംഗങ്ങളായിട്ടുണ്ട്. അംഗീകൃത ഓഹരി മൂലധനം 6,00,000 രൂപയും പിരിഞ്ഞുകിട്ടിയ ഓഹരി മൂലധനം 4,900,45 രൂപ പൊതുജനങ്ങളിൽ നിന്നും സ്ഥിരനിക്ഷേപമായി 2,90,729 രൂപയും ഹ്രസ്വകാല നിക്ഷേപമായി 67,627 രൂപയും ലഭിച്ചിട്ടുണ്ട്. ഈ സംഘത്തിൽ നിന്ന് പ്രധാനമായും നേഴ്സറി കൃഷി, റബ്ബർ നേഴ്സറി, ആടുവളർത്തൽ, പശുവളർത്തൽ, റബ്ബർ റോളർ, റബ്ബർ കൃഷി, വെറ്റിലക്കൊടി, പമ്പുസെറ്റ് എന്നീ വായ്പകളും ഹ്രസ്വകാല മദ്ധ്യകാല ദീർഘകാല വായ്പകളും ഈ സംഘത്തിൽ നിന്നും നല്കുന്നു.

പ്രശ്നങ്ങൾ ക്രെഡിറ്റ് മേഖല

സംഘങ്ങൾ നൽകിയ വായ്പയും കിട്ടാനുള്ള കുടിശ്ശികയും

സ്ഥാപനത്തിന്റെ പേര്	നല്കിയ വായ്പ	കാലാവധി കഴിഞ്ഞ് കിട്ടാനുള്ളവ
പള്ളിക്കൽ സർവ്വീസ് സഹകരണബാങ്ക് 272	54,97,514	
പഴകുളം പടിഞ്ഞാറ് സർവ്വീസ് സഹകരണസംഘം PT. 95	11,35,500	
പെരിങ്ങനാട് സർവ്വീസ് സഹകരണബാങ്ക് 2076	1,26,22,654	2,11,71,820
പഴകുളം സർവ്വീസ് സഹകരണബാങ്ക് PT. 64	28,64,774	2,00,871

1. നമ്മുടെ പഞ്ചായത്തിൽ സഹകരണ സംഘങ്ങൾ അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നമായി ക്രെഡിറ്റ്, പ്രസ്തുത സംഘങ്ങളിൽ അംഗങ്ങൾക്ക് സ്വന്തം ഫണ്ടിൽ നിന്നും അംഗങ്ങൾക്ക് ആവശ്യമായ ലോൺ നൽകാൻ ഇല്ല എന്നുള്ളതാണ്. ഇങ്ങനെയുള്ള സംഘങ്ങൾ അംഗങ്ങൾക്ക് ലോൺ നൽകുന്നത് ജില്ലാ സഹകരണബാങ്കിൽ നിന്നും ലഭിക്കുന്ന വായ്പയുടെ ലഭ്യത അനുസരിച്ചാണ്. ഇത് വായ്പകൾ ലഭിക്കുന്നതിന് കാലതാമസം സൃഷ്ടിക്കുന്നു.

2. ഡിപ്പോസിറ്റിന്റെ കാര്യത്തിൽ പഞ്ചായത്തിലെ സഹകരണസ്ഥാപനങ്ങൾ വളരെ പിന്നോക്കാവസ്ഥയിലാണ് നിക്ഷേപത്തിന് ദേശസാൽകൃത ബാങ്കുകളെക്കാൾ കൂടുതൽ പലിശ നിരക്ക് നൽകുന്നുണ്ടെങ്കിലും വേണ്ടത്ര നിക്ഷേപം സമാഹരിക്കുവാൻ കഴിയുന്നില്ല.

3. അംഗങ്ങൾക്ക് നൽകിയ വായ്പയിൽ മേൽ ഉള്ള കുടുശ്ശിക – സഹകരണ ബാങ്കുകൾക്ക് നേരിടുന്ന ഒരു പ്രധാന പ്രശ്നമാണ്.

4. സഹകരണസംഘങ്ങൾക്ക് കൃത്യമായി കർഷകർക്ക് വേണ്ടുന്ന വിത്ത്–വളം, കീടനാശിനി, കാർഷികയന്ത്രോപകരണങ്ങൾ എത്തിച്ചു കൊടുക്കാൻ കഴിയുന്നില്ല. സംഘങ്ങൾ വളം കീടനാശിനി ഡിപ്പോകൾ നടത്തുന്നുണ്ടെങ്കിലും കർഷകർക്ക് ആവശ്യാനുസരണം ഇവ ലഭ്യമാകുന്നില്ല.

5. മറ്റൊരു പ്രധാനപ്പെട്ട പ്രശ്നം സഹകരണ മേഖലയെപ്പറ്റി ഈ പഞ്ചായത്തിലുള്ള ജനങ്ങൾ വേണ്ടത്ര ബോധവാന്മാരല്ല എന്നുള്ളതാണ്.

6. ഡിപ്പാർട്ട്മെന്റൽ മേധാവിത്വവും ആധുനിക മേഖലകളിലേക്ക് കടന്നു കയറാനുള്ള ആത്മധൈര്യക്കുറവ് സാങ്കേതിക നവീകരണത്തിന്റെ അഭാവം ഇവകളും സഹകരണ സംഘങ്ങളെ ബാധിച്ചിരിക്കുന്നു.

കൺസ്യൂമർ മേഖല

പള്ളിക്കൽ പഞ്ചായത്തിലെ കൺസ്യൂമർ സ്റ്റോറുകളുടെ പ്രവർത്തനം നടക്കു

ന്നുണ്ട്. എന്നാൽ ഇത് കൂടുതൽ ലാഭേച്ഛയോടു കൂടി നടത്തുന്ന വെറും കച്ചവടത്തിലേക്ക് തരംതാഴുന്ന പ്രക്രീയയാണ് കണ്ടുവരുന്നത്. കൂടുതൽ ലാഭങ്ങൾ പ്രതീക്ഷിക്കാതെ സാധാരണ ജനങ്ങളുടെ ഒരു നല്ല സുഹൃത്തായി കൺസ്യൂമർ സ്റ്റോറുകൾ പ്രവർത്തിക്കേണ്ടതാണ്.

ക്ഷീരവ്യവസായ സഹകരണങ്ങൾ

ഈ പഞ്ചായത്തിലെ 14 വാർഡുകളിലായി 5 ക്ഷീരസഹകരണ സംഘങ്ങൾ മാത്രമേ ഉള്ളു. പഞ്ചായത്തിലെ പാലുല്പാദനം വർദ്ധിപ്പിക്കണമെങ്കിൽ ഇവയുടെ പ്രവർത്തനം ശക്തമാക്കേണ്ടിയിരിക്കുന്നു. പഞ്ചായത്തിൽ കൂടുതൽ ക്ഷീര സഹകരണ സംഘങ്ങൾക്കുള്ള സാധ്യതയുണ്ട്.

റബ്ബർ ഉല്പാദക സഹകരണ സംഘം

പള്ളിക്കൽ പഞ്ചായത്തിൽ രണ്ട് റബ്ബർ ഉല്പാദക സംഘങ്ങളാണ് ഉള്ളത്. ഇവയിൽ ഒരെണ്ണം കാര്യക്ഷമമായ പ്രവർത്തനം നടത്തുന്നുണ്ട്. ഒരെണ്ണം മന്ദഗതിയിലുള്ള പ്രവർത്തനവുമാണ് നടത്തുന്നത്.

പുതിയ വികസന നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷികോല്പന്നങ്ങൾക്ക ഇടത്തട്ടുകാരന്റെ ചൂഷണം ഇല്ലാത്തതു തന്നെ അർഹമായ വില ലഭിക്കുവാൻ മാർക്കറ്റിംഗ് സഹകരണസംഘങ്ങൾ ഉണ്ടാകേണ്ടതാണ്.
2. നമ്മുടെ പഞ്ചായത്തിൽ സഹകരണ മേഖലയിൽ ഒരു ആശുപത്രി നടത്തേണ്ടത് അത്യന്താപേക്ഷിതമാണ്.
3. സാധാരണക്കാരന്റെ ഏറ്റവും പ്രധാന പ്രശ്നമായ പാർപ്പിട സൗകര്യങ്ങൾക്ക് ആവശ്യമായ ധനസഹായം നല്കുന്നതിന് ഒരു ഹൗസിംഗ് സഹകരണ സംഘം രൂപീകരിക്കണം.
4. പള്ളിക്കൽ പഞ്ചായത്തിൽ റെഡി മെയ്ഡ് വസ്ത്രനിർമ്മാണം, നോട്ടു ബുക്ക് ബയന്റിംഗ്, അച്ചാർ കറി പൗഡർ നിർമ്മാണം എന്നിവയ്ക്കായി വനിതാ സഹകരണ സംഘങ്ങൾ രൂപീകരിക്കേണ്ടതാണ്.
5. പട്ടികജാതി-പട്ടികവർഗ്ഗ സഹകരണ സംഘങ്ങൾ രൂപീകരിച്ച് അവയുടെ നേതൃത്വത്തിൽ പരമ്പരാഗത വ്യവസായങ്ങളായ ഈറ, തഴ, ചകിരി തുടങ്ങിയ വ്യവസായങ്ങൾ തുടങ്ങേണ്ടതാണ്.
6. സഹകാരികളെ ഏകോപിച്ചുകൊണ്ട് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഒരു സഹകരണ സെല്ലിന് രൂപം നല്കുകയും സഹകരണ സംഘങ്ങളുടെ പ്രവർത്തന അവലോകനം ചെയ്യുക.
7. പാറപൊട്ടിക്കുന്നവരും, മെറ്റലടിക്കുന്നവരുമായ തൊഴിലാളികളുടെ ഒരു സഹകരണസംഘം രൂപീകരിക്കണം.
8. ഇഷ്ടിക നിർമ്മാണത്തിനായി ഒരു സഹകരണസംഘം നമ്മുടെ പഞ്ചായത്തിൽ സ്ഥാപിക്കണം. കോഴിവളർത്തൽ സഹകരണസംഘം രൂപീകരിക്കുക.
9. റബ്ബർ അധിഷ്ഠിത വ്യവസായങ്ങൾക്ക് വളരെയധികം പ്രാധാന്യമുള്ള മേഖലയാണ് പള്ളിക്കൽ പഞ്ചായത്ത്. നിരവധി ആളുകൾക്ക് തൊഴിൽ പ്രദാനം ചെയ്യാൻ കഴിയുന്ന പ്രസ്തുത ഘടക

ത്തിൽ സഹകരണ അടിസ്ഥാനത്തിലുള്ള ഒരു വ്യവസായ യൂണിറ്റ് നടത്തേണ്ടത് അത്യാവശ്യമാകുന്നു.

10. ഓരോ കർഷകനും ഒരു വർഷത്തേക്കാവശ്യമായ കാർഷിക വായ്പ വർഷാരംഭത്തിന് മുമ്പു തന്നെ പാസ്സാക്കി കൊണ്ട് ക്രെഡിറ്റ് കാർഡ് സമ്പ്രദായം നടപ്പിലാക്കുക.

11. ആവശ്യം കണക്കിലെടുത്ത് വ്യക്തികൾക്ക് അനുവദിക്കുന്ന കാർഷിക വായ്പകൾക്ക് പരിധി ഉയർത്തുക.

12. വായ്പയുടെ പലിശ ഇളവുചെയ്യുക.

13. നബാർഡിൽ നിന്നും കാർഷികാവശ്യത്തിലേക്കായി കൺസഷൻ ഫിനാൻസ് അനുവദിച്ചു കിട്ടുന്നതിന് നടപടി എടുക്കുക.

മുകളിൽ പറഞ്ഞിട്ടുള്ളവയുടെ അടിസ്ഥാനത്തിൽ കാര്യക്ഷമമായ പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കുവാൻ വിദഗ്ദ്ധ അഭിപ്രായങ്ങൾ നേടുകയും അതിന്റെ വെളിച്ചത്തിൽ പഞ്ചായത്ത് കാര്യക്ഷമമായ പ്രവർത്തനങ്ങൾ കാഴ്ചവെയ്ക്കുകയും ചെയ്താൽ സഹകരണമേഖലയിലൂടെ പഞ്ചായത്തിന്റെ സാമ്പത്തിക ഭദ്രതയ്ക്ക് ഉയർച്ച ഉണ്ടാവുകയും അതുവഴി ഗ്രാമത്തിന്റെ സമഗ്ര വികസനം ഉറപ്പുവരുത്തുകയും ചെയ്യാം.

തൃച്ചേന്ദമംഗലം ഗവണ്മെന്റ് ഹൈസ്കൂൾ സഹകരണ സംഘം ക്ലിപ്തം നമ്പർ Q 445

1972-ൽ തൃച്ചേന്ദമംഗലം ഗവണ്മെന്റ് ഹൈസ്കൂൾ ആസ്ഥാനമാക്കി ഈ സംഘത്തിന്റെ പ്രവർത്തനം തുടങ്ങി. ഈ സംഘത്തിന്റെ പ്രവർത്തന പരിധി തൃച്ചേന്ദമംഗലം ഗവണ്മെന്റ് ഹൈസ്കൂൾ ആണ്. 411 അംഗങ്ങൾ ഈ സഹകരണ സംഘത്തിലുണ്ട്. ഇതിന്റെ അംഗീകൃത ഓഹരി മൂലധനം 50,000 രൂപയും പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനം 19,634 രൂപയും ആണ്. കൂടാതെ സർക്കാർ ഓഹരിയായി 15,000 രൂപയും ഉണ്ട്.

അടൂർ ഗവണ്മെന്റ് ഗേൾസ് ഹൈസ്കൂൾ സഹകരണസംഘം ക്ലിപ്തം നമ്പർ Q 612

1976-ൽ അടൂർ ഗവണ്മെന്റ് ഗേൾസ് ഹൈസ്കൂൾ ആസ്ഥാനമാക്കി ഇതിന്റെ പ്രവർത്തനം ആരംഭിച്ചു. ഈ സംഘത്തിന്റെ പ്രവർത്തനപരിധി അടൂർ ഗവണ്മെന്റ് ഗേൾസ് ഹൈസ്കൂൾ ആണ്. 3456 അംഗങ്ങൾ ഈ സംഘത്തിലുണ്ട്. ഇതിന്റെ അംഗീകൃത ഓഹരി മൂലധനം 40,000 രൂപയും പിരിഞ്ഞു കിട്ടിയ മൂലധനം 8374 രൂപയും ആണ്. കൂടാതെ സർക്കാർ ഓഹരിയായി 5000 രൂപയും ഈ സംഘത്തിന് ലഭിച്ചിട്ടുണ്ട്.

അടൂർ ഗവണ്മെന്റ് ബോയ്സ് ഹൈസ്കൂൾ സഹകരണസംഘം ക്ലിപ്തം നമ്പർ Q 2143

1941-ൽ അടൂർ ഗവണ്മെന്റ് ബോയ്സ് ഹൈസ്കൂൾ ആസ്ഥാനമാക്കി ഈ സംഘത്തിന്റെ പ്രവർത്തനം ആരംഭിച്ചു. ഈ സംഘത്തിന്റെ പ്രവർത്തന പരിധി അടൂർ ഗവണ്മെന്റ് ബോയ്സ് ഹൈസ്കൂൾ ആണ്. 5840 അംഗങ്ങൾ ഈ സഹകരണ സംഘത്തിലുണ്ട്. ഇതിന്റെ അംഗീകൃത ഓഹരി മൂലധനം2000 രൂപയും പിരിഞ്ഞു കിട്ടിയ ഓഹരി മൂലധനം 6217 രൂപയും ആണ്.

തെങ്ങമം ഗവണ്മെന്റ് ഹൈസ്കൂൾ സഹകരണ സംഘം

1980 ൽ തെങ്ങമം ഗവണ്മെന്റ് ഹൈസ്കൂൾ സഹകരണസംഘം പ്രവർത്തനം ആരംഭിച്ചു. ഈ സംഘത്തിന്റെ

പ്രവർത്തന പരിധി തെങ്ങമം ഗവണ്മെന്റ് ഹൈസ്കൂൾ ആണ്.

പള്ളിക്കൽ PUSPM ഹൈസ്കൂൾ സഹകരണ സംഘം

1985-ൽ പള്ളിക്കൽ PUSPM ഹൈസ്കൂൾ കേന്ദ്രമാക്കി ഈ സംഘത്തിന്റെ പ്രവർത്തനം ആരംഭിച്ചു. ഈ സംഘത്തിന്റ പ്രവർത്തന പരിധി പള്ളിക്കൽ PUSPM ഹൈസ്കൂൾ ആണ്.

നിർദ്ദേശങ്ങൾ

1. ഇപ്പോൾ പാഠപുസ്തകം മാത്രം വിതരണം ചെയ്യുന്ന സ്ഥാനത്ത് വിദ്യാർത്ഥികൾക്ക് ആവശ്യമായ പഠനോപകരണങ്ങളും, യൂണിഫോറുകളും വിതരണം ചെയ്യുക.
2. ഈ സംഘങ്ങൾ മുഖേന വിദ്യാഭ്യാസ വായ്പകൾ നല്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം.
3. ഇതിനായി പ്രത്യേകം ഒരു അധ്യാപകനെ നിയമിക്കുകയും ആ അധ്യാപകനു വേണ്ടുന്ന അലവൻസും മറ്റും അനുവദിക്കേണ്ടതുമാണ്.

❑



5.3G

വനിത

OFFICE OF THE PALLICKAL GRAMAPANCHAYAT
PATHANAMTHITTA DIST.
KERALA STATE
PAZHAKULAM.P.O.

5.3g

വനിത

''ന സ്ത്രീസ്വാതന്ത്ര്യീയ മർഹതി'' എന്ന പ്രസ്താവത്തിലൂടെ ഭാരതത്തിലെ സ്ത്രീകളോട് കടുത്ത അനീതി കാട്ടിയിരുന്ന ഒരു സാമൂഹ്യ വ്യവസ്ഥിതി നമ്മുടെ രാജ്യത്തിന്റെ കഴിഞ്ഞ കാലചരിത്രത്തിൽ നിന്നും മായ്ക്കാൻ കഴിയുകയില്ല. ഉച്ചനീചത്വവും, സാമൂഹിക അസമത്വവും ഒരു കാലയളവു വരെ നമ്മുടെ രാജ്യത്തിലുണ്ടായിരുന്നു. പ്രാചീന ഭാരതത്തിലെ കിരാത നിയമങ്ങൾ നമ്മളുടെ സ്ത്രീകളോട് അനുവർത്തിച്ചിരുന്നു. ഫ്യൂഡൽ നാടുവാഴി സാമൂഹ്യവ്യവസ്ഥിതിയുടെ പശ്ചാത്തലത്തിൽ സ്ത്രീകളോടുള്ള അനീതിയും പുരുഷ മേധാവിത്വവും നിലനിന്നിരുന്നു. 19-ാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ ദേശീയ പ്രസ്ഥാനത്തിന്റെ ഭാഗമായി ഇതിനെതിരെ പോരാട്ടങ്ങൾ ആരംഭിച്ചു. വർണ്ണനാധീതമായ രീതിയിലുള്ള സ്ത്രീ വിവേചന പീഡന നിയമങ്ങൾ ആയിരുന്നു ഇവിടെയുണ്ടായിരുന്നത്. ബാല്യ വിവാഹം, വിധവകളെ ഒറ്റപ്പെടുത്തൽ, ബഹുഭാര്യാത്വം ഇവകൾ സ്ത്രീകൾക്ക് അടിമത്വം സമ്മാനിച്ചു. സ്ത്രീകൾക്ക് വിദ്യാഭ്യാസം നിഷേധിക്കപ്പെടുകയും, മരിച്ച ഭർത്താവിന്റെ ചിതയിൽ ചാടി മരിക്കണമെന്നുള്ള നീചമായ നിയമം ഭാരതത്തിലല്ലാതെ മറ്റൊരു രാജ്യത്തും ഉണ്ടായികാണുകയില്ല. രാജാറാം മോഹൻ റോയിയെപ്പോലുള്ള നവോത്ഥാന നായകന്മാർ മേൽപ്പറഞ്ഞ അനീതിക്കും അക്രമത്തിനും എതിരെ കാതലായ സംഭാവനകൾ ചെയ്തിട്ടുണ്ട്. അന്നത്തെ ഫ്യൂഡൽ വ്യവസ്ഥിതിക്കാരുടെ വെല്ലുവിളികളെ നേരിട്ട് കൊണ്ടുതന്നെയാണ് ഇത്തരം പ്രസ്ഥാനങ്ങൾ മുന്നേറിയത്. പല നടപടികളും ബ്രിട്ടീഷ് ഇന്ത്യൻ ഭരണാധികാരികൾ സ്ത്രീകൾക്കെതിരെയുള്ള അക്രമം അവസാനിപ്പിക്കുവാൻ സ്വീകരിച്ചു. 1827 ൽ പാസ്സാക്കിയ സതി നിരോധന നിയമം,1856ൽ പാസ്സാക്കിയ വിധവാ വിവാഹനിയമം, 1920-29 കാലയളവിലെ സ്ത്രീകൾക്ക് വോട്ടവകാശം നൽകികൊണ്ടുള്ള നിയമവും ബ്രിട്ടീഷ് ഇന്ത്യയുടെ പലഭാഗങ്ങളിലും നടപ്പാക്കി ഝാൻസി റാണി ലക്ഷ്മിഭായി ബ്രിട്ടീഷ് സൈന്യത്തോട് എതിർത്ത് പടക്കളത്തിൽ വീരമൃത്യു വരിച്ചതും സരോജിനിനായിഡു വിനേപ്പോലുള്ള നൂറു കണക്കിന് വനിതകളും സ്ത്രീ സമൂഹത്തിന് മാതൃകയായി ഇന്നും നിലനിൽക്കുന്നു.

1950കളുടെ തുടക്കത്തിൽ ആണ് പള്ളിക്കൽ പഞ്ചായത്തിൽ വനിതാക്ഷേമ പ്രവർത്തനരംഗത്ത് ഗുണപരമായ മാറ്റം കണ്ടു തുട



ങ്ങിയത്. അടൂർഭാസിയുടെ മാതാവ് ശ്രീമതി മഹേശ്വരിയമ്മ ഈ അവസരത്തിൽ പ്രത്യേകം സ്മരണീയമാണ്. തൊഴിൽ പരിശീലനത്തിലൂടെ സ്ത്രീകളുടെ സാമ്പത്തിക സ്വാശ്രയം ലക്ഷ്യമിട്ടുള്ള പല പ്രവർത്തനങ്ങളും സംഘടിപ്പിക്കുവാൻ അവർക്കു കഴിഞ്ഞു. കൂടാതെ നാടൻ കലകളെ പ്രോത്സാഹിപ്പിക്കുക, ശിശുക്ഷേമ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നതിനും അവർക്ക് കഴിഞ്ഞിട്ടുണ്ട്.

സ്വന്തമായി സ്ഥലവും കെട്ടിടവും ഉള്ള ദേശസേവിനി മഹിളാസമാജം, പ്രതിഭാ മഹിളാ സമാജം, വനിതാ തൊഴിൽ പരിശീലന സഹകരണസംഘം, തെങ്ങമം മേഖലയിൽ ശിശുക്ഷേമ പ്രവർത്തനം നടത്തുന്ന A.I.W.C യുടെ നേതൃത്വം അംഗീകരിച്ചിരിക്കുന്ന മഹിളാ സമാജം ശക്തമായ വനിതാ ക്ഷേമ പ്രവർത്തനം കാഴ്ചവയ്ക്കുന്നുണ്ട്. തോട്ടുവാ, കൈതയ്ക്കൽ, ചെറുകുന്നം പ്രദേശം പ്രവർത്തന മേഖലയാക്കികൊണ്ട് പ്രവർത്തിക്കുന്ന വനിതാ സമാജം സ്വന്തമായി സ്ഥലവും കെട്ടിടവും ഉള്ള ഒന്നാണ്. സ്ത്രീകൾക്കും കുട്ടികൾക്കും പോഷകാഹാരം എത്തിക്കുക, ബാലവാടി പ്രവർത്തിപ്പിക്കുക, തയ്യൽ പരിശീലനം നടത്തുക തുടങ്ങിയവയാണ് ഈ സംഘടനയുടെ പ്രവർത്തനങ്ങൾ ഇളംപള്ളിൽ മേഖലയിൽ പ്രവർത്തിക്കുന്ന മഹിളാ സമാജവും വനിതാ ശിശുക്ഷേമപ്രവർത്തനങ്ങൾക്ക് കാതലായ സംഭാവനകൾ ചെയ്തു കൊണ്ടിരിക്കുന്ന ഒരു സംഘടനയാണ്.

ജനസംഖ്യയിൽ സ്ത്രീകൾക്ക് മുൻതൂക്കമുള്ളൊരു പഞ്ചായത്താണ് പള്ളിക്കൽ. സ്ത്രീ മുന്നേറ്റത്തിന്റെ തിളങ്ങുന്ന ഭൂതകാലമൊന്നും ഈ പഞ്ചായത്തിനവകാശപ്പെടാനില്ല. വിദ്യാഭ്യാസം, സാമൂഹ്യ പ്രവർത്തനം, രാഷ്ട്രീയം, ആതുരസേവന രംഗം, വിവിധ തൊഴിൽ മേഖലകൾ ഇവയിലെല്ലാം സാമാന്യം തൃപ്തികരമായ പങ്കാളിത്തം സ്ത്രീകൾ നേടിയെടുത്തു കഴിഞ്ഞു. അദ്ധ്യാപനരംഗത്ത് പുരുഷന്മാരേക്കാൾ സ്ത്രീകൾക്കാണ് മുൻതൂക്കം. ഇതൊക്കെയാണെങ്കിലും വിദ്യാസമ്പന്നരായ ധാരാളം സ്ത്രീജനങ്ങൾ തൊഴിലില്ലാത്തവരോ നാമമാത്ര തൊഴിലുള്ളവരോ ആണ്.

കാർഷിക വ്യവസായിക മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികളാണ് മറ്റൊരു വിഭാഗം. ഇതിൽ തന്നെ കാർഷിക മേഖലയിൽ പണിയെടുക്കുന്ന തൊഴിലാളികൾ കുറവാണ്. അവരുടെ ശതമാനമാകട്ടെ കുറഞ്ഞു വരികയും ചെയ്യുന്നു. നടീൽ, കളയെടുപ്പ്, കൊയ്ത്ത് തുടങ്ങി സ്ത്രീകൾക്ക് മുൻതൂക്കമുള്ള തൊഴിൽ മേഖലകൾ തൊഴിലാളികളുടെ ക്ഷാമം നേരിടുന്നു. കാർഷിക വൃത്തിയിൽ ഏർപ്പെടുന്ന പുതിയ തലമുറ നന്നേ ചുരുക്കം വിദ്യാസമ്പന്നരായ സ്ത്രീകൾ കാർഷികരംഗത്തെ തൊഴിലുകൾ ഏറ്റെടുക്കുവാൻ താല്പര്യം കാണിക്കുന്നില്ല. നിർമ്മാണ തൊഴിലാളി രംഗത്ത് പുരുഷന്മാർക്കൊപ്പം സ്ത്രീകൾ പങ്കെടുക്കുന്നു. തെങ്ങമം, കൈതയ്ക്കൽ എന്നീ വാർഡുകളിൽ രണ്ടു കശുവണ്ടി ഫാക്ടറി പ്രവർത്തിക്കുന്നു. ഈ ഫാക്ടറികളിലെ തൊഴിലാളികളിൽ90% ഈ പഞ്ചായത്തിലെ സ്ത്രീകളാണ്. ചൂഷണത്തിന് വിധേയരാകുന്നുണ്ടെങ്കിലും സാമ്പത്തിക രംഗത്ത് സ്വാശ്രയത്വം നേടാൻ ഒരു പരിധിവരെ സഹായിക്കാൻ ഈ സ്ഥാപനങ്ങൾക്ക് കഴിയുന്നു. പുരുഷന്മാരെക്കാൾ തൊഴിലവസരങ്ങൾ ഈ പഞ്ചായത്തിൽ ഇന്ന് സ്ത്രീകൾക്കുണ്ട്. നെയ്ത്ത്, തയ്യൽ, ആതുര ശുശ്രൂഷാ രംഗം, വ്യാപാരം, കളിപ്പാട്ട നിർമ്മാണം, ബുക്കു നിർമ്മാണം, ഇഷ്ടിക നിർമ്മാണം, റബ്ബർ ടാപ്പിംഗ് തുടങ്ങിയ മേഖലകൾ സ്ത്രീകൾക്ക് ധാരാളം തൊഴിലവസരം ഒരുക്കികൊടുക്കുന്നു.

വനിതാ സംഘടനകൾ

വനിതാ സംഘടനകളുടെ പ്രവർത്തനം ഈ പഞ്ചായത്തിൽ ഇന്ന് അത്രയൊന്നും സജീവമല്ല. പള്ളിക്കൽ വില്ലേജ് വനിതാ സാമൂഹ്യസേവാ സമിതി, പള്ളിക്കൽ വനിതാ സമാജം, അമ്മകണ്ടുകര വാർഡിൽ പ്രവർത്തി

ക്കുന്ന വനിതാ സമാജം എന്നിവയാണ് ഈ പഞ്ചായത്തിലെ ആദ്യകാല സമാജങ്ങൾ. കൂടാതെ പള്ളികൾ കേന്ദ്രീകരിച്ചുള്ള വിവിധ സമാജങ്ങൾ, N.S.S., S.N.D.P. തുടങ്ങിയ സംഘടനകളുടെ സമാജങ്ങൾ എന്നിവയും ഈ രംഗത്ത് പ്രവർത്തിച്ചു വരുന്നുണ്ട്. വനിതകളുടേതായി ഒരു സഹകരണസംഘം രജിസ്റ്റർ ചെയ്തിട്ടുണ്ടെങ്കിലും പ്രവർത്തനം തുടങ്ങിയിട്ടില്ല.

വനിതാമുന്നേറ്റത്തിനും, സാമ്പത്തികാഭിവൃദ്ധിനേടുന്നതിനും ആരോഗ്യ സാമൂഹ്യ രംഗങ്ങളിൽ പുരോഗതിയുണ്ടാക്കുന്നതിനും മേൽപ്പറഞ്ഞ സാമൂഹ്യസംഘടനകൾ വലിയ പങ്കു വഹിച്ചിട്ടുണ്ട്. സ്ത്രീ പുരുഷസമത്വം നേടാനായിട്ടില്ലെങ്കിലും ആ രംഗത്തെ പൊതുസ്ഥിതി സാമാന്യം തൃപ്തികരമാണ്. വ്യാജമദ്യത്തിന്റെ ഉല്പാദന വിതരണങ്ങൾ കുടുംബഭദ്രത തകർക്കുന്നതായും സാമ്പത്തിക തകർച്ചക്കു കാരണമാക്കുന്നതായും സ്ത്രീപീഡനങ്ങൾക്ക് വഴിയൊരുക്കുന്നതായും വനിതാനേതാക്കൾ പരാതിപ്പെട്ടിരിക്കുന്നു.

വനിതാസമാജങ്ങൾ പലതും ഇന്ന് നിർജ്ജീവാവസ്ഥയിലാണ്. സമിതികൾ തുടങ്ങി വയ്ക്കുന്നവർക്ക് രണ്ടാംനിര പ്രവർത്തകരെ പരിശീലിപ്പിക്കുന്നതിനോ പ്രവർത്തകരെ കണ്ടെത്തുന്നതിനോ കഴിയുന്നില്ല. പല സമിതികളുടേയും മുൻനിര പ്രവർത്തകർ അവിവാഹിതകളാണ്. വിവാഹത്തോടെ അവർ പൊതു പ്രവർത്തനം മതിയാക്കുന്നു. സർക്കാരിൽ നിന്നാകട്ടെ ഇത്തരം പ്രവർത്തകർക്ക് കാര്യമായ സഹായം ചെയ്തു കൊടുക്കുന്നില്ല. നേതൃത്വപരമായി ധാരാളം പാളിച്ചകൾ ഉണ്ടാക്കുന്നു. രാഷ്ട്രീയത്തിന്റെ അതിപ്രസരം അനുഭവപ്പെടുന്നു. ഇവയെല്ലാം ഈ രംഗം ഇന്നു നേരിടുന്ന വെല്ലുവിളികളാണ്.

ത്രിതല പഞ്ചായത്ത് സംവിധാനം വന്നതോടെ ഈ പഞ്ചായത്തിൽ അഞ്ചുവാർഡുകൾ വനിതാ വാർഡുകളായി കൂടാതെ, പഞ്ചായത്ത് പ്രസിഡന്റ് സ്ഥാനം സ്ത്രീകൾക്ക് സംവരണം ചെയ്യപ്പെട്ടിരിക്കുന്നു. കുമാരി ബിന്ദു (തെങ്ങമം രണ്ട്) ശ്രീമതി. റ്റി.കെ. ശ്യാമള (പഴകുളം പടിഞ്ഞാറ്) കുമാരി. കെ.ബി. സുശീല (മേലൂട്) ശ്രീമതിമാർ മേഴ്സി ജോർജ്ജ് (മുണ്ടപ്പള്ളി പടിഞ്ഞാറ്), കുഞ്ഞുമോൾ കൊച്ചുപാപ്പി (അമ്മകണ്ടകര) എന്നിവരാണ് തെരഞ്ഞെടുക്കപ്പെട്ട വനിതാ പഞ്ചായത്ത് സമിതി അംഗങ്ങൾ. കുമാരി. കെ.ബി. സുശീല ഈ പഞ്ചായത്തിലെ ആദ്യത്തെ വനിതാ പ്രസിഡന്റാണ്.

വനിതാമുന്നേറ്റ രംഗത്തെ പ്രശ്നങ്ങൾ

1. സ്വന്തം കഴിവുകളെക്കുറിച്ചുള്ള അജ്ഞത ഒരു പ്രധാന പ്രശ്നമാണ്. ജീവിതത്തിലുണ്ടാകുന്ന വെല്ലുവിളികൾ ഏറ്റെടുക്കാൻ നല്ലൊരുഭാഗം വനിതകൾ തയാറാകുന്നില്ല. സ്ത്രീകളുടെ വ്യക്തിത്വ വികസനത്തിനാവശ്യമായ ബോധവൽക്കരണം നടത്തുകയും പദ്ധതികൾ ആവിഷ്കരിക്കുകയും ചെയ്യണം.

2. തൊഴിൽ രംഗത്തു പ്രവർത്തിക്കുന്ന സ്ത്രീകളുടെ ജീവിതം യാതനാപൂർണ്ണമാണ്. തൊഴിൽ സംബന്ധമായ അദ്ധ്വാനം, ഗൃഹഭരണം, ബാലവൃദ്ധജന സംരക്ഷണം, മറ്റു കഠിനജോലികൾ എല്ലാം സ്ത്രീകളെ തീർത്തും അവശരാക്കുന്നു. ഈ ദു:സ്ഥിതി പുരുഷന്മാർ മനസ്സിലാക്കണം. വീട്ടിലെ എല്ലാ ജോലികളിലും പുരുഷന്മാർ പങ്കാളികളായും സ്ത്രീകളുടെ ജീവിതഭാരം കുറയ്ക്കാൻ ശ്രമിക്കയും ചെയ്യണം.

3. അഭ്യസ്തവിദ്യരായ അനേകം സ്ത്രീകൾ വീട്ടമ്മമാരായി ഒതുങ്ങിക്കഴിയുന്നു. ജോലിചെയ്യാൻ പാകത്തിൽ ധാരാളം സമയം ലഭിക്കുന്നവരാണവർ. ഇങ്ങനെയുള്ളവർക്ക് പങ്കെടുക്കാൻ കഴിയുന്ന പല തൊഴിൽ മേഖലകളും ഉണ്ട്. കാലിവളർത്തൽ, കോഴി വളർത്തൽ,

തേനീച്ച വളർത്തൽ, തയ്യൽ, പ്ലാസ്റ്റിക് വേലകൾ, കളിപ്പാട്ട നിർമ്മാണ്, നോട്ടു ബുക്കു നിർമ്മാണം തുടങ്ങി പരസഹായം ഇല്ലാതെ ചെയ്യാവുന്ന അനേകം തൊഴിലുകൾ ഉണ്ട്. ഇതിനാവശ്യമായ ധാരാളം സാമ്പത്തികസഹായം ലഭിക്കാനുള്ള സാദ്ധ്യതയും ഉണ്ട്.

4. വനിതാ തൊഴിൽ സംരഭകർ ഇന്ന് ചൂഷണവിധേയരാണ്. ദൂരദേശങ്ങളിൽ പണിക്കായി പോകുന്നവർ നിസ്സാരമായ വേതനത്തിന് ജോലിചെയ്യേണ്ടി വരുന്നു. ഇതിനായി വനിതകളെ റിക്രൂട്ടു ചെയ്യുന്ന ഏജൻസികൾ ലാഭം കൊയ്യുന്നു. പീഡനത്തിനിരയാകുന്ന സ്ത്രീകളും കുറവല്ല. ഈ പീഡനത്തിനും ചൂഷണത്തിനും എതിരായ സാമൂഹ്യബോധം വളരുകയും നടപടികൾ ഉണ്ടാവുകയും വേണം.

5. വിദ്യാസമ്പന്നകളായ യുവതികളിൽ ഒരു വിഭാഗം ആധുനികതയുടെ പേരിൽ ഭ്രമിച്ചിവശരായിരിക്കുന്നു. സിനിമയും മറ്റു മാദ്ധ്യമങ്ങളും അവരെ വല്ലാതെ വശീകരിക്കുന്നു. അദ്ധ്വാനം അപമാനമാണെന്ന തെറ്റായ ചിന്ത അവരിൽ വളരുന്നു. ഇതെല്ലാം അവരെ സാമ്പത്തിക ബുദ്ധിമുട്ടിലും തുടർന്ന് വഴിവിട്ട പ്രവർത്തനങ്ങളിലും കൊണ്ടെത്തിക്കുന്നു. ഇതിനെതിരേയുള്ള ബോധവൽക്കരണം കാലഘട്ടത്തിന്റെ ആവശ്യമാണ്.

പരിഹാര നിർദ്ദേശങ്ങൾ

1. വനിതകൾക്ക് സാമ്പത്തിക സുസ്ഥിരത വരുത്താനാവശ്യമായ പ്രവർത്തനങ്ങൾ ഉണ്ടാകണം. അത് സ്ത്രീകൾക്ക് ആത്മബലവും സ്വാശ്രയബോധവും ഉണ്ടാക്കും അതിനായി തൊഴിലിന്റെ 50% സ്ത്രീകൾക്കായി സംവരണം ചെയ്യാവുന്നതാണ്. വനിതാ സഹകരണസംഘങ്ങൾ, വനിതാ ബാങ്കുകൾ തുടങ്ങിയവ സ്ഥാപിക്കയും സാമ്പത്തിക കാര്യങ്ങളിൽ സ്ത്രീകൾക്കാവശ്യമായ സഹായങ്ങൾ ചെയ്തുകൊടുക്കുകയും വേണം.

2. ഇന്നു ലഭിച്ചുകൊണ്ടിരിക്കുന്ന ക്ഷേമപരിപാടികൾ പുന:ക്രമീകരിക്കുകയും അതിന്റെ നടപടി ക്രമങ്ങൾ ലഘൂകരിക്കുകയും മേഖല വിപുലീകരിക്കുകയും വേണം.

3. സ്ത്രീകളുടെ കടമകളേയും അവകാശങ്ങളേയും കുറിച്ച് ഒരു പൊളിച്ചെഴുത്ത് നടത്തുകയും ആവശ്യമായ ബോധവൽക്കരണം നടത്തുകയും ചെയ്യുക.

4. ആരോഗ്യ കുടുംബക്ഷേമ ശിശുപരിപാലനത്തെക്കുറിച്ച് അറിവു നൽകുക.

5. വനിതകളുടെ താല്പര്യത്തിനും കഴിവിനും ചേരുന്ന തൊഴിൽ കണ്ടുപിടിച്ച് ക്രമീകരിച്ചു കൊടുക്കാനാവശ്യമായ സങ്കേതിക സഹായം ലഭ്യമാക്കുകയും ആവശ്യമായ പരിശീലനപരിപാടികൾ ആവിഷ്കരിക്കുകയും ചെയ്യുക.

6. സ്ത്രീ വിവേചനത്തിനു പ്രേരണ നൽകുന്ന നിയമങ്ങളും പ്രവർത്തനങ്ങളും ഇല്ലാതാക്കുക.

7. സ്ത്രീപീഡനത്തിനുള്ള ശിക്ഷ പരമാവധിയാക്കുകയും കേസു കൈകാര്യം ചെയ്യാൻ പ്രത്യേക സംവിധാനം ഉണ്ടാക്കുകയും ചെയ്യുക.

8. മദ്യത്തിനും മയക്കു മരുന്നിനുമെതിരെ ബോധവൽക്കരണം നടത്തുകയും മദ്യം പൂർണ്ണമായി നിരോധിക്കുകയും ചെയ്യുക.

9. സ്ത്രീകളുടെ അവകാശങ്ങൾ സംരക്ഷിക്കാൻ ആവശ്യമായ പ്രേരണ ചെലുത്തുകയും പുരുഷ മോധാവിത്വത്തിന്റെ ദോഷഫലങ്ങൾ പുരുഷന്മാരെ ബോദ്ധ്യപ്പെടുത്തുകയും ചെയ്യുക. ❑

5.3H

സംസ്കാരം



OFFICE OF THE PALLICKAL GRAMAPANCHAYAT
PATHANAMTHITTA DIST.
KERALA STATE
PAZHAKULAM. P.O.

5.3h

സംസ്കാരം

പഴയ കായംകുളം രാജ്യത്തിന്റെ ഭാഗമായിരുന്ന പള്ളിക്കൽ ബുദ്ധമതസംസ്കാരത്തിന്റെ കേന്ദ്രം ആയിരുന്നു. 'പള്ളി' എന്ന വാക്ക് ബുദ്ധമതകാലത്തെ വിദ്യാപീഠങ്ങൾക്ക് നൽകിയിരുന്ന നാമമത്രെ. അങ്ങനെയുള്ള ബുദ്ധവിഹാരമായിരുന്നു പള്ളിക്കൽ. പ്രാചീനകാലത്തെ ബുദ്ധമത സംസ്കാരം ഇന്നത്തെ സമൂഹത്തിൽ പ്രകടമായി വരുന്നു. ഈ പഞ്ചായത്തിൽ ഏകദേശം എൺപതു വർഷങ്ങൾക്ക് മുൻപ് ഹിരണ്യനല്ലൂർ ക്ഷേത്രത്തിൽ ഓട് കൊണ്ടുവന്നത് പള്ളിക്കലാറു വഴി രണ്ട് കണ്ണിക്കൽ തോട്ടിലൂടെയുള്ള ജലാഗതഗതമാർഗ്ഗത്തിലൂടെയാണ്. ഈ പഞ്ചായത്തിൽ ഇൻഡ്യൻ നാഷണൽ കോൺഗ്രസ്സ്, കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇൻഡ്യ (മാർക്സിസ്റ്റ്), കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് ഇൻഡ്യ, ഭാരതീയ ജനതാപാർട്ടി, ജനതാദൾ, കേരളാകോൺഗ്രസ്സ്, മുസ്ലീംലീഗ്, റവലൂഷണറി സോഷ്യലിസ്റ്റ് പാർട്ടി, സി.പി.ഐ (മാർക്സിസ്റ്റ് ലെനിനിസ്റ്റ്), കെ.ഡി.പി., പി.ഡി.പി. എന്നീ രാഷ്ട്രിയ കക്ഷികൾ പ്രവർത്തിച്ചു വരുന്നു.

ഈ പഞ്ചായത്തിൽ തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ കീഴിൽ മൂന്ന് ക്ഷേത്രങ്ങളും, കരക്കാരുടെ മേൽനോട്ടത്തിൽ എട്ട് ക്ഷേത്രങ്ങളും, ബാക്കി പതിനൊന്ന് കുടുംബ ക്ഷേത്രങ്ങളും ആകുന്നു. കൂടാതെ നാല് ഗുരു മന്ദിരങ്ങളും, പതിനെട്ട് ക്രിസ്ത്യൻ ദേവാലയങ്ങളും രണ്ട് മുസ്ലീം പള്ളികളും നിലവിലുണ്ട്. ഈ പഞ്ചായത്തിലെ ആദ്യത്തെ ഹൈസ്കൂൾ XIII-ാം വാർഡിൽ സ്ഥിതിചെയ്യുന്ന ശ്രീമൂലം തിരുനാൾ ഷഷ്ടി പൂർത്തി മെമ്മോറിയൽ ഇംഗ്ലീഷ് ഹൈസ്കൂൾ ആണ്.

താഴെപ്പറയുന്ന പ്രശസ്തരായ സാമൂഹ്യ – സാസ്കാരിക പ്രവർത്തകരുടെ ജന്മം കൊണ്ടും, പ്രവർത്തനം കൊണ്ടും ധന്യമായ പഞ്ചായത്താണ് പള്ളിക്കൽ.

1. പ്ലാവിള പുത്തൻവീട്ടിൽ, പി.ആർ. ഗോപാലപിള്ള (സ്വാതന്ത്ര്യ സമര സേനാനി)
2. നെല്ലിക്കുന്നിൽ രാമൻ (സ്വാതന്ത്ര്യ സമരസേനാനി)
3. ജോസഫ് കാട്ടിൽ (സ്വാതന്ത്ര്യ സമര സേനാനി)

4. ശ്രീ. ഇ.വി. കൃഷ്ണപിള്ള (ഹാസ്യസാഹിത്യ സാമ്രാട്ട്)
5. ശ്രീ. അടൂർഭാസി (ഹാസ്യസാമ്രാട്ട്)
6. ശ്രീ. മുൻഷി പരമുപിള്ള (ഹാസ്യ നാടകകൃത്ത്)
7. ശ്രീ. കുഴിക്കാട്ട് മാധവപിള്ള (ഗാന്ധിയൻ)
8. ശ്രീ. അടൂർ ഗോപാലകൃഷ്ണൻ (സിനിമ)
9. ശ്രീ. ആർ. സുകുമാരൻ (സിനിമ)
10. ശ്രീമതി. അടൂർ ഭവാനി (സിനിമ)
11. ശ്രീമതി. അടൂർ പങ്കജം (സിനിമ)
12. ശ്രീ. രാമനുണ്ണിത്താൻ (ചിത്രകാരൻ)
13. ശ്രീ. സുദേശൻ നായർ (വിദ്യാഭ്യാസം)
14. ശ്രീ. തെങ്ങമം ബാലകൃഷ്ണൻ (പത്രപ്രവർത്തനം, സാമൂഹിക പ്രവർത്തനം)
15. കെ. പത്മനാഭൻ നായർ (അടൂർ പത്മൻ, പത്രപ്രവർത്തനം)
16. ശ്രീ. സ്വാമി നിത്യ ചൈതന്യയതി (വൈജ്ഞാനികൻ)
17. ശ്രീ. ഇറവങ്കര നീലകണ്ഠനുണ്ണിത്താൻ (കഥകളി)
18. ശ്രീ. ചെന്നിത്തല കുഞ്ഞുപിള്ള (കഥകളി)
19. ശ്രീ. ജെ.എൻ. ദീഷിത്ത് (വിദേശകാര്യം)
20. ശ്രീ. പഴകുളം നാണുക്കുറുപ്പ് (ജോതിഷം)
21. ശ്രീ. എം.ആർ. നാരായണനുണ്ണിത്താൻ (കലയും സാഹിത്യവും)
22. ശ്രീ. പഴകുളം സുഭാഷ് (സാഹിത്യം, സാമൂഹികം)
23. ശ്രീ. ഭാവനാ ഭാസ്ക്കരൻ (രംഗപടവും ചമയവും)

കേരളത്തിലെ ആദ്യത്തെ കഥകളി ക്ലബ്ബ് പള്ളിക്കൽ ആസ്ഥാനമായിട്ടാണ് നടന്നുവന്നത്. ഓട്ടൻ തുള്ളൽ, വേലകളി എന്നിവയും ഈ സ്ഥാപനത്തിൽ പരിശീലിപ്പിക്കപ്പെട്ടിരുന്നു. ഫ്യൂഡലിസവും, ഫ്യൂഡൽവ്യവസ്ഥിതിയും, ശക്തമായി നിലനിന്നിരുന്ന പ്രദേശമായിരുന്നു പള്ളിക്കൽ. കൊയ്ത്ത് സമരങ്ങൾ, കുടിയൊഴിപ്പിക്കൽ സമരങ്ങൾ എന്നിവ നടന്നിട്ടുണ്ട്.

ഗ്രന്ഥശാലകൾ

ഈ പഞ്ചായത്തിലെ ഗ്രന്ഥശാലകൾ സാമൂഹിക നവോത്ഥാനത്തിനും, സംസ്കാരിക ഉന്നമനത്തിനും അതിലുപരി അനൗപചാരിക വിദ്യഭ്യാസത്തിന്റെ അടിസ്ഥാന കേന്ദ്രവുമായി നൽകിയിട്ടുള്ള സേവനങ്ങൾ വിലമതിക്കാനാവാത്തതാണ്. കലാ-കായിക, സാഹിത്യ, ശാസ്ത്ര, സാങ്കേതിക വിദ്യകളുടെ അടിസ്ഥാനപരമായ ആഴങ്ങൾ കണ്ടെത്തുവാൻ ഈ ഗ്രന്ഥശാലകൾ ഉപകരിച്ചിട്ടുണ്ട്. പള്ളിക്കൽ പഞ്ചായത്തിൽ1944ലാണ് ആദ്യത്തെ ഗ്രന്ഥശാല രൂപം കൊള്ളുന്നത്. ഇത് ശ്രീഗോവിന്ദനുണ്ണിത്താൻ സ്മാരക ഗ്രന്ഥശാല എന്നപേരിൽ പ്രവർത്തിക്കുകയും തുടർന്ന് പള്ളിക്കൽ ഗ്രന്ഥശാല എന്ന നാമകരണത്തിൽ പ്രവർത്തിക്കുകയും ചെയ്യുന്നു. കൂടാതെ പന്ത്രണ്ടോളം ഗ്രന്ഥശാലകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 7 ഗ്രന്ഥശാലകൾ രജിസ്റ്റേർഡും 6 ഗ്രന്ഥശാലകൾ സ്വന്തമായി കെട്ടിടമുള്ളവയും ആണ്. ഇവയിൽ രണ്ടെണ്ണം 'A' ഗ്രേഡും, അഞ്ചെണ്ണം 'B' ഗ്രേഡും ബാക്കിയുള്ളവ 'C' ഗ്രേഡിലും പ്രവർത്തിക്കുന്നു. ഒരു ഗ്രന്ഥശാലയിൽ ടെലിവിഷൻ ഉണ്ട്.

പ്രശ്നങ്ങൾ

1. 1, 3, 7, 8, 9 എന്നീ വാർഡുകളിൽ ഗ്രന്ഥശാലകളില്ല.
2. പുസ്തകങ്ങളും ലൈബ്രേറിയനുമുണ്ടെങ്കിലും പഞ്ചായത്ത് ലൈബ്രറി കാര്യമായി പ്രവർത്തിക്കുന്നില്ല.
3. 5, 11, 10 ഈ വാർഡുകളിലെ ഗ്രന്ഥശാലകൾ ഭാഗികമായിട്ടു മാത്രമേ പ്രവർത്തിക്കുന്നുള്ളു. കാരണം ഭൗതിക സാഹചര്യങ്ങളുടെ അഭാവവും വായനാശീലത്തിൽ നിന്നുള്ള പുറകോട്ടുപോക്കുമാണ്.

നിർദ്ദേശങ്ങൾ

1. പഞ്ചായത്തിലെ എല്ലാ ഗ്രന്ഥശാലകൾക്കും ഒരു ദിനപ്പത്രമെങ്കിലും ലഭ്യമാക്കണം.
2. ദൃശ്യ–ശ്രാവ്യ ഉപകരണങ്ങൾ എല്ലാ ഗ്രന്ഥശാലകൾക്കും നൽകുക.
3. പഞ്ചായത്ത്, ഗ്രന്ഥശാലകളുടെ പ്രവർത്തനം കാലാകാലങ്ങളിൽ വിലയിരുത്തുക.
4. പാഠ്യോപകരണങ്ങൾ സ്കൂൾ – കോളേജു തലങ്ങളിലെ കുട്ടികൾക്ക് നിർബന്ധമായി നല്കുകയും അതിലൂടെ ഗ്രന്ഥശാലകളുടെ പ്രവർത്തനവും കുട്ടികളുടെ വായനാശീലവും വളർത്തിയെടുക്കുകയും ചെയ്യേണ്ടതുണ്ട്.
5. വനിതകളുടെ വായനാശീലം വളർത്തേണ്ടത് ഈ സാഹചര്യത്തിൽ അത്യാന്താപേക്ഷിതമാണ്.

ജനവിദ്യാകേന്ദ്രങ്ങൾ

പള്ളിക്കൽ പഞ്ചായത്തിൽ സാക്ഷരതാ തുടർ വിദ്യാഭ്യാസ പ്രവർത്തനത്തിന്റെ ഭാഗമായി നാല് ജനവിദ്യാകേന്ദ്രങ്ങളാണ് ഉള്ളത്. ഇവയിൽ രണ്ടെണ്ണത്തിന്റെ പ്രവർത്തനം കാര്യക്ഷമമായി നടന്നു വരുന്നു. സാക്ഷരതാപ്രവർത്തനം തുടരുന്നതിനും നവസാക്ഷരരുടെ അക്ഷര പരിജ്ഞാനത്തിനും ജനവിദ്യാകേന്ദ്രങ്ങൾക്ക് കാര്യമായ പങ്കു വഹിക്കാൻ കഴിയും. ഈ കേന്ദ്രങ്ങൾ ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് സെന്ററുകളാക്കി പ്രവർത്തിക്കേണ്ടത് ഗ്രാമതലങ്ങളിൽ അത്യാവശ്യമാണ്. പള്ളിക്കൽ പഞ്ചായത്തിൽ തെങ്ങുംതാര ജനവിദ്യാകേന്ദ്രം മാത്രമാണ് ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് സെന്ററായി പ്രവർത്തിക്കുന്നത്.

നിർദ്ദേശങ്ങൾ

1. ജനവിദ്യാകേന്ദ്രങ്ങളുടെ പ്രവർത്തനം സമയാസമയങ്ങളിൽ വിലയിരുത്തുക.
2. ജനവിദ്യാകേന്ദ്രങ്ങൾക്ക് ആവശ്യമായ ഭൗതികസാഹചര്യങ്ങൾ ഒരുക്കുക.
3. ജനവിദ്യാകേന്ദ്രങ്ങളെ ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് സെന്ററുകളാക്കി മാറ്റുക.
4. ജനവിദ്യാകേന്ദ്രങ്ങളിൽ ടെലിവിഷൻ – റേഡിയോ തുടങ്ങിയ മാധ്യമങ്ങൾ നല്കുക.
5. ജനവിദ്യാകേന്ദ്രങ്ങൾ പ്രവർത്തിക്കാനാവശ്യമായ സാമ്പത്തിക സഹായം നൽകുക.

കായികരംഗം

ഈ പഞ്ചായത്തിൽ അമ്പതോളം കലാകായിക സംഘടനകൾ ന്നുണ്ട്. നാല്പതോളം സംഘടനകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 12-ാം വാർഡിൽ പ്രവർത്തിക്കുന്ന വില്ലേജ് യൂത്ത്

ക്ലബ്ബിന് മാത്രമേ സ്വന്തമായി സ്ഥലവും കെട്ടിടവും ഉള്ളൂ. ഈ പഞ്ചായത്ത് നിരവധി കായിക-കലാ പ്രതിഭകൾക്ക് ജന്മം നല്കിയിട്ടുണ്ട്. ജില്ലാതലം, യൂണിവേഴ്സിറ്റി തലം, സംസ്ഥാന തലം എന്നിവിടങ്ങളിൽ ശ്രദ്ധിക്കപ്പെട്ട കായികതാരങ്ങൾ ഉണ്ട്. പുതിയ തലമുറ കായിക രംഗത്തേക്ക് ആകർഷിക്കപ്പെടുന്നില്ല. ഇതിനു കാരണം, സ്കൂൾ-കോളേജ് തലങ്ങളിൽ വിദ്യാർത്ഥി വിദ്യാർത്ഥിനികൾക്ക് കായികാഭിരുചി വളർത്തുവാനുതകുന്ന പരിപാടികളും പാഠ്യപദ്ധതികളും ഇല്ലാത്തതിനാലാണ്. ഈ പ്രവണതക്ക് മാറ്റം വരുത്തുവാനും, പുതിയ കായിക സംസ്കാരം വളർത്തിയെടുക്കുവാനും ഉതകുന്ന നവീന പദ്ധതികൾ പഞ്ചായത്ത് ആവിഷ്കരിച്ച് നടപ്പിലാക്കേണ്ടതാണ്.

നിർദ്ദേശങ്ങൾ

കായികസംഘടനകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുവാനുതകുന്ന ഒരു കായിക നയം ചിട്ടപ്പെടുത്തുക. അർപ്പണബോധമുള്ള വിദ്യാർത്ഥി – വിദ്യാർത്ഥിനികളെ കണ്ടെത്തുവാൻ കാര്യക്ഷമമായ പ്രവർത്തനം നടത്തണം.

കായികമേളകൾ സംഘടിപ്പിക്കുമ്പോൾ ജനപങ്കാളിത്തം ഉറപ്പുവരുത്തുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട്. കായിക മത്സരങ്ങൾക്കുള്ള പരിശീലനാർത്ഥം അവധിക്കാല കോച്ചിംഗ് ക്യാമ്പുകൾ സംഘടിപ്പിക്കുക.

കായികരംഗത്തിന്റെ പ്രോത്സാഹനത്തിന് ആവശ്യമായ സാമ്പത്തിക സഹായവും മറ്റ് ഭൗതിക സാഹചര്യവും ഒരുക്കികൊടുക്കുക.

കലാ സംഘടനകൾ

പഞ്ചായത്തിൽ കായികസംഘടനകളോട് ഒപ്പം പ്രവർത്തിച്ചുവരുന്ന കലാസംഘടനകൾ സാമൂഹ്യ മുന്നേറ്റത്തിന്റെ ഒരു പ്രധാന ഘടകമാണ്. കായികശേഷി വളർത്തുന്നതുനോടൊപ്പം സർഗ്ഗശേഷി കണ്ടെത്തി പ്രോത്സാഹിപ്പിക്കുവാൻ കലാസംഘടനകൾക്ക് കഴിയുന്നു.

കലാസംഘടനകളുടെ പ്രവർത്തനം മന്ദീഭവിക്കുവാൻ പ്രധാന കാരണം സാമ്പത്തികമാണ്. കായികപ്രവർത്തനത്തിന് നൽകുന്ന അതേ രീതിയിലുള്ള പ്രാധാന്യം കലാസംഘടനകളെ പരിപോഷിപ്പിക്കുവാനും നൽകേണ്ടതുണ്ട്.

ഈ പഞ്ചായത്തിലെ XI-ാം വാർഡിൽ സ്ഥിതിചെയ്യുന്ന പഞ്ചായത്ത് മിനിസ്റ്റേഡിയം ആവശ്യമായ രീതിയിൽ പുന:സംവിധാനം ചെയ്ത് പരിഷ്കരിക്കേണ്ടതുണ്ട്. പഴകുളം ആലുംമൂട് ജംഗ്ഷനിലുള്ള പഞ്ചായത്തു വക സ്ഥലത്ത് സ്റ്റേജും ആഡിറ്റോറിയവും നിർമ്മിച്ചാൽ കലാരംഗത്തെ പ്രവർത്തനത്തിന് അത് മുതൽക്കൂട്ടാവും.

❑



5.3 I

വിഭവ സമാഹരണം



OFFICE OF THE PALLICKAL GRAMAPANCHAYAT
PATHANAMTHITTA DIST.
KERALA STATE
PAZHAKULAM.P.O.

5.3 വിഭവസമാഹരണം

വികസനപ്രവർത്തനങ്ങൾ നടപ്പാക്കാൻ ആവശ്യമായ ഭൗതിക സാഹചര്യങ്ങൾ ഒരുക്കുന്ന നടപടിയാണ് വിഭവസമാഹരണം. മാനവശേഷി, നികുതി വരുമാനങ്ങൾ, പ്രകൃതിവിഭവങ്ങൾ, സമ്പാദ്യങ്ങൾ തുടങ്ങിയവയെല്ലാം വിഭവങ്ങളാണ്. സാമൂഹ്യസാമ്പത്തിക മേഖലകളിൽ പുരോഗതി വേണമെങ്കിൽ നിലവിലുള്ള സാദ്ധ്യതകൾ ഉപയോഗിച്ച് പരമാവധി വിഭവസമാഹരണം നടത്തണം. ആവശ്യങ്ങൾ വളരെ കൂടുതലും അവ നടപ്പാക്കാൻ വിഭവങ്ങൾ വളരെ കുറവും എന്നതാണ് ഇന്നത്തെ പഞ്ചായത്തിന്റെ അവസ്ഥ.

പഞ്ചായത്തിന്റെ ആകെ വരുമാനം 22,45,629രൂപയാണ്. ഇതിൽ21,84,111രൂപ പിരിഞ്ഞു കിട്ടിയിട്ടുണ്ട്. ബാക്കി പിരിഞ്ഞുകിട്ടാനുള്ളത് 61,568 രൂപ.

മനുഷ്യാദ്ധ്വാനം

മനുഷ്യന്റെ അദ്ധ്വാനശേഷിയാണ് ഏറ്റവും വലിയ വിഭവം. പഞ്ചായത്തിലെ വികസനപദ്ധതികൾക്ക് വൻ തോതിലുള്ള മനുഷ്യാദ്ധ്വാനം സംഭാവന ചെയ്യാൻ കഴിഞ്ഞാൽ മാത്രമേ ജനങ്ങളുടെ ആവശ്യങ്ങൾക്ക് ഒരു പരിധിവരെ പരിഹാരം കാണാൻ കഴിയുകയുള്ളു. ഓരോ നിർമ്മാണ പ്രവർത്തനത്തിലും മനുഷ്യ അദ്ധ്വാനത്തിന്റെ അളവ് എത്രമാത്രം ഉണ്ട് എന്ന് മനസ്സിലാക്കി അത് സംഭാവനയായി നൽകാൻ കഴിയുന്നതാണ്.

നികുതികൾ

കെട്ടിട നികുതി

കെട്ടിടങ്ങൾക്ക് നികുതി ചുമത്തുന്നത് വാർഷികവാടകയുടെ അടിസ്ഥാനത്തിലാണ്. ഈ മാനദണ്ഡം തികച്ചും അശാസ്ത്രീയമാണ്. അത്യന്താധുനിക രീതിയിൽ ലക്ഷക്കണക്കിന് രൂപ മുടക്കി നിർമ്മിക്കുന്ന വീടുകൾക്കും ഈ രീതിയിലുള്ള നികുതിയാണുള്ളത്. ഇത് പഞ്ചായത്തുക്കൾക്ക് ലഭിക്കാനുള്ള വരുമാനത്തെ നഷ്ടപ്പെടുത്തുന്നു. ഈ സമ്പ്രദായത്തെ സമൂലമായ മാറ്റുന്നത് ആവശ്യമാണ്. കെട്ടിടങ്ങൾക്ക് നികുതി ചുമത്തു



മ്പോൾ കെട്ടിടത്തിന്റെ അടിസ്ഥാനപരമായ ഘടകങ്ങളെ (പണിച്ചിലവ്, വിസ്തീർണ്ണം, ആധുനികസൗകര്യങ്ങൾ) അടിസ്ഥാനമാക്കിയെ പാടുള്ളു. പുതിയ നികുതി സമ്പ്രദായം പഞ്ചായത്ത് നടപ്പിലാക്കുമ്പോൾ, ആർഭാടമായ കെട്ടിട നിർമ്മാണത്തെ നിരുത്സാഹപ്പെടുത്തുന്ന തരത്തിലുള്ളതും പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്ന തരത്തിലുള്ളതും ആയിരിക്കണം. വാടകക്കെട്ടിടങ്ങൾക്ക് വാടകയുടെ അടിസ്ഥാനത്തിൽ നികുതി നിർണ്ണയിക്കാവുന്നതാണ്. ഇതിൽ താമസിക്കുന്ന കെട്ടിടങ്ങളെ ഉൾപ്പെടുത്താൻ പാടില്ലാത്തതുമാകണം.

പള്ളിക്കൽ പഞ്ചായത്തിലെ കെട്ടിടനികുതി മറ്റു പഞ്ചായത്തുകളെ അപേക്ഷിച്ച് കുറവാണ്. നികുതി പിരിവ് കാര്യക്ഷമമാക്കുകയും, കാലോചിതമായ പരിഷ്കാരം നികുതി നിരക്കിലും വരുത്തേണ്ടതാണ്.

തൊഴിൽ നികുതി

തൊഴിൽ ചെയ്യുന്ന ഏതൊരു വ്യക്തിയും നികുതി നൽകാൻ ബാധ്യസ്ഥരാണ്. ആ ആളിന്റെ വരുമാനത്തിന്റെ അടിസ്ഥാനത്തിൽ. ഓരോ പൗരന്റേയും കടമയായി കാണേണ്ട ഒന്നാണ് നികുതി നൽകുക എന്നുള്ളത്. സർക്കാർ, അർദ്ധസർക്കാർ സ്ഥാപനങ്ങൾ, സ്കൂളുകൾ എന്നീ മേഖലയിലെ ജീവനക്കാരും കുറച്ച് വ്യാപാരികളും മാത്രമാണ് ഇപ്പോൾ തൊഴിൽ കരം നൽകുന്നത്.

വിനോദ നികുതി

വിനോദ നികുതി വരുമാനം ഈ പഞ്ചായത്തിൽ വളരെ കുറവാണ്. ടിക്കറ്റു മൂലം പ്രവേശനം നടത്തുകയും വരുമാനം ഉണ്ടാക്കുകയും (സിനിമ, നാടകം, സർക്കസ്സ്) എല്ലാ വിനോദങ്ങൾക്കും വിനോദ നികുതി ഈടാക്കണം.

വസ്തു കൈമാറ്റനികുതി

ഒരു വർഷത്തിൽ ഒരു പഞ്ചായത്തിന്റെ പ്രദേശത്ത് രജിസ്ട്രേഷൻ വകുപ്പു വഴി രജിസ്റ്റർ ചെയ്യുന്ന മുദ്രപത്രങ്ങളുടെ വിലയെ അടിസ്ഥാനമാക്കിയാണ് ഈ നികുതി നിശ്ചയിക്കുന്നത്. വസ്തു കൈമാറ്റനികുതിയുടെ 3% കളക്ഷൻ ചാർജ്ജ് കഴിച്ച് ബാക്കി ഉള്ളതിന്റെ 75% വരുന്ന തുക സർക്കാർ ഗ്രാമപഞ്ചായത്തുകൾക്ക് വീതിച്ചു കൊടുക്കുന്നു. ബാക്കി തുകയായ 25% പഞ്ചായത്തു ഡയറക്ടറുടെ യുക്തംപോലെ സാമ്പത്തിക ബുദ്ധിമുട്ട് അനുഭവിക്കുന്ന അർഹതയുള്ള പഞ്ചായത്തുകൾക്ക് വീതിച്ചു നൽകുന്നു.

അടിസ്ഥാന ഗ്രാന്റ്

ഈ ഗ്രാന്റ് അനുവദിക്കുന്നത് റവന്യൂ വകുപ്പ് പരിച്ചെടുക്കുന്ന നികുതിയെ അടിസ്ഥാനമാക്കിയാണ് ഈ ഗ്രാന്റ് അനുവദിക്കുന്നത്. ഈ തുകയുടെ കളക്ഷൻ ചാർജ്ജ് 3% കഴിച്ച് ബാക്കി വരുന്ന തുകയുടെ75% പഞ്ചായത്തുകൾക്ക് വീതിച്ച് നൽകുന്നു. ബാക്കി വരുന്ന 22% തുക അർഹതയുള്ള പഞ്ചായത്തുകൾക്ക് സർക്കാരിന്റെ നിർദ്ദേശ പ്രകാരം നൽകുന്നു.

സർക്കാരിൽ നിന്നും ലഭിക്കുന്ന ഗ്രാന്റുകളിൽ മൈനർ ഇറിഗേഷൻ ഗാന്റ്, വില്ലേജ് റോഡ് മെയിന്റനൻസ് ഗ്രാന്റ് കൂടാതെ മറ്റ് ചില ഗ്രാന്റുകളും ഇതിൽപ്പെടുന്നു. എന്നാൽ ഇതിന്റെ തുക വളരെ പരിമിതമാണ്. പഞ്ചായത്തിന് പുതിയ വരുമാന മാർഗ്ഗങ്ങൾ കണ്ടെത്താൻ കഴിയുന്ന നിർദ്ദേശങ്ങളും മാർഗ്ഗങ്ങളും ആരായേണ്ടതാണ്. പരസ്യ നികുതി, മണ്ണെടുക്കൽ, നിലം നികത്തൽ എന്നിവയ്ക്ക് നികുതികൾ ശക്തമായി തന്നെ ഇടാക്കുകയും പുതിയ നികുതി മാർഗ്ഗങ്ങൾ കണ്ടെത്തുകയും നിലവിലുള്ള നികുതി കാര്യക്ഷമമായി പിരിക്കുകയും കാലോചിതമായി പരിഷ്കരിക്കു

കയും വേണം. ഭൂരിപക്ഷം ജനങ്ങളും സർക്കാരിൽ നിന്ന് ലഭിക്കേണ്ട ഫണ്ട് മുഴുവനായി ലഭിക്കണം എന്ന് ആഗ്രഹിക്കുന്നവരാണ്. തികച്ചും അപ്രായോഗികമാണ്. സർക്കാരിന്റെ ശേഷിക്ക് അനുസരിച്ചും രാജ്യത്തിന്റെ വിഭവങ്ങളുടെ അടിസ്ഥാനത്തിലും മാത്രമേ ധനസഹായം നൽകാൻ കഴിയുകയുള്ളു. പരമാവധി വിഭവശേഖരണം പഞ്ചായത്ത് സ്വന്തമായി കണ്ടെത്തുകയെന്നുള്ളതാണ് ഇതിനുള്ള ഏക പ്രതിവിധി.

പരിഹാര നിർദ്ദേശങ്ങൾ

പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കാൻ കെട്ടിട നികുതി ശാസ്ത്രീയമായി പരിഷ്കരിക്കേണ്ടതാണ്. ഇതിനാവശ്യമായ ഒരു ഘടകം നിയമത്തിൽ മാറ്റം വരുത്തുകയെന്നുള്ളതാണ്.

തൊഴിൽ എടുക്കുന്ന എല്ലാ ആളുകളിൽ നിന്നും നികുതി ഈടാക്കണം. ഇതിലേക്ക് പഞ്ചായത്തിലുള്ള തൊഴിലെടുക്കുന്ന മൊത്തം ആളുകളുടെയും തൊഴിൽ എടുക്കുന്ന എല്ലാ ആളുകളിൽ നിന്നും നികുതി ഈടാക്കണം. ഇതിലേക്ക് പഞ്ചായത്തിലുള്ള തൊഴിലെടുക്കുന്ന മൊത്തം ആളുകളുടേയും സംബന്ധിക്കുന്ന സർവേ നടത്തി വിവരങ്ങൾ ശേഖരിക്കുക.

നല്ല രീതിയിൽ നികുതി ഈടാക്കാൻ കഴിയുന്ന ഒരു മേഖലയാണ് റബ്ബർ. പഞ്ചായത്തിന്റെ എല്ലാ ഭാഗങ്ങളിലും ഇന്ന് റബ്ബർ കൃഷി ഉണ്ട്. റബ്ബർ റോളറുകൾക്ക് ലൈസൻസ് ഫീസ് നിർണ്ണയിക്കുക, ഒരേക്കറിൽ കൂടുതൽ റബ്ബർ തോട്ടമുള്ളവരും, റബ്ബർ നേഴ്സറി ഉള്ളവരിൽ നിന്നും നികുതികൾ ഈടാക്കണം.

പഞ്ചായത്തുകൾക്ക് ഇന്ദിരാവികാസ് പത്ര പോലെയുള്ള ദേശീയ സമ്പാദ്യ പദ്ധതികളിൽ നിക്ഷേപിക്കുന്ന തുകയും25%നൽകണമെന്നാണ് വ്യവസ്ഥ. പരമാവധി തുക ഈ പോസ്റ്റോഫീസുകളിലെ സാമ്പാദ്യ പദ്ധതികളിൽ നിക്ഷേപിക്കുവാൻ ശ്രമം നടത്തിയാൽ അതിന്റെ വിഹിതത്തിൽ നിന്നും ലഭിക്കുന്ന തുക ഒരു നല്ല വരുമാന മാർഗ്ഗമായിരിക്കും

ഈ പഞ്ചായത്തിലെ പ്രധാന മാർക്കറ്റുകൾ വിപുലീകരിച്ച് ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന പക്ഷം മാർക്കറ്റിൽ നിന്നുള്ള വരുമാനം വർദ്ധിപ്പിക്കാവുന്നതാണ്.

ഈ പഞ്ചായത്തിലെ കാർഷികേതര ഉൽപ്പന്നങ്ങളും മറ്റും തൊട്ടടുത്ത പഞ്ചായത്തുകളിലേയും മുൻസിപ്പാലിറ്റികളിലെയും മാർക്കറ്റിലാണ് ഇവിടെയുള്ളവർ കൊണ്ടു ചെന്നു വിറ്റഴിക്കുന്നത്. പഞ്ചായത്തിന്റെ എല്ലാ ഭാഗത്തുനിന്നും എത്തിപ്പറ്റുവാൻ കഴിയുന്ന പഴകുളം പ്രദേശത്ത് പഞ്ചായത്തിന്റെ അധീനതയിൽ ഒരു മാർക്കറ്റ് സ്ഥാപിക്കുവാൻ 50 സെന്റിൽ കൂടുതൽ സ്ഥലം ജംഗ്ഷന് തൊട്ടടുത്തായുണ്ട്. കെ.ഐ.പി യുടെ കനാൽ കൃഷിക്ക് ജലസേചനം നൽകുന്നതു കാരണം മേൽപ്പറഞ്ഞ 50 സെന്റ് സ്ഥലത്തെ കുളം ഉപയോഗശൂന്യമായും മൂന്നു വശം സമീപവാസികളുടെ കയ്യേറ്റത്തിനു വിധേയമായി കുറയുന്നതായി കാണാൻ കഴിയുന്നുണ്ട്. പ്രസ്തുത കുളം നികത്തി ഒരു പബ്ലിക് മാർക്കറ്റും അതിനോടനുബന്ധിച്ച് ഒരു ഷോപ്പിംഗ് കോപ്ലക്സും സ്ഥാപിച്ചാൽ പഞ്ചായത്തിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിന് ഇത് സഹായകമാകും.

പഞ്ചാത്തുകളുടെ സമഗ്ര വികസന പ്രവർത്തനങ്ങൾക്കും മനുഷ്യദ്ധ്വാനം നൽകുകയാണെങ്കിൽ പഞ്ചായത്തിന്റെ ചിലവു കുറഞ്ഞുകിട്ടും. ഇതിനായി ഗ്രാമസഭകൾ, സന്നദ്ധസംഘടനകൾ എന്നിവയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമാകേണ്ടതാണ്.

പഞ്ചായത്തിൽ നിന്നും വിദേശങ്ങളിൽ പോയി ജോലി ചെയ്യുന്നർക്ക് ദൂർത്ത് കുറയ്ക്കുകയും ലക്ഷറി ഭവനങ്ങൾ കെട്ടിപ്പൊക്കി

പണം അനാവശ്യമായി ചെലവു ചെയ്യാതെയും തങ്ങളുടെ വരുമാനത്തിന്റെ ഒരിഭാഗം പഞ്ചായത്തിന്റെ വികസനപ്രവർത്തനങ്ങൾക്കുവേണ്ടി സംഭാവന ചെയ്യുകയും ചെയ്താൽ പഞ്ചായത്തിന്റെ വരുമാനം മെച്ചപ്പെടുത്താവുന്നതാണ്.

പഞ്ചായത്തിലെ റോഡുകളുടെ അറ്റകുറ്റപ്പണികൾക്കായി പഞ്ചായത്തു മുടക്കുന്ന പണം പലപ്പോഴും ഫലപ്രാപ്തിയിലെത്തുന്നില്ല എന്ന് അനുഭവങ്ങൾ തെളിയിച്ചിട്ടുണ്ട്. മഴക്കാലങ്ങളിൽ പഞ്ചായത്തിലുള്ള മിക്ക റോഡുകളും താറുമാറാകാറുണ്ട്. ഈ റോഡുകളെല്ലാം അറ്റകുറ്റപ്പണി നടത്തി ഗതാഗതയോഗ്യമാക്കാൻ പഞ്ചായത്തിന്റെ ഫണ്ട് അപര്യാപ്തമാണ്. ആകയാൽ മെറ്റലിംഗ് ടാറിംഗ് ഒഴികെയുള്ള അറ്റകുറ്റപ്പണികൾ പൊതുജനങ്ങൾ സംഘടിച്ച് നടത്തുന്ന രീതി നടപ്പാക്കണം. പഞ്ചായത്തിൽ നിന്നും ഇതിലേക്ക് വരുന്ന ചെലവിന്റെ ഒരു ഭാഗം നൽകേണ്ടതാണ്.

ബാങ്കിംഗ് സ്ഥാപനങ്ങൾ

പള്ളിക്കൽ പഞ്ചായത്തിൽ സാമ്പത്തിക രംഗത്ത് പ്രവർത്തിക്കുന്ന സ്ഥാപനങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് പത്തനംതിട്ട കോ-ഓപ്പറേറ്റീവ് ബാങ്കിന്റെ ബ്രാഞ്ച് ആണ്. കൂടാതെ ദി പള്ളിക്കൽ സർവ്വീസ് സഹകരണ ബാങ്ക്, പഴകുളം പടിഞ്ഞാറ് സർവ്വീസ് സഹകരണ ബാങ്ക്, പെരിങ്ങനാട് സർവ്വീസ് സഹകരണബാങ്ക്, പഴകുളം സർവ്വീസ് സഹകരണബാങ്ക് എന്നിവ ഏറ്റവും പ്രധാനപ്പെട്ടവയാണ്. കൂടാതെ രജിസ്റ്റർ ചെയ്തിട്ടുള്ളതും, അല്ലാത്തതുമായ നിരവധി സ്വകാര്യ പണമിടപാട് സ്ഥാപനങ്ങൾ ഈ പഞ്ചായത്തിലുണ്ട്. ഇവ അറിയപ്പെടുന്നത് ഫൈനാൻസിയേഴ്സ് എന്ന പേരിലാണ്. ഇത്തരം സ്ഥാപനങ്ങൾ ഏതു സമയത്തും നിലച്ചുപോകാവുന്നതാണ്. ആയതിനാൽ ഇവയുടെ മേൽ കർശനമായ നിയന്ത്രണം പഞ്ചായത്തിന് ഉണ്ടായിരിക്കണം.

വികസന പ്രവർത്തനങ്ങൾക്ക് ബാങ്കിംഗ് മേഖലയിലെ നിക്ഷേപം വിനിയോഗിക്കാനുള്ള സാധ്യതകൾ കണ്ടെത്തുകയും അതിലേക്ക് സർക്കാരിന്റെ ഭാഗത്തുനിന്നും പുതിയ ആസൂത്രണ പരിപാടികൾ നടപ്പിലാക്കേണ്ടതാണ്.

❑



6

ചിത്രവിശകലനം



വടക്ക് തിരിഞ്ഞ് ← I → തെക്ക് പടിഞ്ഞാറ്.



1. പോന്നാംതടിൽ
2. മേൽമേക്കര.
3. ചെറുപുഞ്ച.
4. മാങ്കോട്, പനങ്ങാട്ടുതടം
5. പാറപ്പുറം
6. അമ്പിനാട്, അമ്പിച്ചകുഴ.
7. കുന്നാടും മുള്ള്, കൂർത്തഭാഗം
8. കൈമലക്കുന്ന് ഫോറസ്റ്റ് ഭാഗം
9. തെങ്ങുംതടം.
10. തൊട്ടുമ്പി ചെറുകുന്നം.

വടക്ക് പടിഞ്ഞാറ് ← II → തിരിഞ്ഞ് വടക്ക്



1. പുനാഴപ്പറ്റി
2. മേക്കുന്ന്
3. തൊണ്ണൂറ്റുമേട്
4. മിക്കവീട്
5. [illegible]
6. കുരുംകുടി
7. നാച്ചിക്കു.
8. പുഴക്കുഴ
9. തോലമേട്.
10. മാള
11. തിരുമുംതാര.
12. ഉദയഗിരി.

7

ഉപസംഹാരം

വികസനം എന്നത് കേവലം റോഡുകളും, കെട്ടിടങ്ങളും എന്ന നിരർത്ഥകമായ വികസന ധാരണ ഉപേക്ഷിക്കേണ്ടിയിരിക്കുന്നു. നിലവിലുള്ള വികസന സമീപനം അശാസ്ത്രീയവും ജനവിരുദ്ധവുമാണ്. ഉല്പാദക ശക്തികളെ പ്രചോദിതരാക്കാനും ആവശ്യാനുസരണം ഉല്പാദക മേഖലകളിൽ ഇടപെടാനും ഉല്പാദനത്തിന്റെ തോതിൽ വർദ്ധനവ് നേടുന്നതിനും ശക്തമായ പ്രയത്നം അത്യാവശ്യമാണ്. അഴിമതിയിൽ നിന്നും വികസന രംഗം മോചിതമാകുകയും, എല്ലാ മേഖലകളിലും ജനപങ്കാളിത്വവും ജാഗ്രതയും വളർത്തിയെടുക്കുകയും, വികസനം എന്ന പ്രക്രിയ ശക്തവും കാര്യക്ഷമവും ആക്കുക എന്നുള്ളതാണ് ഏക മാർഗ്ഗം. പ്രതിവർഷം ഓരോ പഞ്ചായത്തിനും75 ലക്ഷം രൂപയോളം 9-ാം പദ്ധതിയുടെ ഭാഗമായി ലഭിക്കുന്നു. തനതു വരുമാനം ഇതിനോടൊപ്പം വർദ്ധിക്കാൻ ശ്രമിക്കേണ്ടിയിരിക്കുന്നു. നികുതി ചോർച്ച തടയുകയും പരമാവധി തുക നികുതിയിനത്തിൽ സംഭരിക്കുകയും വേണം. സർക്കാരേതര ഏജൻസികൾക്ക് പദ്ധതികൾ സമർപ്പിച്ച് പരമാവധി തുക സംഭരിക്കണം. പരമാവധി തുക വിദേശങ്ങളിലുള്ളവരിൽ നിന്നും മുടക്കു മുതൽ സംഭാവന എന്നീ ഇനങ്ങളിൽ സ്വരൂപിക്കാൻ കഴിയണം.

വസ്തുനിഷ്ഠമായ സമീപനം പദ്ധതികൾ നടപ്പാക്കുമ്പോൾ പ്രായോഗികമാക്കണം. മുൻഗണനാക്രമത്തിലായിരിക്കണം വികസനസെമിനാറിൽ ഉരുത്തിരിഞ്ഞുവരുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കേണ്ടത്. മുൻഗണനാ ക്രമം നിശ്ചയിക്കുമ്പോൾ ജനകീയവും കാര്യക്ഷമവുമായ മാനദണ്ഡങ്ങളെ അടിസ്ഥാനമാക്കി കൊണ്ടായിരിക്കണം. ശാസ്ത്രീയമായും പ്രായോഗിക ബുദ്ധിയോടും കൂടി വേണം വിഭവങ്ങൾ കണ്ടെത്തുന്നതിലേക്കുള്ള പദ്ധതികൾ രൂപപ്പെടുത്തുവാൻ. ഈ അവസരത്തിൽ പ്രാദേശികവും, സങ്കുചിതവുമായിട്ടുള്ള യാതൊരു ചിന്താഗതിയും ഉണ്ടാവാൻ പാടില്ല. വികസനത്തിനുള്ള ഉപാധികളെ ഫലവത്തായി ഉപയോഗപ്പെടുത്തുമ്പോൾ മാത്രമേ ആസൂത്രണം അർത്ഥവത്താകുകയുള്ളു. ജനകീയാസൂത്രണം ജനങ്ങളുടെ



പ്രത്യാശകളെ ഉത്തേചിപ്പിക്കുന്ന ഒരു വിനോദമല്ല മറിച്ച് ദ്യുതഗതിയിൽ, സമയബന്ധിത ജനോപകാരപ്രദവുമായ പദ്ധതികൾ ഫലപ്രദമായി നടത്താൻ സമൂഹത്തിന് ലഭ്യമായിട്ടുള്ള ഏറ്റവും നല്ല ആയുധമാണ് ജനകീയാസൂത്രണം. കാർഷികോല്പാദനം വർദ്ധിപ്പിക്കുക തൊഴിലില്ലായ്മ പരിഹരിക്കുക നിലവിലുള്ള സേവനമേഖലകളുടെ ഗുണനിലവാരം ഉറപ്പു വരുത്തുകയും മെച്ചപ്പെട്ടതാക്കുകയും ചെയ്യുക. ഇക്കാര്യങ്ങളിൽ ശ്രദ്ധ കൊടുത്തു കൊണ്ടാകട്ടെ 9-ാം പദ്ധതിക്കാലത്തെ സാമൂഹ്യ മുദ്രവാക്യം. പച്ചക്കറി, മത്സ്യം, മാംസ്യം, കോഴിമുട്ട, ക്ഷീരോല്പന്നങ്ങൾ എന്നിവയുടെ കാര്യത്തിലെങ്കിലും നമുക്ക് സ്വയം പര്യപ്തത നേടിയെടുക്കാം. ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത്, സംസ്ഥാന ഗവണ്മെന്റ് നടപ്പാക്കേണ്ട ചില പദ്ധതികൾ വികസന സെമിനാറിലൂടെ ഉരുതിരിഞ്ഞു വരാം. അവ നേടിയെടുക്കുന്നതിനും ലക്ഷ്യ പ്രാപ്തി കൈവരിക്കുന്നതിനും സമ്മർദ്ദം ചെലുത്തുകയും ഒറ്റ മനസ്സോടും കൂട്ടായ്മയോടും കൂടി പരിശ്രമിക്കാം. ഇതിനായി ഇത്തരുണത്തിൽ ഒന്നിച്ച് പ്രതിജ്ഞ എടുക്കുകയും ചെയ്യാം.

ആസൂത്രണ പ്രവർത്തനങ്ങളിൽ പങ്കാളികളായ എല്ലാ ജനങ്ങളോടും ഞങ്ങൾക്കുള്ള സ്നേഹാദരങ്ങൾ അറിയിക്കുകയാണ്. സാമൂഹ്യനന്മക്കായി എളിയ ഒരു പങ്ക് നിർവ്വഹിച്ചതായി ഓരോരുത്തർക്കും അഭിമാനിക്കാം. സ്നേഹവും, പരസ്പര സഹായവും, സേവന സന്നദ്ധതയും ശക്തമാക്കുവാൻ ഈ പ്രസ്ഥാനത്തിന് കഴിയും എന്നതിൽ തർക്കമില്ല. ഈ വികസന രേഖ തയ്യാറാക്കുന്ന വിശ്രമരഹിതമായ പ്രവർത്തനങ്ങളിൽ അമരക്കാരായി വർത്തിച്ച പള്ളിക്കൽ ഗ്രാമപഞ്ചായത്തിലെ എല്ലാ നല്ലവരായ ആൾക്കാർക്കും പഞ്ചായത്തിന്റെ പ്രത്യേകമായ കൃതജ്ഞത അർപ്പിക്കുന്നു.

സമീപകാലത്തു തന്നെ മഹത്തായ ഈ പ്രതീക്ഷകൾ നമുക്ക് നിറവേറ്റാൻ കഴിയുമെന്ന പ്രത്യാശയോടെ ഈ 'സമഗ്രവികസന രേഖ' പള്ളിക്കൽ ഗ്രാമ പഞ്ചായത്ത് വികസന സെമിനാറിനു മുൻപാകെ സമർപ്പിക്കുന്നു. ചർച്ചകളിലൂടെയും വിശകലനങ്ങളിലൂടെയും ഇത് സമ്പുഷ്ടമാക്കുക. എല്ലാവിധ സഹായ സഹകരണങ്ങൾക്കും ഒരിക്കൽ കൂടി നന്ദി രേഖപ്പെടുത്തുന്നു.

സ്നേഹപൂർവ്വം,

കെ.ബി. സുശീല

പള്ളിക്കൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്

വി

മായ വ
രിക്കുന
അശ്രാന
ദക ശ
ശ്യാനു
പെടാ
നവ് ഭ
അത്യാ
സന രം
ലകളിൽ
വളർത്
പ്രക്രിയ
എന്നുള
ഓരോ
9-ാം ഗ
തനതു
ക്കാൻ
ചോർച്ച
തിയിന
സർക്കാ

പഴകുളം സോഷ്യൽ സർവ്വീസ് സൊസൈറ്റി - പാസ്സ്

പഴകുളം. പി.ഒ., അടൂർ, പത്തനംതിട്ട - 691 527

ഫോൺ - 0473 422262, 424372

ഫാക്സ് - 0091 473 423491

- ❑ **മതേതര സന്നദ്ധ സംഘടന.**
- ❑ വികേന്ദ്രികൃത ജനകീയ ആസൂത്രണ പരിപാടികൾ നടപ്പിലാക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായി ചേർന്നുള്ള വികസന പ്രവർത്തനങ്ങൾ.
- ❑ **പിന്നോക്ക വിഭാഗങ്ങളുടെ സാമൂഹ്യ സാമ്പത്തിക വികസന പ്രവർത്തനങ്ങൾ** - കൃഷി, മൃഗസംരക്ഷണം, പുകയില്ലാത്ത അടുപ്പ്, പരിശീലനങ്ങൾ, മണ്ണ്-ജല സംരക്ഷണ പദ്ധതികൾ, കുടിവെള്ളം, ഗ്രാമീണ പാർപ്പിട പരിപാടികൾ, സാനിട്ടേഷൻ പരിപാടികൾ, സ്വയംതൊഴിൽ പരിശീലന പദ്ധതികൾ.
- ❑ **അഗ്രിക്കൾച്ചർ നെഴ്സറി** - തെങ്ങിൻ തൈകൾ, കമുകിൻ തൈകൾ, ഒട്ടുമാവ്, ഒട്ടുപ്ലാവ്, ഗ്രാമ്പൂ, ജാതി, സർവ്വസുഗന്ധി, തേക്ക് സ്റ്റംപ്, മുതലായവ - ആന്തൂറിയം, ഓർക്കിഡ്, റോസ് മുതലായ പൂച്ചെടികൾ, എല്ലാവിധ ഔഷധ സസ്യങ്ങളും വാഴവിത്തുകൾ, പച്ചക്കറി വിത്തുകൾ, കൂൺ വിത്തുകൾ കൂടാതെ എല്ലാവിധ ഫലവൃക്ഷ തൈകളും വിതരണം ചെയ്യുന്നു.
- ❑ **പൗൾട്രി ഫാം**

  മുട്ടക്കോഴികളായ ഗിരിരാജാ, ആസ്ട്രോലോപ്പ്, ആസ്ട്രോവൈറ്റ്, റോഡോവൈറ്റ് (ഒരു ദിവസം പ്രായമായതും, വളർന്നതും) കൂടാതെ വിവിധയിനം ബ്രോയിലേഴ്സ് (ഒരു ദിവസം പ്രായമായതും വളർന്നതും) വിതരണം ചെയ്യുന്നു.

പ്രസിഡന്റ്